# ഹാശാ ആഴ്ചയിലെ ഏവൻഗേലിയോൻ വായനകൾ

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വേദവായനക്കുറിപ്പ് നവീകരിച്ചപ്പോൾ, അതോടൊപ്പം വായനപ്പടി ഏവൻഗേലിയോൻപുസ്തകവും പുതുതായി പ്രസിദ്ധീകരിച്ചല്ലോ. സുറിയാനി വേദപുസ്തകമായ 'പ്ശീത്തോ' അനുസരിച്ചുള്ള പാഠങ്ങളാണ് അതിൽ നൽകിയിരുന്നത്. അതിൽ സുറിയാനി ഉച്ചാരണമനുസരിച്ചുള്ള പേരുകളും, പ്രയോഗങ്ങളും മറ്റും കടന്നുകൂടിയതിനാൽ, വായനയ്ക്ക് ശരിയായ ഒഴുക്കു ലഭിക്കുന്നില്ല എന്ന് പലരും പരാതിപ്പെട്ടിരുന്നു. ഏറ്റവും കൂടുതൽ വിമർശനമുണ്ടായത് കഷ്ടാനുഭവാഴ്ചയിലെ, പ്രത്യേകിച്ച് ദുഃഖവെള്ളിയാഴ്ചത്തെ, വായനകളെക്കുറിച്ചാണ്. പുരാതനമായ റ്റേഷ്യന്റെ ''ഡിയാറ്റെസറോൺ' (Harmony Gospel) മാതൃകയിൽ, നാലു സുവിശേഷങ്ങളെയും കൂട്ടിച്ചേർത്തുകൊണ്ടുള്ള വായനകളാണ് ദുഃഖവെള്ളിയാഴ്ച ക്രമീകരിച്ചിരുന്നത്. എന്നാൽ അതോടൊപ്പംതന്നെ വായനപ്പടി ഏവൻഗേലിയോൻ പുസ്തകത്തിന്റെ സഹായം കൂടാതെ ദുഃഖവെള്ളിയാഴ്ചവായനകൾ നടത്തുവാൻ സാധിക്കുംവിധം മറ്റൊരു വായനാ ക്രമീകരണംകൂടി സഭയിൽ നിലനിന്നിരുന്നു. ഈ രണ്ടാമതു പറഞ്ഞ രീതിയാണ് ഇപ്രാവശ്യത്തെവായനപ്പടി ഏവൻഗേലിയോനിൽ നൽകിയിരുന്നത്. നാലു സുവിശേഷങ്ങളും ഇടകലർത്തുന്നതിനു പകരം നാലിൽ നിന്നുമുള്ള വായനകൾ വേർതിരിഞ്ഞു നിൽക്കുന്ന രീതിയാണതിലുള്ളത്. അതു തിരുത്തപ്പെടണം എന്ന ആവശ്യം ശക്തമായിത്തന്നെ ഉണ്ടായി.

ഏതാണ്ട് ഒരു വർഷം മുമ്പ് പ്രസിദ്ധീകരിച്ച വായനപ്പടി ഏവൻഗേലിയോൻ പുനഃപരിശോധിക്കുന്നതിന്റെ ആദ്യസംരംഭമായി ഹാശാ ആഴ്ചയിലെ വായനകൾ നവീകരിച്ച് ഇതോടൊപ്പം തത്ക്കാലത്തെ ആവശ്യത്തിനായി പ്രസിദ്ധീകരിക്കുന്നു. ദുഃഖവെള്ളിയാഴ്ചത്തെ വായനകൾ, സഭയിൽ ഉപയോഗിച്ചുകൊണ്ടിരുന്ന പുരാതനമായ വായനപ്പടി ഏവൻഗേലിയോനിൽ നിന്ന് എടുത്തിട്ടുള്ളതാണ്. പരിശുദ്ധ പരുമല തിരുമേനിയുടെ കൈകളാൽ എഴുതപ്പെട്ട ഒരു സുറിയാനിപുസ്തകത്തിലെ വായനാഭാഗങ്ങൾ എടുത്താണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. രാത്രിനമസ്കാരത്തിലെ ഒന്നും രണ്ടും കൗമാകളുടെ ഏവൻഗേലിയോൻ ഏതാണ്ട് ''ഡിയാറ്റെസറോണി'ലേതുതന്നെയാണ്. ഇവിടെ സ്വീകരിച്ചിരിക്കുന്ന അടിസ്ഥാനപാഠം ''പ്ശീത്തോ' വേദപുസ്തകത്തിലേതാണ്. എന്നാൽ ആരാധനയിൽ ഉപയോഗിക്കുമ്പോൾ വായനയ്ക്ക് ശരിയായ ഒഴുക്കും, കേൾവിക്കാർക്ക് മനസ്സിലാക്കാനുള്ള എളുപ്പവും കണക്കിലെടുത്ത് എഡിറ്റിംഗ് നടത്തിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് ഇതു പ്രിന്റ് എടുത്ത് ഈ പ്രാവശ്യംതന്നെ ഉപയോഗിക്കാവുന്നതാണ്.

**ഫാ. ജോൺസ് എബ്രഹാം കോനാട്ട്**

# ഹാശായുടെ തിങ്കൾ

## സന്ധ്യ

### വി. ലൂക്കോസ് 19:41–20:8

*ഹാ- ഹാ- പീഡനമേല്പാൻ ഞാൻ വന്നു*
*വേദനയെന്നെയനിശം നേരിട്ടു. ഹാ-*

അനന്തരം യേശു (യരുശലേം)പട്ടണത്തോട് സമീപിച്ച് അതിനെ നോക്കിക്കൊണ്ട് അതിനെക്കുറിച്ചു കരഞ്ഞ് ഇപ്രകാരം പറഞ്ഞു: 'ഈ ദിവസമെങ്കിലും നിന്റെ സമാധാനത്തിനുള്ള സംഗതികൾ നീ അറിഞ്ഞെങ്കിൽ കൊള്ളാമായിരുന്നു. അവ ഇപ്പോൾ നിന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കുന്നു. നിന്റെ സന്ദർശനകാലം നീ അറിയാഞ്ഞതുകൊണ്ട് ശത്രുക്കൾ നിന്നെ വളയുകയും എല്ലായിടത്തുനിന്നും ഞെരുക്കുകയും നിന്നെയും, നിന്റെ ഉള്ളിൽ വച്ചുതന്നെ നിന്റെ മക്കളെയും നിശേഷം നശിപ്പിക്കുകയും 'കല്ലിന്മേൽ കല്ല്' നിന്നിൽ ശേഷിപ്പിക്കാതിരിക്കയും ചെയ്യുന്ന കാലം നിനക്കുണ്ടാകും.' പിന്നെ അവൻ ദേവാലയത്തിൽ പ്രവേശിച്ചിട്ട് അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കുവാൻ തുടങ്ങി. 'എന്റെ ഭവനം പ്രാർത്ഥനാഭവനമാകുന്നു' എന്ന് എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ 'കള്ളന്മാരുടെ ഗുഹയാക്കി' തീർത്തു എന്ന് അവൻ അവരോടു പറകയും ചെയ്തു. അവൻ നിത്യവും ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും ജനങ്ങളുടെ കാശീശന്മാരും അവനെ നിഗ്രഹിക്കുവാൻ ആഗ്രഹിച്ചു. ജനങ്ങളെല്ലാം അവന്റെ വചനം കേൾപ്പാൻ ശ്രദ്ധിച്ചിരിക്കയാൽ അവനോട് പ്രവർത്തിക്കേണ്ടതെന്തെന്ന് നിർണ്ണയിപ്പാൻ അവർക്കു കഴിഞ്ഞില്ല.

പിന്നെ ഒരു ദിവസം അവൻ ദേവാലയത്തിൽവച്ചു ജനങ്ങളെ പഠിപ്പിക്കയും പ്രസംഗിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും കാശീശന്മാരോടു കൂടി അവനെതിരായി നിന്ന് 'നീ ഏതധികാരത്താൽ ഇവ പ്രവർത്തിക്കുന്നു? ഈ അധികാരം നിനക്കു തന്നതാർ? ഞങ്ങളോടു പറയുക' എന്ന് പറഞ്ഞു. യേശു അവരോട് 'ഞാനും നിങ്ങളോട് ഒരു കാര്യം ചോദിക്കാം. എന്നോട് ഉത്തരം പറവിൻ. യോഹന്നാന്റെ മാമോദീസാ സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ' എന്ന് ചോദിച്ചു. അവരോ സ്വയം ആലോചിച്ച് പരസ്പരം പറഞ്ഞു: 'സ്വർഗ്ഗത്തിൽ നിന്ന് എന്ന് നാം പറഞ്ഞാൽ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞത് എന്തുകൊണ്ടെന്ന് ഇവൻ നമ്മോടു ചോദിക്കും. മനുഷ്യരിൽ നിന്ന് എന്ന് പറഞ്ഞാൽ ജനങ്ങളെല്ലാം നമ്മെ കല്ലെറിയും. എന്തുകൊണ്ടെന്നാൽ യോഹന്നാൻ ഒരു പ്രവാചകനാണെന്ന് അവർ സമ്മതിച്ചിരിക്കുന്നു.' പിന്നെ അവർ അവനോട് 'എവിടെ നിന്നാണെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ' എന്ന് പറഞ്ഞു. യേശു അവരോട് 'ഏതധികാരത്താൽ ഇവ പ്രവർത്തിക്കുന്നുവെന്ന് ഞാനും നിങ്ങളോടു പറയുന്നില്ല' എന്ന് പറഞ്ഞു.

## രാത്രി ഒന്നാം കൗമാ

### വി. മർക്കോസ് 12:1 + വി. മത്തായി 21:33–46

*ഹാ- ഹാ- കയ്പേറിയതാണവരുടെ മുന്തിരിയിൻ കായ്*
*ആ മുന്തിരിയിൻ കുലകൾക്കും കയ്പേറും, ഹാ-*

അനന്തരം യേശു ഉപമകളായി ഇപ്രകാരം അവരോടു പറവാൻ തുടങ്ങി..

ഒരു വീട്ടുടമസ്ഥനുണ്ടായിരുന്നു. അവൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി; അതിനു

ചുറ്റും വേലികെട്ടി; അതിൽ ഒരു ചക്കു കുഴിച്ചിട്ട് ഒരു ഗോപുരവും പണിതു. അനന്തരം അത് കൃഷിക്കാരെ ഏല്പിച്ചിട്ട് അയാൾ ദൂരദേശത്തേക്കു പോയി. എന്നാൽ വിളവെടുപ്പു കാലമായപ്പോൾ തന്റെ മുന്തിരിത്തോട്ടത്തിലെ ഫലങ്ങളിൽ നിന്ന് തന്റെ ഓഹരി വാങ്ങുവാൻ ദാസന്മാരെ കൃഷിക്കാരുടെ അടുക്കലയച്ചു. കൃഷിക്കാർ ആ ദാസന്മാരെ പിടിച്ച് ചിലരെ അടിക്കയും ചിലരെ കല്ലെറിയുകയും ചിലരെ കൊല്ലുകയും ചെയ്തു. പിന്നെയും അവൻ മുമ്പിലത്തെക്കാളധികം മറ്റു ദാസന്മാരെ അയച്ചു. അങ്ങനെതന്നെ അവരോടും അവർ പ്രവർത്തിച്ചു. എന്നാൽ ഒടുവിൽ അവൻ 'എന്റെ പുത്രനെ പക്ഷേ അവർ ആദരിച്ചേക്കാം' എന്ന് പറഞ്ഞുകൊണ്ട് തന്റെ പുത്രനെ അവരുടെ അടുക്കലേക്കയച്ചു. എന്നാൽ കൃഷിക്കാർ പുത്രനെ കണ്ടപ്പോൾ, 'ഇവൻ അവകാശിയാകുന്നു. വരുവിൻ, നമുക്ക് ഇവനെ കൊന്ന് ഇവന്റെ അവകാശം കൈക്കലാക്കാം' എന്ന് തമ്മിൽ പറഞ്ഞ് അവനെ പിടിച്ചു മുന്തിരിത്തോട്ടത്തിൽ നിന്ന് പുറത്തുകൊണ്ടുപോയി കൊന്നുകളഞ്ഞു. 'മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ വരുമ്പോൾ ആ കൃഷിക്കാരെ എന്തു ചെയ്യും?' 'അവരെ അവൻ കഠിനമാംവിധം നശിപ്പിക്കയും തക്ക കാലങ്ങളിൽ അവനു ഫലങ്ങൾ കൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏല്പിക്കയും ചെയ്യും' എന്ന് അവർ അവനോടു മറുപടി പറഞ്ഞു. യേശു അവരോടു പറഞ്ഞു: 'പണിക്കാർ തള്ളിക്കളഞ്ഞ കല്ല് പ്രധാന മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിങ്കൽ നിന്നുണ്ടായി. നമ്മുടെ കണ്ണുകൾക്ക് അത് അദ്ഭുതമാകുന്നു' എന്ന് ഒരിക്കലും നിങ്ങൾ പുസ്തകത്തിൽ വായിച്ചിട്ടില്ലയോ? അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു; ദൈവരാജ്യം നിങ്ങളിൽ നിന്നെടുത്ത് ഫലമുണ്ടാക്കുന്ന ജനത്തിനു കൊടുക്കും. ഈ കല്ലിന്മേൽ വീഴുന്നവൻ നുറുങ്ങിപ്പോകും. ഇത് ആരുടെയെങ്കിലും മേൽ വീണാൽ അവനെ ധൂളിയാക്കുകയും ചെയ്യും.' പ്രധാനാചാര്യന്മാരും പരീശന്മാരും ആ ഉപമകൾ കേട്ടിട്ട് അവൻ തങ്ങളെക്കുറിച്ചാണു പറഞ്ഞതെന്നറിഞ്ഞ് അവനെ പിടിപ്പാൻ ആഗ്രഹിച്ചു. പുരുഷാരം ഒരു പ്രവാചകനായി അവനെ ഗണിച്ചിരുന്നതിനാൽ അവർ ഭയപ്പെടുകയും ചെയ്തു.

## തിങ്കൾ രാത്രി രണ്ടാം കൗമാ

**വി. ലൂക്കോസ് 14:12-24**

*ഹാ- ഹാ- കയ്പേറിയതാണവരുടെ മുന്തിരിയിൻ കായ്*

*ആ മുന്തിരിയിൻ കുലകൾക്കും കയ്പേറും. ഹാ-*

പിന്നെ യേശു തന്നെ ക്ഷണിച്ചവനോട് പറഞ്ഞു: 'നീ ഒരു സദ്യയോ അത്താഴവിരുന്നോ കഴിക്കുമ്പോൾ നിന്റെ സ്നേഹിതന്മാരെയും, സഹോദരന്മാർ, ചാർച്ചക്കാർ എന്നിവരെയും, ധനവാന്മാരായ അയല്ക്കാരെയും ക്ഷണിക്കരുത്. അങ്ങനെ ചെയ്താൽ അവരും നിന്നെ ക്ഷണിക്കയും അതു നിനക്കു പ്രത്യുപകാരമായി തീരുകയും ചെയ്യും. അതുകൊണ്ട് നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രർ, അംഗഹീനർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. പ്രത്യുപകാരം ചെയ്വാൻ അവർക്കു വകയില്ലാത്തതിനാൽ നീ ഭാഗ്യവാനായിരിക്കും. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ലഭിക്കും.' എന്നാൽ ഭക്ഷണത്തിനിരുന്നവരിലൊരുവൻ ഇതു കേട്ട് അവനോട് 'ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാനാകുന്നു' എന്ന് പറഞ്ഞു. യേശു അവനോട് ഇപ്രകാരം പറഞ്ഞു: 'ഒരു മനുഷ്യൻ വലിയ വിരുന്നൊരുക്കി പലരെയും ക്ഷണിച്ചു. വിരുന്നുസമയമായപ്പോൾ അവൻ 'ഇതാ സകലവും ഒരുങ്ങിയിരിക്കുന്നു' വരുവിൻ' എന്ന് ക്ഷണിക്കപ്പെട്ടവരോട് പറയുവാൻ ദാസനെ അയച്ചു. എല്ലാവരും ഒരുപോലെ ഒഴികഴിവു പറഞ്ഞുതുടങ്ങി.

ഒന്നാമൻ അവനോട് 'ഞാൻ ഒരു നിലം വാങ്ങി; അതുപോയി നോക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഞാൻ പിന്മാറുന്നതിൽ ക്ഷമിക്കണമെന്നപേക്ഷ' എന്ന് പറഞ്ഞു. മറ്റൊരുവൻ 'ഞാൻ അഞ്ചേർ കാള വാങ്ങി. അവയെ പരിശോധിപ്പാൻ പോകുന്നു. ഞാൻ പിന്മാറുന്നതിൽ ക്ഷമിക്കണമെന്നപേക്ഷ' എന്ന് പറഞ്ഞു. വേറൊരുവൻ 'ഞാൻ ഒരു സ്ത്രീയെ വിവാഹം കഴിച്ചിരിക്കുന്നു. അതുകൊണ്ട് വരുവാൻ എനിക്കു നിവൃത്തിയില്ല' എന്ന് പറഞ്ഞു. ആ ദാസൻ മടങ്ങിച്ചെന്ന് ആ വിവരങ്ങൾ യജമാനനോടു പറഞ്ഞു. അപ്പോൾ വീട്ടുടമസ്ഥൻ കോപിച്ച് ദാസനോട് 'നീ വേഗം പട്ടണത്തിലെ തെരുവീഥികളിലും ഇടവഴികളിലും ചെന്ന് ദരിദ്രന്മാരെയും ദീനന്മാരെയും മുടന്തന്മാരെയും കുരുടന്മാരെയും ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരിക' എന്ന് പറഞ്ഞു. അനന്തരം ആ ദാസൻ 'യജമാനനേ! കല്പിച്ചപ്രകാരം ചെയ്തുകഴിഞ്ഞു. ഇനിയും സ്ഥലമുണ്ട് ' എന്ന് പറഞ്ഞു. അപ്പോൾ യജമാനൻ ദാസനോട് 'നീ വഴികളിലും വേലിയിറമ്പുകളിലും ചെന്ന് എന്റെ ഭവനം നിറയത്തക്കവിധം വന്നുചേരുവാൻ ആളുകളെ നിർബ്ബന്ധിക്കുക' എന്ന് പറഞ്ഞു. ഞാൻ നിങ്ങളോടു പറയുന്നു: 'ക്ഷണിക്കപ്പെട്ട ആ ആളുകളിലൊരുവനും എന്റെ വിരുന്ന് അനുഭവിക്കയില്ല.'

## വാദെ ദൽമീനൊ

**വി. മത്തായി 25:1-13**

*ഹാ- ഹാ- ഞാൻ പൂകി കർത്തനെ വന്ദിപ്പാൻ*
*നീതിയതിൻ വാതിലെനിക്കു തുറന്നേകിൻ. ഹാ-*

സ്വർഗ്ഗരാജ്യം മണവാളന്റെയും മണവാട്ടിയുടെയും എതിരേല്പിനായി ദീപയഷ്ടികൾ എടുത്തുകൊണ്ട് പുറപ്പെട്ടവരായ പത്തു കന്യകമാർക്കു സദൃശമാകുന്നു. അവരിൽ അഞ്ചു പേർ ബുദ്ധിമതികളും അഞ്ചു പേർ ബുദ്ധിഹീനകളും ആയിരുന്നു. ബുദ്ധിഹീനകൾ തങ്ങളുടെ ദീപയഷ്ടികൾ എടുത്തു. എണ്ണ കൂടെ എടുത്തില്ല. ആ ബുദ്ധിമതികളാകട്ടെ തങ്ങളുടെ ദീപയഷ്ടികളോടുകൂടെ പാത്രങ്ങളിൽ എണ്ണയും എടുത്തു. മണവാളൻ താമസിച്ചതുകൊണ്ട് അവർ എല്ലാവരും മന്ദിച്ചുറങ്ങി. അർദ്ധരാത്രിക്ക് 'ഇതാ മണവാളൻ വരുന്നു; അവന്റെ എതിരേല്പിനു പുറപ്പെടുവിൻ' എന്ന് വിളിച്ചുപറയുകയുണ്ടായി. അപ്പോൾ ആ കന്യകമാർ എല്ലാവരും എഴുന്നേറ്റ് തങ്ങളുടെ ദീപയഷ്ടികൾ തെളിയിച്ചു. ആ ബുദ്ധിഹീനകൾ ബുദ്ധിമതികളോട്: 'ഇതാ ഞങ്ങളുടെ ദീപയഷ്ടികൾ കെട്ടു പോയതുകൊണ്ട് നിങ്ങളുടെ എണ്ണയിൽ നിന്ന് കുറെ ഞങ്ങൾക്കും തരിക' എന്ന് പറഞ്ഞു. ആ ബുദ്ധിമതികൾ മറുപടിയായി 'ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വന്നേക്കാം; നിങ്ങൾ കച്ചവടക്കാരുടെ അടുക്കൽ പോയി വാങ്ങുവിൻ' എന്ന് പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളവൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടി വിരുന്നുശാലയിൽ പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. ഒടുക്കം ആ മറ്റേ കന്യകമാരും വന്ന് 'പ്രഭോ! പ്രഭോ! ഞങ്ങൾക്കും വാതിൽ തുറന്നുതരണമേ' എന്ന് പറഞ്ഞു. അവൻ ഉത്തരമായി അവരോട് 'നിങ്ങളെ ഞാൻ അറിയുന്നില്ല എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു' എന്ന് പറഞ്ഞു. അതുകൊണ്ട് ആ ദിവസവും ആ സമയവും നിങ്ങൾക്കറിഞ്ഞുകൂടാത്തതിനാൽ ജാഗ്രതയായിരിപ്പിൻ.

# തിങ്കൾ രാത്രി മൂന്നാം കൗമാ

### വി. മത്തായി 22:1-14

*ഹാ- ഹാ- കയ്പേറിയതാണവരുടെ മുന്തിരിയിൻ കായ്*
*ആ മുന്തിരിയിൻ കുലകൾക്കും കയ്പേറും. ഹാ-*

പിന്നെയും യേശു ഉപമകളായി ഇപ്രകാരം പറഞ്ഞു. സ്വർഗ്ഗരാജ്യം സ്വന്തപുത്രനു വേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനു സദൃശമാകുന്നു. അവൻ കല്യാണത്തിനു ക്ഷണിക്കപ്പെട്ടവരെ വിളിപ്പാനായി ദാസന്മാരെ അയച്ചു. വരുവാൻ അവർ ഇഷ്ടപ്പെട്ടില്ല. 'ഇതാ സദ്യ തയ്യാറായിരിക്കുന്നു. കാളകളെയും പുഷ്ടിയുള്ള മൃഗങ്ങളെയും കൊന്നിരിക്കുന്നു. സകലവും തയ്യാറായിരിക്കുന്നു. വിരുന്നിനു വരുവിൻ എന്ന് ക്ഷണിക്കപ്പെട്ടവരോടു പറവിൻ' എന്ന് പറഞ്ഞ് അവൻ വീണ്ടും ദാസന്മാരെ അയച്ചു. എന്നിട്ടും കൂട്ടാക്കാതെ അവരിൽ ചിലർ തങ്ങളുടെ വയലുകളിലേക്കും മറ്റു ചിലർ തങ്ങളുടെ വ്യാപാരങ്ങൾക്കായും പൊയ്ക്കളഞ്ഞു. ശേഷം പേർ അവന്റെ ദാസന്മാരെ പിടിച്ച് അപമാനിക്കയും കൊല്ലുകയും ചെയ്തു. രാജാവോ അതു കേട്ടപ്പോൾ കോപിച്ച് സ്വന്തസൈന്യങ്ങളെ അയച്ച് ആ ഘാതകന്മാരെ നശിപ്പിക്കയും അവരുടെ പട്ടണത്തെ ദഹിപ്പിച്ചുകളകയും ചെയ്തു. പിന്നെ അവൻ തന്റെ ദാസന്മാരോട് 'വിരുന്ന് ഒരുക്കിയിരിക്കുന്നു. ക്ഷണിക്കപ്പെട്ടവർ യോഗ്യന്മാരായിരുന്നില്ല. അതുകൊണ്ട് വഴികളുടെ കവലകളിൽ ചെന്ന് കണ്ടെത്തുന്നവരെ എല്ലാം വിരുന്നിനു ക്ഷണിപ്പിൻ' എന്ന് പറഞ്ഞു. ആ ദാസന്മാർ വഴികളിലേക്കു ചെന്ന് ദുഷ്ടന്മാരും നല്ലവരുമായി കണ്ടെത്തിയവരെയെല്ലാം കൂട്ടിക്കൊണ്ടു വന്നു. കല്യാണശാല വിരുന്നുകാരെക്കൊണ്ട് നിറഞ്ഞു. രാജാവ് വിരുന്നുകാരെ കാണ്മാനായി ചെന്നു. അവിടെ കല്യാണവസ്ത്രങ്ങൾ ധരിച്ചിട്ടില്ലാത്ത ഒരു മനുഷ്യനെ കണ്ട് അവനോട് 'എന്റെ ചങ്ങാതീ! നീ കല്യാണവസ്ത്രങ്ങൾ ഇല്ലാതെ ഇവിടെ പ്രവേശിച്ചതെന്ത്' എന്ന് ചോദിച്ചു. അവൻ മിണ്ടാതിരുന്നു. അപ്പോൾ രാജാവ് ഭൃത്യന്മാരോടു പറഞ്ഞു. 'അവന്റെ കൈകളും കാലുകളും കെട്ടി പുറത്ത് അന്ധകാരത്തിലേക്കു തള്ളിക്കളവിൻ, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.' എന്തെന്നാൽ വിളിക്കപ്പെട്ടവർ വളരെയും തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കവുമാകുന്നു.'

## പ്രഭാതം

### വി. മത്തായി 21:23-32 + 17:10-13

*ഹാ- ഹാ- കയ്പേറിയതാണവരുടെ മുന്തിരിയിൻ കായ്*
*ആ മുന്തിരിയിൻ കുലകൾക്കും കയ്പേറും. ഹാ-*

പിന്നെ യേശു ദേവാലയത്തിൽ ചെന്ന് പഠിപ്പിച്ചുകൊണ്ടിരിക്കേ പ്രധാനാചാര്യന്മാരും ജനത്തിന്റെ കാശീശന്മാരും അവന്റെ അടുക്കൽ ചെന്ന് 'നീ ഏത് അധികാരത്താൽ ഇവ പ്രവർത്തിക്കുന്നു. ഈ അധികാരം നിനക്കു തന്നതാര്' എന്ന് ചോദിച്ചു. യേശു ഉത്തരമായി അവരോട് ഇപ്രകാരം പറഞ്ഞു: 'ഞാനും നിങ്ങളോട് ഒരു കാര്യം ചോദിക്കാം. നിങ്ങൾ എന്നോട് ഉത്തരം പറഞ്ഞാൽ, ഏതധികാരത്താലാണ് ഇവ പ്രവർത്തിക്കുന്നതെന്ന് ഞാനും പറയാം. യോഹന്നാന്റെ മാമോദീസാ എവിടെ നിന്നാണുണ്ടായത്? സ്വർഗ്ഗത്തിൽ നിന്നോ? മനുഷ്യരിൽ നിന്നോ? അവർ ആലോചിച്ച് അന്യോന്യം പറഞ്ഞു: 'സ്വർഗ്ഗത്തിൽ നിന്ന് എന്ന് നാം പറഞ്ഞാൽ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞത് എന്തുകൊണ്ടെന്ന് ഇവൻ നമ്മോടു ചോദിക്കും. മനുഷ്യരിൽനിന്നെന്നു പറഞ്ഞാൽ നാം പുരുഷാരത്തെ ഭയപ്പെടേണ്ടിയിരിക്കുന്നു.' എന്തെന്നാൽ എല്ലാവരും യോഹന്നാനെ പ്രവാചകനാ

യി കരുതിയിരിക്കുന്നു. പിന്നെ അവർ അവനോട് 'ഞങ്ങൾക്കറിഞ്ഞുകൂടാ' എന്നുത്തരം പറഞ്ഞു. യേശു അവരോടു പറഞ്ഞു: 'ഏതധികാരത്താൽ ഇവ പ്രവർത്തിക്കുന്നുവെന്ന് ഞാനും നിങ്ങളോടു പറയുന്നില്ല. നിങ്ങൾക്കെന്തു തോന്നുന്നു? ഒരു മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവൻ ഒന്നാമന്റെ അടുക്കൽ ചെന്ന് അവനോട് 'എന്റെ മകനേ! ഇന്നു നീ പോയി മുന്തിരിത്തോട്ടത്തിൽ വേല ചെയ്ക' എന്ന് പറഞ്ഞു. അപ്പോൾ അവൻ 'എനിക്കു മനസ്സില്ല' എന്ന് ഉത്തരം പറഞ്ഞു. എങ്കിലും ഒടുക്കം അവൻ പശ്ചാത്തപിക്കയും പോകുകയും ചെയ്തു. അവൻ മറ്റവന്റെ അടുക്കൽ ചെന്ന് അങ്ങനെതന്നെ അവനോടും പറഞ്ഞു. അപ്പോൾ അവൻ ഉത്തരമായി 'അപ്പാ! ഞാൻ പോകാം' എന്ന് പറഞ്ഞു. പോയതുമില്ല. ഇവർ രണ്ടു പേരിൽ തന്റെ പിതാവിന്റെ ഇഷ്ടം പ്രവർത്തിച്ചത് ആരാകുന്നു? അവർ അവനോട് 'ഒന്നാമൻ' എന്ന് പറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'ചുങ്കക്കാരും വേശ്യാസ്ത്രീകളും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിലേക്കു പോകുമെന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. എന്തുകൊണ്ടെന്നാൽ യോഹന്നാൻ നീതിമാർഗ്ഗത്തിൽ നിങ്ങളുടെ അടുക്കൽ വന്നു. നിങ്ങൾ അവനെ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യാസ്ത്രീകളും അവനെ വിശ്വസിച്ചു. നിങ്ങൾ അതു കണ്ടിട്ടും അവനെ വിശ്വസിപ്പാൻ തക്കവിധം ഒടുവിൽപോലും പശ്ചാത്തപിച്ചതുമില്ല.

ശിഷ്യന്മാർ അവനോട് 'ഏലിയാ ആദ്യമേ വരേണ്ടതാണെന്ന് വേദപണ്ഡിതന്മാർ പറയുന്നതെന്ത്' എന്ന് ചോദിച്ചു. യേശു ഉത്തരമായി പറഞ്ഞു; 'സകലവും നിവർത്തിപ്പാൻ ഏലിയാ ആദ്യമേ വരേണ്ടതാകുന്നു. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ഇതാ ഏലിയാ വന്നു. അവനെ അവർ അറിഞ്ഞില്ല. അവർക്കു ബോധിച്ചതെല്ലാം അവനോടു പ്രവർത്തിച്ചു. അങ്ങനെതന്നെ മനുഷ്യപുത്രനും അവരിൽ നിന്ന് കഷ്ടതയനുഭവിപ്പാൻ പോകുന്നു.' അവൻ പറഞ്ഞത് യോഹന്നാൻ സ്നാപകനെക്കുറിച്ചാണെന്ന് അപ്പോൾ ശിഷ്യന്മാർ മനസ്സിലാക്കി.

## തിങ്കൾ മൂന്നാം മണി

**വി. മത്തായി 19:1-12 + വി. ലൂക്കോസ് 9:43-45**

*ഹാ- ഹാ- ഭൂനാഥനുമധിപതികളുമെഴുന്നേറ്റു*
*ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാ-*

ഈ വചനങ്ങൾ സംസാരിച്ചു കഴിഞ്ഞ ശേഷം യേശു ഗ്ലീലായിൽ നിന്ന് യാത്ര പുറപ്പെട്ടു. യോർദാന്റെ മറുകരയിൽ യീഹൂദിന്റെ അതിർത്തിയിൽ എത്തി. ജനസമൂഹങ്ങൾ അവനെ അനുഗമിച്ചു. അവിടെ വച്ച് അവരെ അവൻ സുഖപ്പെടുത്തി. അനന്തരം പരീക്ഷാർത്ഥം പരീശന്മാർ അവന്റെ അടുക്കൽ ചെന്ന് 'ഏതൊരു കാരണത്താലെങ്കിലും ഒരുവനു തന്റെ ഭാര്യയെ പിരിച്ചുവിടുവാൻ ന്യായമുണ്ടോ എന്ന് ചോദിച്ചു. അവൻ അവരോട് ഉത്തരം പറഞ്ഞു. 'ആദിയിൽ സൃഷ്ടികർത്താവ് ആണും പെണ്ണുമായി മനുഷ്യരെ സൃഷ്ടിച്ചുവെന്നും ആയതുകൊണ്ട് പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ടു ഭാര്യയോടു ചേർന്നിരിക്കയും അവർ ഇരുവരും ഒരു ശരീരമായി തീരുകയും ചെയ്യുമെന്ന് അവൻ പറഞ്ഞുവെന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? ആകയാൽ അവർ രണ്ടല്ല, ഒരു ശരീരമാകുന്നു. അതുകൊണ്ട് ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്.' അവർ അവനോട് 'അങ്ങനെയെങ്കിൽ മോചനപത്രം കൊടുത്ത് അവളെ പിരിച്ചുവിടുവാൻ മോശ കല്പിച്ചിരിക്കുന്നതെന്തുകൊണ്ട്' എന്ന് ചോദിച്ചു. അവൻ അവരോടു പറഞ്ഞു: 'മോശ നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം ഭാര്യമാരെ പിരിച്ചുവിടുവാൻ നിങ്ങളെ അനു

വദിച്ചു. എന്നാൽ ആദിയിൽ അങ്ങനെയായിരുന്നില്ല. ഞാൻ നിങ്ങളോടു പറയുന്നു. വ്യഭിചാരകുറ്റംകൊണ്ടല്ലാതെ സ്വന്തഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ പരിഗ്രഹിക്കുന്നവൻ ചെയ്യുന്നതു വ്യഭിചാരമാണ്. ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവൻ ചെയ്യുന്നതും വ്യഭിചാരം തന്നെ.' അവന്റെ ശിഷ്യന്മാർ അവനോട് 'ഭാര്യഭർത്താക്കന്മാരുടെ പരസ്പര സ്ഥിതി ഈ വിധം കുറ്റകരമെങ്കിൽ വിവാഹം ചെയ്യുന്നതു നല്ലതല്ലല്ലോ എന്ന് പറഞ്ഞു. അവൻ പറഞ്ഞു: വരം ലഭിച്ചവനല്ലാതെ എല്ലാവനും ഈ വചനത്തിനു ശക്തനല്ല. എന്തുകൊണ്ടെന്നാൽ തങ്ങളുടെ മാതാവിന്റെ ഉദരത്തിൽ നിന്ന്തന്നെ ഷണ്ഡന്മാരായി ജനിച്ചിട്ടുള്ള ഷണ്ഡന്മാരുണ്ട്. മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ടിട്ടുള്ള ഷണ്ഡന്മാരും ഉണ്ട്. സ്വർഗ്ഗരാജ്യം നിമിത്തമായി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിത്തീർത്തിട്ടുള്ള ഷണ്ഡന്മാരുമുണ്ട്. ശക്തനാകുവാൻ കഴിയുന്നവൻ ശക്തനാകട്ടെ.'

എല്ലാവരും ദൈവത്തിന്റെ മഹിമയെക്കുറിച്ച് അത്ഭുതപ്പെട്ടു. യേശു പ്രവർത്തിക്കുന്നതിലൊക്കെയും എല്ലാവരും അത്ഭുതപ്പെട്ടുകൊണ്ടിരുന്നപ്പോൾ അവൻ ശിഷ്യന്മാരോട് 'ഈ വാക്കുകൾ നിങ്ങൾ ശ്രദ്ധിച്ചുകൊൾവിൻ. മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുവാനിരിക്കുന്നു' എന്ന് പറഞ്ഞു. ഈ വചനം അവർ ഗ്രഹിച്ചില്ല; എന്തെന്നാൽ അവർക്കു തിരിച്ചറിയാതെവണ്ണം അത് സ്പഷ്ടമല്ലായിരുന്നു. എങ്കിലും അതിനെക്കുറിച്ച് അവനോടു ചോദിപ്പാൻ അവർ ഭയപ്പെടുകയും ചെയ്തു.

## തിങ്കൾ ഉച്ച

**വി. മത്തായി 22:41–23:12**

*ഹാ- ഹാ- ഭൂനാഥനുമധിപതികളുമെഴുന്നേറ്റു*
*ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാ-*

അനന്തരം പരീശന്മാർ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ യേശു അവരോട് 'മിശിഹായെക്കുറിച്ച് നിങ്ങൾ എന്തു പറയുന്നു; അവൻ ആരുടെ പുത്രനാണ് എന്ന് ചോദിച്ചു. അവർ അവനോട് 'ദാവീദിന്റെപുത്രൻ' എന്ന് പറഞ്ഞു. അവൻ അവരോട് ഇപ്രകാരം പറഞ്ഞു: 'ദാവീദ് ആത്മാവു മൂലം അവനെ കർത്താവെന്ന് വിളിക്കുന്നതെങ്ങിനെ? എന്തുകൊണ്ടെന്നാൽ 'നിന്റെശത്രുക്കളെഞാൻനിന്റെപാദപീഠമാക്കുവോളംനീഎന്റെവലതുഭാഗത്തിരിക്ക എന്ന് കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു' എന്ന് അവൻ പറഞ്ഞിട്ടുണ്ടല്ലോ. ദാവീദ് അവനെ കർത്താവെന്ന് വിളിക്കുന്നു എങ്കിൽ മശിഹാ അവന്റെ പുത്രനാകുന്നതെങ്ങനെ?' അതിന് ഉത്തരം കൊടുപ്പാൻ ആർക്കും കഴിഞ്ഞില്ല. ആ ദിവസം മുതൽ അവനോടു ചോദ്യം ചെയ്വാൻ പിന്നെ ആരും തുനിഞ്ഞതുമില്ല.

അനന്തരം യേശു പുരുഷാരങ്ങളോടും തന്റെ ശിഷ്യന്മാരോടും ഇപ്രകാരം പറഞ്ഞു: 'വേദപണ്ഡിതന്മാരും പരീശന്മാരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആചരിക്കണമെന്ന് അവർ നിങ്ങളോടു പറയുന്ന സകലവും നിങ്ങൾ ആചരിപ്പിൻ. എന്നാൽ അവർ പ്രവർത്തിക്കുന്നതു പോലെ നിങ്ങൾ പ്രവർത്തിക്കരുത്. എന്തെന്നാൽ അവർ പറയുന്നതേയുള്ളു. പ്രവർത്തിക്കുന്നില്ല. അവർ ഭാരമേറിയ ചുമടുകൾ മനുഷ്യരുടെ ചുമലുകളിൽ കെട്ടിവയ്ക്കുന്നു. അവർക്കോ തങ്ങളുടെ വിരലുകൊണ്ട്പോലും അവയെ തൊടുവാൻ മനസ്സുമില്ല. അവർ തങ്ങളുടെ സകല പ്രവൃത്തികളും മനുഷ്യർ കാണുവാനായി ചെയ്യുന്നു. തങ്ങളുടെ നെറ്റിപ്പട്ടകൾക്ക് വീതി കൂട്ടുകയും കുപ്പായങ്ങളുടെ തൊങ്ങലുകൾക്ക് നീളം കൂട്ടുകയും ചെയ്യുന്നു. അവർ വിരുന്നുശാലകളിൽ മുഖ്യസ്ഥാനവും സംഘാലയങ്ങളിൽ മുഖ്യാസനവും തെരുവുകളിൽ വന്ദനവും മനുഷ്യരിൽ നിന്നുള്ള

'റബീ'വിളിയും ആഗ്രഹിക്കുന്നു. നിങ്ങളോ റബീ എന്ന് വിളിക്കപ്പെടരുത്. എന്തെന്നാൽ നിങ്ങളുടെ റബി ഏകനാകുന്നു. നിങ്ങൾ എല്ലാവരും സഹോദരന്മാരാണ്. ഭൂമിയിൽ നിങ്ങൾ പിതാവെന്ന് ഒരുവനെയും വിളിക്കരുത്. എന്തെന്നാൽ സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ ഏകനേ നിങ്ങൾക്കു പിതാവായുള്ളൂ. നിങ്ങൾ ഭരണകർത്താക്കൾ എന്ന് വിളിക്കപ്പെടരുത്. എന്തെന്നാൽ മിശിഹായെന്ന ഒരു ഭരണകർത്താവേ നിങ്ങൾക്കുള്ളൂ. നിങ്ങളിൽ പ്രധാനി നിങ്ങൾക്കു ശുശ്രൂഷകനായിരിക്കണം. എന്തെന്നാൽ തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും.

## തിങ്കൾ ഒമ്പതാം മണി

### വി. മത്തായി 23:13-39

*ഹാ- ഹാ- ഭൂനാഥനുമധിപതികളുമെഴുന്നേറ്റു*
*ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാ-*

കപടഭക്തന്മാരായ വേദപണ്ഡിതന്മാരേ! പരീശന്മാരേ! ഹാ കഷ്ടം! നിങ്ങൾ സ്വന്തം പ്രാർത്ഥനകൾ ദീർഘിപ്പിച്ചുകൊണ്ട് വിധവകളുടെ ഭവനങ്ങളെ ഭക്ഷിച്ചുകളയുന്നു. അതുകൊണ്ട് നിങ്ങൾക്ക് അധികമായി ശിക്ഷാവിധി ഉണ്ടാകും. കപടഭക്തരായ വേദപണ്ഡിതന്മാരേ! പരീശന്മാരേ! ഹാ! കഷ്ടം! നിങ്ങൾ മനുഷ്യരുടെ മുമ്പാകെ സ്വർഗ്ഗരാജ്യത്തെ അടച്ചിരിക്കുന്നു. നിങ്ങൾ പ്രവേശിക്കുന്നില്ല; പ്രവേശിക്കുന്നവരെ അതിനു സമ്മതിക്കുന്നുമില്ല. കപടഭക്തരായ വേദപണ്ഡിതന്മാരേ! പരീശന്മാരെ ഹാ! കഷ്ടം! എന്തെന്നാൽ നിങ്ങൾ ഒരുവനെ നിങ്ങളുടെ മതത്തിൽ ചേർക്കുവാൻ വേണ്ടി കടലും കരയും ചുറ്റി സഞ്ചരിക്കുന്നു. അങ്ങനെയായ ശേഷം അവനെ നിങ്ങൾ നരകത്തിന് അർഹനാക്കിത്തീർക്കുകയും ചെയ്യുന്നു. ഇരട്ടി ശിക്ഷ നിങ്ങളുടെ മേൽ വരികയും ചെയ്യും. അന്ധരായ മാർഗ്ഗദർശികളേ! ഹാ! കഷ്ടം! ആരെങ്കിലും ദേവാലയത്തെക്കൊണ്ട് ആണയിട്ടാൽ ഒന്നുമില്ലെന്നും ദേവാലയത്തിലുള്ള പൊന്നിനെക്കൊണ്ട് ആണയിട്ടാൽ അവൻ കുറ്റക്കാരനാണെന്നും നിങ്ങൾ പറയുന്നു. മൂഢന്മാരേ! കുരുടന്മാരേ! ഏതാണ് വലിയത്? സ്വർണ്ണമോ സ്വർണ്ണത്തെ ശുദ്ധീകരിക്കുന്ന ദേവാലയമോ? ആരെങ്കിലും ബലിപീഠത്തെക്കൊണ്ട് ആണയിട്ടാൽ ഒന്നുമില്ലെന്നും എന്നാൽ അതിന്മേലുള്ള വഴിപാടു വസ്തുവിനെക്കൊണ്ട് ആണയിട്ടാൽ അവൻ കുറ്റക്കാരനാണെന്നും നിങ്ങൾ പറയുന്നു. മൂഢന്മാരേ! കുരുടന്മാരേ! ഏതാണു വലിയത്? വഴിപാടുവസ്തുവോ വഴിപാടു വസ്തുവിനെ ശുദ്ധീകരിക്കുന്ന ബലിപീഠമോ? ആകയാൽ ആരെങ്കിലും ബലിപീഠത്തെക്കൊണ്ട് ആണയിട്ടാൽ അവൻ അതിനെക്കൊണ്ടും അതിന്മേലുള്ള സകലത്തെക്കൊണ്ടും ആണയിട്ടതായിത്തീരുന്നു. ദേവാലയത്തെക്കൊണ്ട് ആരെങ്കിലും ആണയിട്ടാൽ അവൻ അതിനെക്കൊണ്ടും അതിൽ വസിക്കുന്നവനെക്കൊണ്ടും ആണയിട്ടതായിത്തീരുന്നു. ആരെങ്കിലും സ്വർഗ്ഗത്തെക്കൊണ്ട് ആണയിട്ടാൽ അവൻ ദൈവസിംഹാസനത്തെക്കൊണ്ടും അതിന്മേൽ സ്ഥിതിചെയ്യുന്നവനെക്കൊണ്ടും ആണയിട്ടതായിത്തീരുന്നു. കപടഭക്തരായ വേദപണ്ഡിതന്മാരേ! പരീശന്മാരേ! ഹാ! കഷ്ടം! നിങ്ങൾ ചതകുപ്പയിലും ജീരകത്തിലും ദശാംശം കൊടുക്കുന്നു. ന്യായപ്രമാണത്തിലെ ഗൗരവമേറിയ സംഗതികളായ ന്യായം, കരുണ, വിശ്വാസം എന്നിവയെ അവഗണിക്കുകയും ചെയ്യുന്നു. ഇവയെ നിങ്ങൾ അനുഷ്ഠിക്കയും അവയെ ത്യജിക്കാതിരിക്കയും ചെയ്യേണ്ടതായിരുന്നു. നിങ്ങൾ ഈച്ചകളെ അരിച്ച് ഒട്ടകങ്ങളെ വിഴുങ്ങുന്ന കുരുടന്മാരായ വഴികാട്ടികളാകുന്നു. കപടഭക്തരായ വേദപണ്ഡിതന്മാരേ! പരീശന്മാരേ! ഹാ! കഷ്ടം! എന്തെന്നാൽ നിങ്ങൾ പാനപാത്രത്തിന്റെ

യും ഭക്ഷണപാത്രത്തിന്റെയും പുറം വെടിപ്പാക്കുന്നു. അകമോ അപഹാരവും അന്യായവും കൊണ്ട് നിറഞ്ഞിരിക്കുന്നു. അന്ധരായ പരീശന്മാരേ! നിങ്ങൾ ആദ്യമേ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും അകം വെടിപ്പാക്കുവിൻ. അപ്പോൾ അവയുടെ പുറവും വെടിപ്പായിക്കഴിഞ്ഞു. കപടഭക്തരായ വേദപണ്ഡിതന്മാരേ! പരീശന്മാരേ! ഹാ! കഷ്ടം! നിങ്ങൾ വെള്ള തേച്ച ശവകുടീരങ്ങൾക്കു തുല്യരാകുന്നു. അവ പുറമേ ഭംഗിയുള്ളതായി കാണപ്പെടുന്നു. അകമേയോ മരിച്ചവരുടെ അസ്ഥികളും സകല മ്ലേഛതകളും കൊണ്ട് നിറഞ്ഞുമിരിക്കുന്നു. അങ്ങനെതന്നെ നിങ്ങളും, പുറമേ നീതിമാന്മാരെപ്പോലെ മനുഷ്യരാൽ കാണപ്പെടുന്നു. അകമോ അന്യായവും കപടതയുംകൊണ്ട് നിറഞ്ഞുമിരിക്കുന്നു. കപടഭക്തരായ വേദപണ്ഡിതന്മാരേ! പരീശന്മാരേ! ഹാ! കഷ്ടം! നിങ്ങൾ പ്രവാചകന്മാരുടെ ശവകുടീരങ്ങളെ നന്നാക്കി പണിയുകയും നീതിമാന്മാരുടെ ശവകുടീരങ്ങളെ അലങ്കരിക്കയും 'ഞങ്ങളുടെ പിതാക്കന്മാരുടെ കാലത്ത് ഞങ്ങളുണ്ടായിരുന്നെങ്കിൽ ദീർഘദർശിമാരുടെ രക്തത്തിനു ഞങ്ങൾ പങ്കാളികളാകുമായിരുന്നില്ല' എന്ന് പറയുകയും ചെയ്യുന്നു. ഇങ്ങനെ നിങ്ങൾ ദീർഘദർശിമാരെ കൊന്നവരുടെ സന്തതികളാണെന്നതിനു നിങ്ങൾ തന്നെ സാക്ഷ്യം വഹിക്കുന്നു. നിങ്ങളുടെ പിതാക്കന്മാരുടെ അളവിൽ കുറവുള്ളതു നിങ്ങൾ തികയ്ക്കുവിൻ. സർപ്പങ്ങളേ! സർപ്പസന്തതികളേ! നരകശിക്ഷയിൽ നിന്ന് ഓടിപ്പോകുവാൻ നിങ്ങൾക്ക് എങ്ങനെ കഴിയും. ഇതാ ദീർഘദർശിമാരെയും ജ്ഞാനികളെയും വേദപണ്ഡിതന്മാരെയും ഞാൻ നിങ്ങളുടെ അടുക്കലേക്കയയ്ക്കുന്നു. അവരിൽ ചിലരെ നിങ്ങൾ കൊല്ലുകയും, ചിലരെ കുരിശിൽ തറയ്ക്കയും, ചിലരെ സംഘാലയങ്ങളിൽ വച്ച് അടിക്കയും ഒരു പട്ടണത്തിൽ നിന്ന് മറ്റൊരു പട്ടണത്തിലേക്ക് ഓടിക്കയും ചെയ്യും. അതു പുണ്യവാനായ ഹാബേലിന്റെ രക്തം മുതൽ ദേവാലയത്തിനും ബലിപീഠത്തിനും മദ്ധ്യേ വച്ച് നിങ്ങൾ വധിച്ച ബ്രഖ്യായുടെ പുത്രനായ സ്കറിയായുടെ രക്തം വരെ, ഭൂമിയിൽ ചൊരിയപ്പെട്ടിട്ടുള്ള പുണ്യവാന്മാരുടെ സർവ്വ രക്തവും നിങ്ങളുടെ മേൽ പതിക്കുവാനായിട്ടാകുന്നു. ഇവ മുഴുവൻ ഈ തലമുറയെ ബാധിക്കുമെന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ദീർഘദർശിമാരെ കൊല്ലുന്നതും തന്റെ അടുക്കലേക്ക് അയച്ചവരെ കല്ലെറിയുന്നതുമായ ഊർശ്ലേമേ! ഊർശ്ലേമേ! പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകുകളുടെ കീഴിൽ ചേർക്കുന്നതുപോലെ നിന്റെ കുഞ്ഞുങ്ങളെ ചേർക്കുവാൻ എത്ര പ്രാവശ്യം ഞാൻ ആഗ്രഹിച്ചു. നിങ്ങൾ സമ്മതിച്ചില്ല. ഇതാ നിങ്ങളുടെ ഭവനം ശൂന്യമാകുംവിധം ത്യജിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇതു മുതൽ നിങ്ങൾ 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു' എന്ന് പറയുന്നതു വരെ എന്നെ കാണുകയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു.

## ഹാശായുടെ ചൊവ്വ

### സന്ധ്യ

**വി. മത്തായി 22:15–33**

*ഹാ- ഹാ- ആ ജനതതി തൻ വചനം വ്യാജം*
*അവരുടെ മാനസചിന്തകളെല്ലാം തിന്മ. ഹാ-*

അനന്തരം പരീശന്മാർ പോയി യേശുവിനെ വചനത്തിൽ കുടുക്കേണ്ടതെങ്ങനെയെന്ന് ആലോചിച്ചു. അവർ ഹേറോദേസ് പക്ഷക്കാരോടു കൂടെ സ്വന്തശിഷ്യന്മാരെ അവന്റെ അടുക്കലേക്ക് അയച്ചു. അവർ അവനോട് ഇപ്രകാരം പറഞ്ഞു: 'ഗുരോ! നീ സത്യവാനാകുന്നുവെന്നും, ദൈവമാർഗ്ഗത്തെ നീ സത്യമായി പഠിപ്പിക്കുന്നുവെന്നും, മനുഷ്യരോടു

പക്ഷഭേദമില്ലാത്തവനാകയാൽ നീ ഒരുവന്റെയും ഇഷ്ടം നോക്കുന്നവനല്ലെന്നും ഞങ്ങൾക്കറിയാം. കേസറിനു തലവരി കൊടുക്കുന്നത് വിഹിതമോ അല്ലയോ? നിനക്ക് എന്തു തോന്നുന്നുവെന്ന് ഞങ്ങളോടു പറയുക.' യേശു അവരുടെ ദുഷ്ടത അറിഞ്ഞിട്ട് 'കപടഭക്തരേ! നിങ്ങൾ എന്തിന് എന്നെ പരീക്ഷിക്കുന്നു. തലവരിക്കുള്ള ഒരു ദിനാർ എന്നെ കാണിപ്പിൻ' എന്ന് പറഞ്ഞു. അവർ ഒരു ദിനാർ അവന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവരോട് 'ഈ സ്വരൂപവും എഴുത്തും ആരുടേത്' എന്ന് ചോദിച്ചു. അവർ 'കേസറിന്റേത്' എന്ന് പറഞ്ഞു. 'അങ്ങനെയെങ്കിൽ കേസറിന്റേത് കേസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുപ്പിൻ' എന്ന് പറഞ്ഞു. അതു കേട്ട് അവർ അത്ഭുതപ്പെട്ട് അവനെ വിട്ട് പോകയും ചെയ്തു. അന്നുതന്നെ മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെന്നു പറയുന്ന സാദൂക്യർ അടുത്തു ചെന്ന് അവനോട് ഇപ്രകാരം ചോദിച്ചു. 'ഗുരോ! ഒരുവൻ മക്കളില്ലാതെ മരിച്ചുപോയാൽ അവന്റെ ഭാര്യയെ അവന്റെ സഹോദരൻ വിവാഹം ചെയ്ത് സഹോദരനു വേണ്ടി സന്തതിയെ നിലനിർത്തണമെന്ന് മോശ പറഞ്ഞിട്ടുണ്ടല്ലോ. ഞങ്ങളുടെ ഇടയിൽ ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു. ഒന്നാമൻ വിവാഹം കഴിഞ്ഞിട്ടു മരിച്ചുപോയി. അവനു മക്കളില്ലാതിരുന്നതിനാൽ തന്റെ ഭാര്യയെ സഹോദരനായിട്ടു ശേഷിപ്പിച്ചു. രണ്ടാമനും മൂന്നാമനും ഏഴാമൻ വരെയും അപ്രകാരം സംഭവിച്ചു. എല്ലാവർക്കും ഒടുവിൽ ആ സ്ത്രീയും മരിച്ചു. ആകയാൽ അവർ എല്ലാവരും അവളെ വിവാഹം ചെയ്തിരിക്കകൊണ്ട് പുനരുത്ഥാനത്തിൽ അവൾ ഈ ഏഴു പേരിൽ ആരുടെ ഭാര്യയായിരിക്കും?' യേശു അവരോട് ഉത്തരമായി ഇപ്രകാരം പറഞ്ഞു. 'തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയാത്തതിനാൽ നിങ്ങൾക്കു തെറ്റു പറ്റുന്നു. എന്തെന്നാൽ മരിച്ചവർ ഉത്ഥാനം ചെയ്യുമ്പോൾ അവർ വിവാഹം ചെയ്യാറില്ല. സ്ത്രീകളെ പുരുഷന്മാർക്കു വിവാഹം ചെയ്തു കൊടുക്കാറുമില്ല. പിന്നെയോ അവർ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ മാലാഖമാരെപ്പോലെയാകുന്നു. മരിച്ചവരുടെ ഉത്ഥാനത്തെക്കുറിച്ച് നിങ്ങളോടു ദൈവം പറഞ്ഞിട്ടുള്ളതു നിങ്ങൾ വായിച്ചിട്ടില്ലയോ? അതെന്തന്നാൽ: 'ഞാൻ അബ്രാഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കൂബിന്റെ ദൈവവും ആകുന്നു എന്ന് പറഞ്ഞിരിക്കുന്നു. ദൈവമോ മരിച്ചവരുടെയല്ല, ജീവനുള്ളവരുടെയാകുന്നു.' അത് കേട്ടപ്പോൾ പുരുഷാരം ആ ഉപദേശത്തെക്കുറിച്ച് വിസ്മയിച്ചു.

## ചൊവ്വ രാത്രി ഒന്നാം കൗമാ

**വി. മത്തായി 12:38–45 + വി. ലൂക്കോസ് 22:2 + 11:53–54**

*ഹാ- ഹാ- വായ്കളെയവർ സ്വർഗ്ഗത്തിൽ വച്ചു*
*നാവുകളൂഴിയിലൂടാടി. ഹാ-*

അപ്പോൾ വേദപണ്ഡിതന്മാരിലും പരീശന്മാരിലും നിന്ന് ചിലർ അവനോട് 'ഗുരോ! നിന്നിൽനിന്ന് ഒരടയാളം കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ അവൻ അവരോട് ഉത്തരം പറഞ്ഞു: 'ദോഷവും വ്യഭിചാരവുമുള്ള വംശം അടയാളം അന്വേഷിക്കുന്നു യൌനാൻദീർഘദർശിയുടെ അടയാളമല്ലാതെ മറ്റ് അടയാളം അതിനു ലഭിക്കുകയില്ല. അതായത് യൌനാൻ മൂന്നു പകലും മൂന്നു രാവും മത്സ്യത്തിന്റെ വയറ്റിൽ ഇരുന്നതുപോലെ തന്നെ മനുഷ്യപുത്രൻ ഭൂമിയുടെ ഉള്ളിൽ മൂന്നു പകലും മൂന്നു രാവും ഇരിക്കും. നിനുവക്കാർ ന്യായവിധിയിൽ ഈ വംശത്തോടുകൂടി എഴുന്നേറ്റ് ഇതിനെ കുറ്റപ്പെടുത്തും. അവർ യൌനാന്റെ പ്രസംഗംകൊണ്ട് അനുതപിച്ചുവല്ലോ. യൌനാനെക്കാളും വലിയവൻ ഇതാ ഇവിടെയുണ്ട്. തെക്കേദേശത്തെ രാജ്ഞി

ന്യായവിധിയിൽ ഈ വംശത്തോടുകൂടെ എഴുന്നേറ്റ് ഇതിനെ കുറ്റപ്പെടുത്തും. അവൾ ശ്ലേമൂന്റെ ജ്ഞാനവചനങ്ങൾ കേൾപ്പാൻ ഭൂമിയുടെ അതിരുകളിൽ നിന്ന് വന്നുവല്ലോ. ഇതാ ശ്ലേമൂനെക്കാൾ വലിയവൻ ഇവിടെയുണ്ട്. അശുദ്ധാത്മാവ് ഒരു മനുഷ്യനിൽനിന്ന് പുറപ്പെടുമ്പോൾ വെള്ളമില്ലാത്ത സ്ഥലങ്ങളിൽ ചുറ്റി സഞ്ചരിച്ച് ആശ്വാസം അന്വേഷി ക്കുന്നു. കണ്ടെത്തുന്നില്ല. അപ്പോൾ അത് ഞാൻ പുറപ്പെട്ട എന്റെ ഭവനത്തിലേക്കുതന്നെ തിരിച്ചു ചെല്ലാമെന്ന് നിശ്ചയിക്കയും, തിരിച്ചു വന്നിട്ട് ആ ഭവനം ഒഴിഞ്ഞും അടിച്ചു വാരി അലങ്കരിക്കപ്പെട്ടും ഇരിക്കുന്നതായി കാണുകയും ചെയ്യുന്നു. പിന്നെ അതു പോയി തന്നെക്കാൾ ദുഷ്ടതയുള്ള മറ്റ് ഏഴാത്മാക്കളെ കൂട്ടിക്കൊണ്ടു വരുന്നു. അനന്തരം അവ പ്രവേശിച്ച് അവനിൽ ആവസിക്കയും അങ്ങനെ ആ മനുഷ്യന്റെ അവസാനം ആദ്യത്തേ തിനെക്കാൾ കഷ്ടതരമായി തീരുകയും ചെയ്യുന്നു. ഈ ദുഷ്ടവംശത്തിനും ഇപ്രകാരം സംഭവിക്കും.

പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും അവനെ എങ്ങനെയാണ് വധിക്കേണ്ട തെന്ന് ആരാഞ്ഞു. പക്ഷെ അവർ ജനങ്ങളെ ഭയപ്പെട്ടിരുന്നു.

അവൻ ഈ കാര്യങ്ങൾ അവരോടു പറഞ്ഞുകൊണ്ടിരുന്നപ്പോൾ വേദപണ്ഡിതന്മാരും പരീശന്മാരും നീരസപ്പെട്ടു കോപിക്കയും അവന്റെ വാക്കിൽ കുടുക്കുവാൻ നോക്കുകയും ചെയ്തു. ദോഷാരോപണം ചെയ്‌വാൻ തക്കവിധം അവന്റെ വാക്കിൽ നിന്ന് വല്ലതും പിടികൂടാമെന്നാശിച്ച് പല തരത്തിലും വഞ്ചനയായി പെരുമാറി.

## ചൊവ്വ രാത്രി രണ്ടാം കൗമാ

**വി. യോഹന്നാൻ 2:12–25 + 3:13–21**

*ഹാ- ഹാ- വായ്കളെയവർ സ്വർഗ്ഗത്തിൽ വച്ചു*
*നാവുകളൂഴിയിലൂടാടി. ഹാ-*

അതിന്റെ ശേഷം യേശു തന്റെ മാതാവിനോടും സഹോദരന്മാരോടും ശിഷ്യന്മാരോ ടും കൂടി കപർനാഹൂമിലേക്കു പോയി; കുറച്ചുനാൾ അവിടെ താമസിച്ചു. യീഹൂദന്മാരുടെ പെസഹാ സമീപിച്ചിരുന്നു. യേശു ഊർശ്ലേമിലേക്കു പോയി. അവൻ ദേവാലയത്തിൽ, മാടുകളെയും ആടുകളെയും പ്രാവുകളെയും വിൽക്കുന്നവരും നാണയംമാറ്റക്കാരും ഇരി ക്കുന്നതു കണ്ടിട്ട് കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി ആടുകളെയും മാടുകളെയും നാണയം മാറ്റക്കാരെയുമെല്ലാം ദേവാലയത്തിൽ നിന്ന് പുറത്തിറക്കി. നാണയങ്ങളെ ചിന്തു കയും മേശകളെ തട്ടി മറിക്കയും ചെയ്തു. അനന്തരം അവൻ പ്രാവുകളെ വിൽക്കുന്ന വരോട് 'നിങ്ങൾ ഇവയെ ഇവിടെ നിന്നെടുത്തുകൊണ്ടുപോകുവിൻ; എന്റെ പിതാവിന്റെ ഭവനത്തെ വ്യാപാരശാലയാക്കരുത്' എന്ന് പറഞ്ഞു. അപ്പോൾ അവന്റെ ശിഷ്യന്മാർ 'നിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു' എന്ന് എഴുതിയി രിക്കുന്നതോർത്തു. എന്നാൽ യഹൂദന്മാർ അവനോട് 'ഇവ പ്രവർത്തിപ്പാൻ നിനക്കധി കാരം ഉണ്ടെന്നതിന് എന്തടയാളം കാണിച്ചുതരും' എന്ന് ചോദിച്ചു. യേശു അവരോട് 'നിങ്ങൾ ഈ ദേവാലയം പൊളിക്കുവിൻ. മൂന്നു ദിവസംകൊണ്ട് ഞാൻ അതിനെ പ ണിയാം' എന്ന് പറഞ്ഞു. യീഹൂദന്മാർ അവനോട് 'ഈ ദേവാലയം നാല്പത്താറു സംവത്സരംകൊണ്ട് പണിതതാണ്. നീ അതിനെ മൂന്നു ദിവസം കൊണ്ട് പണി യുമോ' എന്ന് ചോദിച്ചു. അവനോ സ്വന്തശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ് പറ ഞ്ഞത്. അവൻ ഇതു പറഞ്ഞിരുന്നുവെന്ന് അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് പുനരു ത്ഥാനം ചെയ്തതിനു ശേഷം അവന്റെ ശിഷ്യന്മാർ ഓർത്ത് തിരുവെഴുത്തുകളും യേശു

പറഞ്ഞ വചനവും വിശ്വസിച്ചു. പെസഹാപെരുന്നാളിന് യേശു ഊർശ്ലേമിലായിരുന്നു. അപ്പോൾ അവൻ പ്രവർത്തിച്ച അത്ഭുതങ്ങൾ കണ്ട് പലരും അവനിൽ വിശ്വസിച്ചു. യേശുവോ അവരെ വിശ്വസിച്ചില്ല; എന്തെന്നാൽ അവന് എല്ലാവരെയും അറിയാമായിരുന്നു. ഏതൊരു മനുഷ്യനെക്കുറിച്ചും മറ്റാരുടെയും സാക്ഷ്യം അവനാവശ്യമുണ്ടായിരുന്നില്ല; എന്തെന്നാൽ മനുഷ്യന്റെ ഉള്ളിലുള്ളതെന്തെന്ന് അവനറിയാമായിരുന്നു.

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയവനായ, സ്വർഗ്ഗസ്ഥനായ മനുഷ്യപുത്രനല്ലാതെ മറ്റൊരുവനും സ്വർഗ്ഗത്തിലേക്കു കയറിയിട്ടില്ല. മോശ മരുഭൂമിയിൽ എങ്ങനെ സർപ്പത്തെ ഉയർത്തി നാട്ടിയോ അങ്ങനെതന്നെ മനുഷ്യപുത്രനും, തന്നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ലഭിക്കുവാൻ വേണ്ടി, ഉയർത്തി നാട്ടപ്പെടേണ്ടിയിരിക്കുന്നു. എന്തെന്നാൽ ദൈവം തന്റെ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരുവനും, നശിച്ചുപോകാതെ നിത്യജീവൻ ലഭിക്കുവാൻ വേണ്ടി അവനെ തന്നെ കൊടുപ്പാൻ തക്കവിധം അത്രയ്ക്കു ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ന്യായം വിധിപ്പാനായല്ല; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവൻ ശിക്ഷാവിധി ഏല്ക്കയില്ല. വിശ്വസിക്കാത്തവൻ ദൈവത്തിന്റെ ഏകപുത്രന്റെ നാമത്തിൽ വിശ്വസിക്കാഞ്ഞതുകൊണ്ട് പണ്ടേതന്നെ വിധിക്കപ്പെട്ടിരിക്കുന്നു. ശിക്ഷാവിധി ഇതാകുന്നു. പ്രകാശം ലോകത്തിലേക്കു വന്നു. മനുഷ്യർ പ്രകാശത്തെക്കാളധികം അന്ധകാരത്തെ സ്നേഹിച്ചു. എന്തെന്നാൽ അവരുടെ പ്രവൃത്തികൾ ദോഷകരങ്ങളായിരുന്നു. അനീതികൾ പ്രവർത്തിക്കുന്ന ഏവനും പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ ആക്ഷേപിക്കപ്പെടാതിരിപ്പാൻ വേണ്ടി അവൻ പ്രകാശത്തിലേക്കു വരുന്നില്ല. സത്യം ആചരിക്കുന്നവനോ തന്റെ പ്രവൃത്തികൾ ദൈവം നടത്തുന്നവയെന്ന് വെളിപ്പെടുവാനായി പ്രകാശത്തിലേക്കു വരുന്നു.'

## ചൊവ്വ രാത്രി മൂന്നാം കൗമാ

### വി. യോഹന്നാൻ 5:30–6:4

*ഹാ- ഹാ- വായ്കളെയവർ സ്വർഗ്ഗത്തിൽ വച്ചു*
*നാവുകളൂഴിയിലൂടാടി. ഹാ-*

എനിക്കു സ്വയമായി ഒന്നും ചെയ്‌വാൻ കഴിയുകയില്ല. പിന്നെയോ ഞാൻ കേൾക്കുന്ന പ്രകാരം വിധിക്കുന്നു. ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്യുവാനാഗ്രഹിക്കുന്നത്. അതുകൊണ്ട് എന്റെ വിധി നീതിയുള്ളതാകുന്നു. ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യപ്പെടുത്തിയാൽ എന്റെ സാക്ഷ്യം സത്യമാകയില്ല. എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നത് മറ്റൊരുവനാകുന്നു. അവൻ എന്നെ കുറിച്ച് പറയുന്ന സാക്ഷ്യം സത്യമാണെന്ന് ഞാൻ അറിയുകയും ചെയ്യുന്നു. നിങ്ങൾ യോഹന്നാന്റെ അടുക്കലേക്ക് ആളയച്ചു. അവൻ സത്യത്തിന് സാക്ഷ്യം നല്കി. എന്നാൽ ഞാൻ മനുഷ്യനിൽ നിന്നുള്ള സാക്ഷ്യം അംഗീകരിക്കുന്നില്ല. നിങ്ങൾ രക്ഷ പ്രാപിക്കുവാനായിട്ടാണ് ഞാൻ ഇവ പറയുന്നത്. അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു. നിങ്ങൾ അല്പസമയത്തേക്ക് അവന്റെ പ്രകാശത്തിൽ സന്തോഷിപ്പാൻ ഇച്ഛിച്ചു. എന്നാൽ എനിക്കു യോഹന്നാന്റെ സാക്ഷ്യത്തെക്കാൾ ശ്രേഷ്ഠമായിട്ടുള്ള സാക്ഷ്യം ഉണ്ട്. എന്തെന്നാൽ ഞാൻ നിറവേറ്റുവാൻ എന്റെ പിതാവ് ഏല്പിച്ചിട്ടുള്ള പ്രവൃത്തികൾ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നെ, പിതാവാണ് എന്നെ അയച്ചതെന്നതിന് സാക്ഷ്യം വഹിക്കുന്നു. എന്നെ അയച്ച പിതാവു തന്നെയും എന്നെക്കുറിച്ച് സാക്ഷ്യം വഹിക്കുന്നു. നിങ്ങൾ ഒരുനാളും അവന്റെ ശബ്ദം കേട്ടിട്ടില്ല. അവന്റെ രൂപം കണ്ടിട്ടുമില്ല. അവൻ അയച്ചവനെ നിങ്ങൾ

വിശ്വസിക്കാത്തതുകൊണ്ട് അവന്റെ വചനം നിങ്ങളിൽ നിലനിൽക്കുന്നുമില്ല. തിരുവെഴുത്തുകളെ നിങ്ങൾ പരിശോധിപ്പിൻ. അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ടെന്നു നിങ്ങൾ കരുതുന്നുണ്ടല്ലോ. അവയും എന്നെക്കുറിച്ച് സാക്ഷ്യം വഹിക്കുന്നു. നിത്യജീവൻ ലഭിക്കേണ്ടതിനായി എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല. ഞാൻ മനുഷ്യരിൽ നിന്ന് മഹത്ത്വം സ്വീകരിക്കുന്നില്ല. എന്തെന്നാൽ നിങ്ങൾക്കു ദൈവസ്നേഹമില്ലെന്ന് ഞാൻ അറിഞ്ഞിരിക്കുന്നു. ഞാൻ എന്റെ പിതാവിന്റെ നാമത്തോടുകൂടി വന്നു. നിങ്ങൾ എന്നെ സ്വീകരിക്കുന്നില്ല. മറ്റൊരുവൻ സ്വന്തനാമത്തോടുകൂടി വന്നാൽ അവനെ നിങ്ങൾ സ്വീകരിക്കും. അന്യോന്യം സ്തുതി സ്വീകരിക്കുകയും ഏക ദൈവത്തിൽനിന്നുള്ള സ്തുതി ആശിക്കാതിരിക്കയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിപ്പാൻ കഴിയും. പിതാവിന്റെ മുമ്പാകെ ഞാൻ നിങ്ങളിൽ കുറ്റം ആരോപിക്കുന്നുവെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? നിങ്ങളെ കുറ്റം ചുമത്തുന്നവൻ നിങ്ങൾ ആശ്രയിക്കുന്ന മോശ തന്നെയാകുന്നു. നിങ്ങൾ മോശയെ വിശ്വസിച്ചിരുന്നുവെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു; എന്തെന്നാൽ മോശ എന്നെക്കുറിച്ച് എഴുതിയിട്ടുണ്ട്. അവന്റെ ഗ്രന്ഥങ്ങളെ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ പിന്നെ എന്റെ വചനങ്ങളെ എങ്ങനെ വിശ്വസിക്കും.

അനന്തരം യേശു തിബേറിയോസ് എന്നും പേരുള്ള ഗലീലാക്കടലിന്റെ മറുകരയിലേക്കു പോയി. അവൻ രോഗികളിൽ പ്രവർത്തിക്കുന്ന അത്ഭുതങ്ങൾ കണ്ടതുകൊണ്ട് വലിയ പുരുഷാരം അവന്റെ പിന്നാലെ ചെന്നു. യേശു മലയിൽ കയറി തന്റെ ശിഷ്യന്മാരോടു കൂടി അവിടെ ഇരുന്നു. യഹൂദന്മാരുടെ പെസഹാ പെരുന്നാൾ അടുത്തിരുന്നു.

## ചൊവ്വ പ്രഭാതം

**വി. യോഹന്നാൻ 8:28–59**

*ഹാ- ഹാ- വായ്കളെയവർ സ്വർഗ്ഗത്തിൽ വച്ചു*
*നാവുകളൂഴിയിലൂടാടി. ഹാ-*

പിന്നെ യേശു അവരോട് 'നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തി നാട്ടുമ്പോൾ ഞാൻ തന്നെയാകുന്നു അവൻ എന്ന് നിങ്ങളറിയും. ഞാൻ സ്വയമായി ഒന്നും പ്രവർത്തിക്കുന്നില്ല. പിതാവ് ഉപദേശിച്ചുതന്നപ്രകാരംതന്നെ ഞാൻ സംസാരിക്കുന്നു. എന്നെ അയച്ചവൻ എന്നോടുകൂടി ഉണ്ട്. എന്റെ പിതാവ് ഇഷ്ടപ്പെടുന്നതേതോ അത് ഞാൻ എല്ലായ്പ്പോഴും പ്രവർത്തിക്കുന്നതുകൊണ്ട് അവൻ എന്നെ തനിയേ വിട്ടിരിക്കയല്ല' എന്ന് പറഞ്ഞു. ഇങ്ങനെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പലരും അവനിൽ വിശ്വസിച്ചു. യേശു തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് 'എന്റെ ഉപദേശത്തിൽ സ്ഥിരമായിരിക്കുമെങ്കിൽ നിങ്ങൾ എന്റെ യഥാർത്ഥ ശിഷ്യന്മാരാകുന്നു. നിങ്ങൾ സതം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും' എന്ന് പറഞ്ഞു. അവർ അവനോട് 'ഞങ്ങൾ അബ്രഹാമിന്റെ സന്തതികളാകുന്നു. ആർക്കും ഒരുനാളും ഞങ്ങൾ അടിമകളായിരുന്നിട്ടില്ല. പിന്നെ നിങ്ങൾ സ്വതന്ത്രരായിത്തീരുമെന്ന് നീ പറയുവാനെന്ത്' എന്ന് ചോദിച്ചു. യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. പാപം ചെയ്യുന്ന ഏവനും പാപത്തിന്റെ ദാസനാകുന്നു. ദാസൻ ഭവനത്തിൽ നിത്യമായി പാർക്കുന്നില്ല. എന്നാൽ പുത്രനോ എന്നേക്കും വസിക്കുന്നു. അതുകൊണ്ട് പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം നൽകിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരായിത്തീരും. നിങ്ങൾ അബ്രാഹാമിന്റെ സന്താനങ്ങളാകുന്നുവെന്ന് എനിക്കറിയാം. എങ്കിലും എന്റെ വചനത്തെ മനസ്സിലാക്കുവാൻ നിങ്ങൾക്കു പ്രാപ്തിയില്ലാത്തതുകൊണ്ട് എന്നെ കൊല്ലു

വാൻ നിങ്ങളാഗ്രഹിക്കുന്നു. എന്റെ പിതാവിന്റെ അടുക്കൽ ഞാൻ കണ്ടിട്ടുള്ളത് ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിന്റെ അടുക്കൽ നിങ്ങൾ കണ്ടിട്ടുള്ളത് നിങ്ങളും പ്രവർത്തിക്കുന്നു.' അവർ അവനോട് 'ഞങ്ങളുടെ പിതാവ് അബ്രാഹാമാകുന്നു' എന്ന് പറഞ്ഞു. യേശു അവരോട് 'നിങ്ങൾ അബ്രാഹാമിന്റെ പുത്രന്മാരായിരുന്നുവെങ്കിൽ അബ്രാഹാമിന്റെ പ്രവൃത്തികൾ ചെയ്യുമായിരുന്നു. എന്നാൽ ദൈവത്തിൽ നിന്ന് കേട്ടി ട്ടുള്ള സത്യത്തെ നിങ്ങളോടു സംസാരിച്ച മനുഷ്യനായ എന്നെ കൊല്ലുവാൻ ഇപ്പോൾ നിങ്ങളാഗ്രഹിക്കുന്നു. ഇങ്ങനെ അബ്രാഹാം ചെയ്തില്ലല്ലോ. നിങ്ങൾ നിങ്ങളുടെ പിതാക്ക ന്മാരുടെ പ്രവൃത്തികളെ അനുകരിക്കുന്നു' എന്ന് പറഞ്ഞു. അവർ അവനോട് 'ഞങ്ങൾ വ്യഭി ചാരത്താൽ ഉണ്ടായവരല്ല; ദൈവമെന്ന ഏകപിതാവേ ഞങ്ങൾക്കുള്ളൂ' എന്ന് പറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'ദൈവം നിങ്ങളുടെ പിതാവായിരുന്നുവെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. എന്തെന്നാൽ ഞാൻ ദൈവത്തിൽ നിന്ന് പുറപ്പെട്ടു വന്നി രിക്കുന്നു. ഞാൻ സ്വയമായി വന്നതല്ല. പിന്നെയോ അവൻ എന്നെ അയച്ചതാണ്. നിങ്ങൾ എന്തുകൊണ്ട് എന്റെ വചനത്തെ വിവേചിക്കാതിരിക്കുന്നു? എന്റെ വചനത്തെ കേൾപ്പാൻ നിങ്ങൾക്കു പ്രാപ്തിയില്ലാത്തതിനാൽതന്നെ. നിങ്ങൾ 'ആകൽക്കറുസാ'യാകുന്ന പിതാവിൽ നിന്നുള്ളവരാകുന്നു. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ഇച്ഛയെ ആചരിപ്പാനാഗ്രഹിക്കുന്നു. അവൻ ആദി മുതലേ മനുഷ്യരെ കൊല്ലുന്നവനാ ണ്. അവൻ സത്യത്തിൽ സ്ഥിതിചെയ്യുന്നില്ല. എന്തെന്നാൽ അവനിൽ സത്യ മില്ല. അവൻ വ്യാജം സംസാരിക്കുന്നത് സ്വയമായിത്തന്നെയാകുന്നു. എന്തെ ന്നാൽ അവൻ അസത്യവാദിയും അസത്യത്തിന്റെ പിതാവുമാകുന്നു. സത്യം സംസാരിക്കുന്ന എന്നെ നിങ്ങൾ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർക്കെങ്കിലും ഒരു പാപത്തെ കുറിച്ച് എന്നെ കുറ്റപ്പെടുത്താമോ? ഞാൻ സത്യം സംസാരിക്കുന്നുവെങ്കിൽ നി ങ്ങൾ എന്നെ വിശ്വസിക്കാത്തത് എന്തുകൊണ്ട്? ദൈവത്തിൽ നിന്നുള്ളവൻ ദൈവവചന ങ്ങൾ കേൾക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരല്ലാത്തതുകൊണ്ട് കേൾക്കുന്നില്ല.' അപ്പോൾ യീഹൂദന്മാർ അവനോട് 'നീ ശമര്യക്കാരനാകുന്നുവെന്നും നിന്നിൽ പിശാചു ണ്ടെന്നും ഞങ്ങൾ പറയുന്നത് ശരിയല്ലയോ' എന്ന് ചോദിച്ചു. യേശു അവരോട്: 'എന്നിൽ പിശാ ചില്ല. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കയാണു ചെയ്യുന്നത്. നിങ്ങളോ എന്നെ അവമാ നിക്കുന്നു. എന്നാൽ ഞാൻ സ്വന്തമഹത്ത്വം അന്വേഷിക്കുന്നില്ല. അത് അന്വേഷിക്കുകയും വിധി കല്പിക്കയും ചെയ്യുന്ന ഒരുവനുണ്ട്. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു: എന്റെ വചനം പാലിക്കുന്നവൻ ഒരിക്കലും മരണം കാണുകയില്ല' എന്ന് പറഞ്ഞു. യഹൂദന്മാർ അവനോട് 'നിന്നിൽ പിശാചുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു മനസ്സി ലായി. അബ്രാഹാമും ദീർഘദർശിമാരും മരിച്ചു; 'എന്റെ വചനം ആചരിക്കുന്നവൻ ഒരിക്കലും മരിക്കയില്ല' എന്ന് നീയും പറയുന്നു. മരിച്ചുപോയ ഞങ്ങളുടെ പിതാവായ അബ്രാഹാമി നെക്കാളും മരിച്ചുപോയ ദീർഘദർശിമാരെക്കാളും നീ ശ്രേഷ്ഠനാകുന്നുവോ? നീ നിന്നെ ആരാക്കി തീർക്കുന്നു' എന്ന് ചോദിച്ചു. യേശു അവരോട്: 'ഞാൻ എന്നെതന്നെ മഹത്വ പ്പെടുത്തുന്നുവെങ്കിൽ എന്റെ മഹത്ത്വം സാരമില്ല. എന്നെ മഹത്ത്വപ്പെടുത്തുന്നത് 'ഞങ്ങ ളുടെ ദൈവമാകുന്നു' എന്ന് നിങ്ങൾ പറയുന്ന എന്റെ പിതാവാണ്. നിങ്ങൾ അവനെ അറിഞ്ഞിട്ടില്ല. ഞാൻ അവനെ അറിയുന്നു. ഞാൻ അവനെ അറിയുന്നില്ലെന്നു പറഞ്ഞാൽ നിങ്ങളെപ്പോലെ ഞാനും അസത്യവാദിയായിത്തീരും. ഞാൻ അവനെ അറിയുന്നു. അവന്റെ വചനം പാലിക്കയും ചെയ്യുന്നു. നിങ്ങളുടെ പിതാവായ അബ്രാഹാം 'എന്റെ ദിവസം' കാണുവാൻ ആഗ്രഹിച്ചിരുന്നു. അവൻ കണ്ടു സന്തോഷിക്കയും ചെയ്തു' എന്ന് പ റഞ്ഞു. യീഹൂദന്മാർ അവനോട് 'നിനക്ക് അമ്പതു വയസ്സ്പോലും പ്രായമായിട്ടില്ല. നീ

അബ്രാഹാമിനെ കണ്ടുവോ' എന്ന് ചോദിച്ചു. യേശു അവരോട് 'അബ്രാഹാം ഉണ്ടാകുന്നതിനു മുമ്പും ഞാനുണ്ട് എന്ന് സത്യമായും സത്യമായും നിങ്ങളോടു പറയുന്നു' എന്ന് പറഞ്ഞു. അപ്പോൾ അവർ അവനെ എറിയുവാൻ കല്ലെടുത്തു. യേശു രഹസ്യമായിട്ട് ദേവാലയത്തിൽ നിന്ന് അവരുടെ ഇടയിൽ കൂടി പുറത്തു കടന്നു പോകയും ചെയ്തു.

## ചൊവ്വ മൂന്നാം മണി

**വി. യോഹന്നാൻ 7:45–52 + 8:12–20**

*ഹാ- ഹാ- നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു.*
*ഞാൻ നൽകിയ നന്മയ്ക്കവർ പകരം തിന്മയെ നൽകി. ഹാ-*

അനന്തരം ആ പടയാളികൾ പ്രധാനാചാര്യന്മാരുടെയും പരീശന്മാരുടെയും അടുക്കൽ ചെന്നു. അപ്പോൾ ആചാര്യന്മാർ അവരോട് 'നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞതെന്തുകൊണ്ട്' എന്ന് ചോദിച്ചു. പടയാളികൾ അവരോട് 'ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ഒരുവനും ഒരുകാലത്തും സംസാരിച്ചിട്ടില്ല' എന്ന് പറഞ്ഞു. പരീശന്മാർ അവരോട് 'നിങ്ങളും തെറ്റിപ്പോയോ. ന്യായപ്രമാണം അറിഞ്ഞു കൂടാത്ത ഈ ശപിക്കപ്പെട്ട ജനമല്ലാതെ, പ്രധാനികളിലോ പരീശന്മാരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ' എന്ന് ചോദിച്ചു. രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്നവനും അവരിലൊരുവനുമായ നീക്കോദീമോസ് അവരോട് 'ആദ്യമേ പറയാനുള്ളത് കേൾക്കാതെയും, (അവൻ) ചെയ്തതെന്തെന്ന് അറിയാതെയും ഒരുവനെ നമ്മുടെ ന്യായപ്രമാണം കുറ്റപ്പെടുത്തുന്നുണ്ടോ' എന്ന് ചോദിച്ചു. അവർ അവനോട് 'നീയും ഗലീലാക്കാരനാണോ? ഗലീലായിൽനിന്ന് ഒരു ദീർഘദർശി ഉണ്ടാകുന്നില്ലെന്നത് നീ പരിശോധിച്ചറിയുക' എന്ന് പറഞ്ഞു.

അനന്തരം യേശു അവരോട് 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കയില്ല. പിന്നെയോ അവന് ജീവന്റെപ്രകാശം കണ്ടു കിട്ടും' എന്ന് പറഞ്ഞു. പരീശന്മാർ അവനോട് 'നിന്നെക്കുറിച്ചു നീ തന്നെ സാക്ഷ്യം നൽകുന്നു. നിന്റെ സാക്ഷ്യം സത്യമല്ല' എന്ന് പറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. 'ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം നല്കിയാലും എന്റെ സാക്ഷ്യം സത്യമാകുന്നു. എന്തെന്നാൽ ഞാൻ എവിടെ നിന്നാണ് വന്നതെന്നും എവിടേക്കാണ് പോകുന്നതെന്നും എനിക്കറിയാം. എന്നാൽ നിങ്ങളോ ഞാൻ എവിടെ നിന്നാണ് വന്നതെന്നും എവിടേക്കാണ് പോകുന്നതെന്നും അറിയുന്നില്ല. നിങ്ങൾ ശാരീരികമായി വിധിക്കുന്നു. ഞാൻ ഒരുവനെയും വിധിക്കുന്നില്ല. എന്നാൽ ഞാൻ വിധിച്ചാൽതന്നെയും, എന്റെ വിധി സത്യമായിരിക്കും. എന്തെന്നാൽ ഞാൻ ഏകനായിട്ടല്ല, ഞാനും എന്നെ അയച്ച പിതാവും കൂടിയാണ് വിധിക്കുന്നത്. 'രണ്ടു പേരുടെ സാക്ഷ്യം സത്യമാകുന്നു' എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിട്ടുണ്ടല്ലോ. എന്നെക്കുറിച്ചു ഞാൻതന്നെ സാക്ഷ്യം നൽകുന്നു; എന്നെ അയച്ച പിതാവും സാക്ഷ്യം നൽകുന്നു.' അവർ അവനോട് 'നിന്റെ പിതാവ് എവിടെയാകുന്നു എന്ന് ചോദിച്ചതിന് യേശു ഉത്തരമായി 'നിങ്ങൾ എന്നെയോ എന്റെ പിതാവിനെയോ അറിയുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു' എന്ന് പറഞ്ഞു. അവൻ ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കേ ഭണ്ഡാരസ്ഥലത്തു വച്ചാണ് ഈ വചനങ്ങൾ സംസാരിച്ചത്. അപ്പോഴും അവന്റെ സമയം ആയിട്ടില്ലായിരുന്നതുകൊണ്ട് ഒരുവനും അവനെ പിടിച്ചില്ല.

# ചൊവ്വ ഉച്ച

### വി. ലൂക്കോസ് 11:37-54

*ഹാ- ഹാ- നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു.*
*ഞാൻ നൽകിയ നന്മയ്ക്കവർ പകരം തിന്മയെ നൽകി. ഹാ-*

ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പരീശൻ അവനെ തന്നോടുകൂടി ഭക്ഷണത്തിനു ക്ഷണിച്ചു. അവൻ അകത്തു കടന്ന് ഭക്ഷണത്തിനിരുന്നു. ഭക്ഷണത്തിനു മുമ്പ് അവൻ കുളിച്ചില്ല എന്ന് കണ്ടിട്ട് ആ പരീശൻ ആശ്ചര്യപ്പെട്ടു. യേശു അവനോടു പറഞ്ഞു: 'പരീശന്മാരേ! നിങ്ങൾ ഇപ്പോൾ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറം വെടിപ്പാക്കുന്നു. നിങ്ങളുടെ അകമോ കവർച്ചയും ദുഷ്ടതയുംകൊണ്ട് നിറഞ്ഞുമിരിക്കുന്നു. ബുദ്ധിഹീനരേ! പുറം നിർമ്മിച്ചവനല്ലയോ അകവും നിർമ്മിച്ചത്? ഉള്ളത് ഭിക്ഷ നൽകുവിൻ. അപ്പോൾ സർവ്വവും ശുദ്ധമായിത്തീരും. പരീശന്മാരേ ഹാ! കഷ്ടം! നിങ്ങൾ ചീരയിലും ജീരകത്തിലും സകല പച്ചസസ്യങ്ങളിലും ദശാംശനിയമം നടത്തുന്നു. ന്യായം, ദൈവസ്നേഹം എന്നിവയെ ലംഘിക്കയും ചെയ്യുന്നു. ഇവ നിങ്ങളനുഷ്ഠിക്കേണ്ടതായിരുന്നു; മറ്റവയെ ഉപേക്ഷിക്കരുതു താനും. പരീശന്മാരേ! ഹാ! കഷ്ടം! നിങ്ങൾ സംഘാലയത്തിൽ മുഖ്യാസനത്തെയും തെരുവുകളിൽ വന്ദനവിനെയും ആഗ്രഹിക്കുന്നു. കപടഭക്തന്മാരായ വേദപണ്ഡിതന്മാരേ! പരീശന്മാരേ! ഹാ! കഷ്ടം! നിങ്ങൾ മറഞ്ഞുകിടക്കുന്ന ശവക്കല്ലറ പോലെയാകുന്നു. മനുഷ്യർ അറിയാതെ ഇതിന്മേൽ നടക്കുന്നു.' അനന്തരം വേദപണ്ഡിതന്മാരിലൊരുവൻ അവനോട് 'ഗുരോ! നീ ഇങ്ങനെ പറഞ്ഞുകൊണ്ട് ഞങ്ങളെകൂടിയും അപമാനിക്കുന്നുവോ' എന്ന് ചോദിച്ചു. അവൻ പറഞ്ഞു: 'വേദപണ്ഡിതന്മാരേ! ഹാ! കഷ്ടം! എന്തെന്നാൽ ഭാരമേറിയ ചുമടുകൾ നിങ്ങൾ മനുഷ്യരെക്കൊണ്ട് എടുപ്പിക്കുന്നു. നിങ്ങളോ നിങ്ങളുടെ ഒരു വിരൽകൊണ്ടു പോലും ആ ചുമടുകളെ തൊടുന്നില്ല. നിങ്ങളുടെ പിതാക്കന്മാർ വധിച്ചിട്ടുള്ള ദീർഘദർശിമാർക്കു കല്ലറകൾ നിർമ്മിക്കുന്ന നിങ്ങൾക്കു ഹാ! കഷ്ടം! സ്വന്തപിതാക്കന്മാരുടെ പ്രവൃത്തിക്കു നിങ്ങൾ സാക്ഷ്യം വഹിക്കയും അതിനെ സമ്മതിക്കയും ചെയ്യുന്നു. അവർ അവരെ കൊന്നു. നിങ്ങളോ അവർക്കു ശവക്കല്ലറകൾ പണിയുകയും ചെയ്യുന്നു. ഇതു നിമിത്തം ദൈവത്തിന്റെ ജ്ഞാനം ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'ഞാൻ ദീർഘദർശിമാരെയും ശ്ലീഹന്മാരെയും അവരുടെ അടുക്കലേക്കയയ്ക്കും. അവരിൽ ചിലരെ അവർ പീഡിപ്പിക്കയും വധിക്കയും ചെയ്യും. അതു ലോകാരാംഭം മുതൽ ഹാബേലിന്റെ രക്തം തൊട്ട് ദേവാലയത്തിനും ബലിപീഠത്തിനും മദ്ധ്യേ വച്ച് കൊല്ലപ്പെട്ടവനായ സ്ക്കറിയായുടെ രക്തം വരെ ചൊരിയപ്പെട്ടിട്ടുള്ള സകല ദീർഘദർശിമാരുടെയും രക്തത്തിന് ഈ വംശത്തോടു പകരം ചോദിക്കുവാനായിട്ടാകുന്നു. അതേ, ഞാൻ നിങ്ങളോടു പറയുന്നു ഈ തലമുറയോട് അതിന് പകരം ചോദിക്കും. വേദപണ്ഡിതന്മാരേ! ഹാ! കഷ്ടം! എന്തെന്നാൽ നിങ്ങൾ ജ്ഞാനത്തിന്റെ താക്കോലുകൾ കൈയ്ക്കലാക്കി. നിങ്ങൾ പ്രവേശിച്ചില്ല. പ്രവേശിക്കുന്നവരെ തടുക്കുകയും ചെയ്തു.' അവൻ ഈ കാര്യങ്ങൾ അവരോട് പറഞ്ഞുകൊണ്ടിരുന്നപ്പോൾ വേദപണ്ഡിതന്മാരും പരീശന്മാരും നീരസപ്പെട്ടു കോപിക്കയും അവന്റെ വാക്കു മുട്ടിപ്പാൻ നോക്കുകയും ചെയ്തു. ദോഷാരോപണം ചെയ്വാൻ തക്കവിധം അവന്റെ വാക്കിൽ നിന്ന് വല്ലതും പിടികൂടാമെന്നാശിച്ച് പല തരത്തിലും വഞ്ചനയായി പെരുമാറി.

## ചൊവ്വ ഒമ്പതാം മണി

**വി. ലൂക്കോസ് 17:1-3; വി. യോഹന്നാൻ 6:30 + 8:21-27**

*ഹാ- ഹാ- നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു.*
*ഞാൻ നൽകിയ നന്മയ്ക്കവർ പകരം തിന്മയെ നൽകി. ഹാ-*

അനന്തരം യേശു തന്റെ ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു: 'ഇടർച്ചകൾ വരാതിരിപ്പാൻ നിവൃത്തിയില്ല. എന്നാൽ ആരു മൂലം അവ വരുന്നുവോ അവനു കഷ്ടം. ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നതിനെക്കാൾ ഒരുവനു നല്ലത് തന്റെ കഴുത്തിൽ 'കഴുതയുടെ തിരികല്ല്' കെട്ടിത്തൂക്കി സമുദ്രത്തിൽ ചാടുന്നതാണ്. നിങ്ങൾ സൂക്ഷിച്ചു കൊൾവിൻ. നിന്റെ സഹോദരൻ തെറ്റു ചെയ്താൽ നീ അവനെ ശാസിക്കുക. അനുതപിക്കുന്നെങ്കിൽ അവനു മാപ്പു കൊടുക്കുക.

അവർ അവനോട് 'ഞങ്ങൾ കണ്ട് നിന്നെ വിശ്വസിപ്പാൻ തക്കവിധം നീ എന്തദ്ഭുതം നടത്തുന്നു? എന്തു പ്രവർത്തിക്കുന്നു?

പിന്നെയും യേശു അവരോട് 'ഞാൻ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും. നിങ്ങൾ സ്വന്തപാപത്തിൽ തന്നെ മരിക്കയും ചെയ്യും. ഞാൻ പോകുന്ന സ്ഥലത്തേക്കു വരുവാൻ നിങ്ങൾക്കു കഴിയുകയില്ല' എന്ന് പറഞ്ഞു. യഹൂദന്മാർ 'ഞാൻ പോകുന്ന സ്ഥലത്തേക്കു വരുവാൻ നിങ്ങൾക്കു കഴിയുകയില്ലെ'ന്ന് അവൻ പറഞ്ഞതിനെക്കുറിച്ച് 'പക്ഷേ ഇവൻ ആത്മഹത്യചെയ്യാൻ പോകയാണോ' എന്ന് പറഞ്ഞു. പിന്നെയും അവൻ അവരോടു പറഞ്ഞു: 'നിങ്ങൾ താഴെ നിന്നുള്ളവരും ഞാൻ മുകളിൽ നിന്നുള്ളവനും ആകുന്നു. നിങ്ങൾ ഈ ലോകത്തിൽ നിന്നുള്ളവരാകുന്നു. ഞാൻ ഈ ലോകത്തിൽ നിന്നുള്ളവനല്ല; നിങ്ങൾ നിങ്ങളുടെ പാപത്തിൽ മരിക്കുമെന്ന് ഞാൻ പറഞ്ഞു.' എന്തെന്നാൽ ഞാൻ തന്നെയാകുന്നു അവൻ എന്ന് വിശ്വസിക്കാത്തപക്ഷം നിങ്ങൾ നിങ്ങളുടെ പാപത്തിൽ മരിക്കും. അപ്പോൾ യഹൂദന്മാർ 'നീ ആരാകുന്നു' എന്ന് ചോദിച്ചതിന് യേശു അവരോട്: 'ആദ്യം തന്നെ അതു ഞാൻ നിങ്ങളോട് പറഞ്ഞുവല്ലോ. എങ്കിലും എനിക്കു നിങ്ങളെക്കുറിച്ച് വളരെ പറയുവാനും വിധിക്കുവാനുമുണ്ട്. എന്നെ അയച്ചവൻ സത്യവാനാകുന്നു; അവനിൽ നിന്ന് ഞാൻ കേട്ടതുതന്നെയാകുന്നു ഞാൻ ലോകത്തോട് സംസാരിക്കുന്നത്' എന്ന് പറഞ്ഞു. അവൻ 'പിതാവിനെ' കുറിച്ചാണ് തങ്ങളോടു പറഞ്ഞതെന്ന് അവർ ഗ്രഹിച്ചില്ല.

## ഹാശായുടെ ബുധൻ

### സന്ധ്യ

**വി. യോഹന്നാൻ 11:47-12:2; 9-11**

*ഹാ- ഹാ- ദോഷം ചിന്തിച്ചുര ചെയ്താർ*
*അത്യുന്നതനെപ്പറ്റി കൈതവമവരോതി. ഹാ-*

പ്രധാനാചാര്യന്മാരും പരീശന്മാരും ഒരുമിച്ചുകൂടി, 'നാം എന്തു ചെയ്യേണ്ടൂ. ഈ മനുഷ്യൻ അനേക അടയാളങ്ങൾ പ്രവർത്തിക്കുന്നുവല്ലോ. നാം ഇവനെ ഇങ്ങനെ വിടുന്നപക്ഷം എല്ലാ മനുഷ്യരും അവനിൽ വിശ്വസിച്ചുപോകും. റോമാക്കാർ വന്ന് നമ്മുടെ ദേശത്തെയും ജനങ്ങളെയും അപഹരിക്കയും ചെയ്യും' എന്ന് പറഞ്ഞു. അവരിൽ 'കയ്യാപ്പാ' എന്ന് പേരുള്ള ഒരുവൻ ആ സംവത്സരത്തെ പ്രധാനാചാര്യനായിരുന്നു. അവൻ അവരോട് 'നിങ്ങൾക്കൊന്നും അറിഞ്ഞുകൂടാ. ജനങ്ങളെല്ലാം നശിക്കുന്നതിനെക്കാൾ

ജനങ്ങൾക്കു വേണ്ടി ഒരുവൻ മരിക്കുന്നതാണ് നമുക്കു നല്ലത് എന്ന് വിചാരിക്കുന്നുമില്ല' എന്ന് പറഞ്ഞു. എന്നാൽ ഇത് അവൻ സ്വയമായി പറഞ്ഞതല്ല. അവൻ ആ സംവത്സരത്തെ പ്രധാനാചാര്യനായിരുന്നതുകൊണ്ട് ജനങ്ങൾക്കു വേണ്ടി യേശു മരിക്കുവാൻ പോകുന്നു എന്ന് ദീർഘദർശനം പറയുകയാണ് ചെയ്തത്. അത് ആ ജനങ്ങൾക്കു വേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവസന്താനങ്ങളെ ഒരുമിച്ചു ചേർക്കുവാൻ വേണ്ടിയുമായിരുന്നു. അന്നു മുതൽ അവർ അവനെ വധിക്കുവാൻ ആലോചിച്ചു. യേശുവോ യഹൂദന്മാരുടെ ഇടയിൽ പരസ്യമായി സഞ്ചരിക്കാതെ മരുഭൂമിക്കു സമീപമായ 'എഫ്രയീം' എന്ന് വിളിക്കുന്ന കോട്ടയിലേക്കു പോയി, അവിടെ അവൻ ശിഷ്യന്മാരോടു കൂടി സഞ്ചരിച്ചിരുന്നു. യഹൂദന്മാരുടെ പെസഹാപെരുന്നാൾ അടുത്തു. പലരും ആ പെരുന്നാളിനു മുമ്പേ തന്നെ തങ്ങളുടെ ശുദ്ധീകരണത്തിനായി ഗ്രാമങ്ങളിൽ നിന്ന് ഊർശ്ലേമിലേക്കു പോയി. അവർ യേശുവിനെ അന്വേഷിച്ചുകൊണ്ട്, ദേവാലയത്തിൽ വച്ച് പരസ്പരം ചോദിച്ചുകൊണ്ടിരുന്നു 'നിങ്ങൾക്ക് എന്തു തോന്നുന്നു, അവൻ പെരുന്നാളിനു വരികയില്ലയോ'. അവൻ എവിടെയാണെന്ന് ആരെങ്കിലുമറിഞ്ഞാൽ പിടിപ്പാൻ തക്കവിധം തങ്ങൾക്ക് അറിവു നൽകണമെന്ന് പ്രധാനാചാര്യന്മാരും പരീശന്മാരും കല്പന കൊടുത്തിരുന്നു.

പെസഹായ്ക്ക് ആറു ദിവസം മുമ്പ് യേശു, മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ച ലാസർ പാർത്തിരുന്ന സ്ഥലമായ ബെത്അനിയായിൽ ചെന്നു. അവിടെ അവന് അവർ ഒരു അത്താഴവിരുന്നു നടത്തി. മർത്താ പരിചരിക്കയായിരുന്നു. ലാസറും അവന്റെ കൂടെ ഭക്ഷണത്തിനിരുന്നു.

യഹൂദന്മാരിൽ നിന്ന് വലിയ പുരുഷാരം യേശു അവിടെ ഉണ്ടെന്ന് കേട്ടു വന്നു ചേർന്നു. അത് യേശുവിനെ മാത്രം ഉദ്ദേശിച്ചല്ല, മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ട ലാസറിനെ കാണ്മാനായിട്ടുംകൂടി ആയിരുന്നു. പ്രധാനാചാര്യന്മാർ ലാസറിനെ കൂടിയും കൊല്ലുവാൻ ആലോചിച്ചു. എന്തെന്നാൽ അവൻ നിമിത്തം യഹൂദന്മാരിൽ പലരും ചെന്ന് യേശുവിൽ വിശ്വസിച്ചുപോന്നു.

## ബുധൻ രാത്രി ഒന്നാം കൗമാ

### വി. യോഹന്നാൻ 10:15-38

*ഹാ- ഹാ- ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം*
*നാശം പ്രാപിച്ചാർ മാലിന്യത്തിൽ വഞ്ചനയാൽ. ഹാ-*

ഞാൻ നല്ല ഇടയനാകുന്നു. പിതാവ് എന്നെ അറിയുകയും ഞാൻ എന്റെ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു. ആടുകൾക്കു വേണ്ടി ഞാൻ എന്റെ ജീവനെ അർപ്പിക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു. അവയും എന്റെ ശബ്ദം കേൾക്കും. എല്ലാംകൂടി ഒരാട്ടിൻപറ്റവും ഒരിടയനും ആയിത്തീരും. വീണ്ടും പ്രാപിപ്പാൻ തക്കവിധം ഞാൻ എന്റെ ജീവൻ അമർപ്പിക്കുന്നതുകൊണ്ട് എന്റെ പിതാവ് എന്നെ സ്നേഹിക്കുന്നു. ഒരുവനും എന്നിൽ നിന്ന് അതിനെ എടുത്തുകളയുകയില്ല; പിന്നെയോ സ്വമനസ്സോടെ ഞാൻ അതിനെ സമർപ്പിക്കയാകുന്നു ചെയ്യുന്നത്. എന്തെന്നാൽ അതിനെ സമർപ്പിക്കുവാൻ എനിക്കധികാരമുണ്ട്. വീണ്ടും പ്രാപിപ്പാനും എനിക്കധികാരമുണ്ട്. ഈ കല്പന എന്റെ പിതാവിൽ നിന്ന് എനിക്ക് ലഭിച്ചിരിക്കുന്നു.'

ഈ വചനങ്ങൾ നിമിത്തം യഹൂദന്മാരുടെ ഇടയിൽ പിന്നെയും ഭിന്നതയുണ്ടായി. അവരിൽ പലരും 'ഇവനിൽ പിശാചുണ്ട്; ഇവൻ ഭ്രാന്തു പറയുകയാണ്; നിങ്ങൾ എന്തിന് ഇവനിൽ ശ്രദ്ധിക്കുന്നു' എന്ന് പറഞ്ഞു. മറ്റു ചിലരോ 'ഈ വചനങ്ങൾ ഒരു പിശാചുബാധിതന്റേതല്ല. പിശാചിന് കുരുടന്റെ കണ്ണുകളെ തെളിയിപ്പാൻ കഴിയുമോ' എന്ന് പറഞ്ഞു.

അനന്തരം ഊർശ്ലേമിൽ 'പ്രതിഷ്ഠാപ്പെരുന്നാൾ' വന്നു. വർഷകാലവുമായിരുന്നു. യേശു ദേവാലയത്തിൽ ശ്ലേമൂന്റെ മണ്ഡപത്തിൽ കൂടി നടക്കുകയായിരുന്നു. അപ്പോൾ യീഹൂദന്മാർ അവനെ വളഞ്ഞ് അവനോട്: 'നീ എത്രകാലം ഞങ്ങളെ സംശയിപ്പിക്കും. നീ മിശിഹാ ആകുന്നുവെങ്കിൽ സ്പഷ്ടമായി ഞങ്ങളോടു പറയുക' എന്ന് പറഞ്ഞു. യേശു അവരോട്: 'ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞു. നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു. എങ്കിലും നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. എന്തെന്നാൽ ഞാൻ നിങ്ങളോടു പറഞ്ഞപ്രകാരം നിങ്ങൾ എന്റെ ആടുകളിൽ ഉൾപ്പെട്ടവരല്ല. എന്റെ ആടുകൾ എന്റെ ശബ്ദം അനുസരിക്കുന്നു. ഞാൻ അവയെ അറിയുന്നു. അവ എന്റെ പിന്നാലെ വരികയും ചെയ്യുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ നൽകും. അവ ഒരിക്കലും നശിച്ചുപോകയില്ല. ഒരുവനും എന്റെ കൈകളിൽ നിന്ന് അവയെ അപഹരിക്കയുമില്ല. എന്തെന്നാൽ അവയെ എനിക്കു തന്നവനായ പിതാവ് എല്ലാവരിലും വലിയവനാകുന്നു. എന്റെ പിതാവിന്റെ കൈയിൽ നിന്ന് അവയെ അപഹരിപ്പാൻ ആർക്കും കഴികയില്ല. ഞാനും എന്റെ പിതാവും ഒന്നാകുന്നു' എന്ന് പറഞ്ഞു. യീഹൂദന്മാർ അവനെ എറിയുവാൻ പിന്നെയും കല്ലുകൾ എടുത്തു. യേശു അവരോട്: 'എന്റെ പിതാവിന്റെ അടുക്കൽ നിന്ന് അനേകം സത്കർമ്മങ്ങളെ ഞാൻ നിങ്ങൾക്കു കാണിച്ചുതന്നു. അവയിൽ ഏതു നിമിത്തമാണ് നിങ്ങൾ എന്നെ കല്ലെറിയുന്നത്' എന്ന് ചോദിച്ചു. യീഹൂദന്മാർ അവനോട് 'സത്കർമ്മങ്ങൾ നിമിത്തമല്ല, നീ ദൈവദൂഷണം പറയുന്നതുകൊണ്ടും മനുഷ്യനായിരിക്കേ നീ സ്വയം ദൈവമാക്കിത്തീർക്കുന്നതുകൊണ്ടും ആണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്' എന്ന് പറഞ്ഞു. യേശു അവരോട്: 'നിങ്ങൾ ദേവന്മാരാകുന്നുവെന്ന് ഞാൻ പറഞ്ഞു' എന്നിങ്ങനെ നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിട്ടില്ലയോ? ദൈവത്തിന്റെ അരുളപ്പാടുണ്ടായിട്ടുള്ളവരെ ദേവന്മാർ എന്ന് പറഞ്ഞിരിക്കേ - തിരുവെഴുത്തതിന് മാറ്റമില്ലല്ലോ - പിതാവിനാൽ ശുദ്ധീകൃതനായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവനായ ഞാൻ ദൈവപുത്രനാണെന്ന് പറഞ്ഞതിനെക്കുറിച്ച് 'നീ ദൈവദൂഷണം പറയുകയാണ്' എന്ന് നിങ്ങൾ പറയുന്നുവോ? ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികളെ ആചരിക്കുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ട. ഞാൻ ആചരിക്കുന്നുവെങ്കിൽ എന്നെ വിശ്വസിക്കുന്നില്ലെങ്കിലും, എന്റെ പിതാവ് എന്നിലും ഞാൻ എന്റെ പിതാവിലും ഇരിക്കുന്നുവെന്ന് അറിഞ്ഞ് വിശ്വസിപ്പാൻ തക്കവിധം ആ പ്രവൃത്തികളെയെങ്കിലും നിങ്ങൾ വിശ്വസിപ്പിൻ' എന്ന് പറഞ്ഞു.

## ബുധൻ രാത്രി രണ്ടാം കൗമാ

### വി. യോഹന്നാൻ 12:19-33

*ഹാ- ഹാ- ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം*
*നാശം പ്രാപിച്ചാർ മാലിന്യത്തിൽ വഞ്ചനയാൽ. ഹാ-*

എന്നാൽ പരീശന്മാർ അന്യോന്യം 'നിങ്ങളെക്കൊണ്ട് ഒരു പ്രയോജനവും ഇല്ല. അതാ ലോകമാസകലം അവന്റെ പിന്നാലെ പൊയ്ക്കഴിഞ്ഞു' എന്ന് പറഞ്ഞു. പെരുന്നാളിൽ ആരാധിപ്പാൻ വന്ന ആളുകളിൽ വിജാതിയരും ഉണ്ടായിരുന്നു. അവർ ഗലീലായിൽ

ബെത്സൈദാക്കാരനായ പീലിപ്പോസിന്റെ അടുക്കൽ ചെന്ന് അവനോട് 'പ്രഭോ! ഞങ്ങൾക്ക് യേശുവിനെ കാണുവാൻ ആഗ്രഹമുണ്ട്' എന്നറിയിച്ചു. പീലിപ്പോസ് ചെന്ന് അന്ത്രയോസിനോടു പറഞ്ഞു. അന്ത്രയോസും പീലിപ്പോസും കൂടി യേശുവിനോടും പറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. 'മനുഷ്യപുത്രൻ മഹത്ത്വീകരിക്കപ്പെടേണ്ട സമയമായിരിക്കുന്നു. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, കോതമ്പുമണി നിലത്തു വീണിട്ട് അഴുകുന്നില്ലെങ്കിൽ അത് തനിയേയിരിക്കും. എന്നാൽ അഴുകുന്നെങ്കിലോ വളരെ ഫലം നൽകും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ നശിപ്പിക്കും. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനായി അതിനെ കാത്തുസൂക്ഷിക്കും. ഒരുവൻ എന്നെ ശുശ്രൂഷിക്കുന്നുവെങ്കിൽ അവൻ എന്റെ പിന്നാലെ വരട്ടെ. ഞാൻ ഇരിക്കുന്നിടത്തുതന്നെ എന്റെ ശുശ്രൂഷകനും ഇരിക്കും. എന്റെ ശുശ്രൂഷകനെ പിതാവ് ബഹുമാനിക്കയും ചെയ്യും. ഇപ്പോൾ ഇതാ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടൂ. എന്റെ പിതാവേ! ആ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കണമേ! എങ്കിലും ഇതിനു വേണ്ടിയാണല്ലോ ഈ നാഴികയിൽ ഞാൻ വന്നുചേർന്നിരിക്കുന്നത്. പിതാവേ! നിന്റെ നാമം മഹത്ത്വപ്പെടുത്തണമേ!' അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് 'ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്ത്വപ്പെടുത്തുകയും ചെയ്യും' എന്നൊരു ശബ്ദം കേൾക്കപ്പെട്ടു. അവിടെ നിന്നിരുന്ന പുരുഷാരം അതു കേട്ടിട്ട് 'ഇടിമുഴക്കമുണ്ടായതാണ്' എന്ന് പറഞ്ഞു. എന്നാൽ മറ്റു ചിലർ 'മാലാഖാ അവനോട് സംസാരിച്ചതാണ്' എന്നും പറഞ്ഞു. അപ്പോൾ യേശു അവരോട് 'ഈ ശബ്ദം ഉണ്ടായത് എനിക്കു വേണ്ടിയല്ല. നിങ്ങൾക്കു വേണ്ടിയാകുന്നു. ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി നടക്കുകയാണ്. ഇപ്പോൾ ഈലോകപ്രമാണി പുറത്തു തള്ളപ്പെടും. ഞാൻ ഭൂമിയിൽ നിന്നുയർത്തി നാട്ടപ്പെട്ടതിനു ശേഷം എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും' എന്ന് പറഞ്ഞു. എപ്രകാരമുള്ള മരണം തനിക്ക് അനുഭവിക്കേണ്ടിയിരിക്കുന്നുവെന്ന് കാണിപ്പാനായിരുന്നു അവൻ ഇങ്ങനെ പറഞ്ഞത്.

## ബുധൻ രാത്രി മൂന്നാം കൗമാ

**വി. യോഹന്നാൻ 12:34-50**

*ഹാ- ഹാ- ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം*
*നാശം പ്രാപിച്ചാർ മാലിന്യത്തിൽ വഞ്ചനയാൽ. ഹാ-*

ജനക്കൂട്ടം യേശുവിനോട് 'മിശിഹാ എന്നേക്കും ഇരിക്കുമെന്ന് ഞങ്ങൾ ന്യായപ്രമാണത്തിൽ നിന്ന് കേട്ടിട്ടുണ്ട്. 'മനുഷ്യപുത്രൻ ഉയർത്തി നാട്ടപ്പെടും' എന്ന് നീ പറയുന്നതെന്ത്? ഈ മനുഷ്യപുത്രൻ ആരാകുന്നു' എന്ന് ചോദിച്ചു. യേശു അവരോടു പറഞ്ഞു: 'ഇനി കുറച്ചുകാലം പ്രകാശം നിങ്ങളോടുകൂടി ഇരിക്കും. അന്ധകാരം നിങ്ങളെ പിടികൂടാതിരിപ്പാനായി വെളിച്ചമുള്ളപ്പോൾ നിങ്ങൾ നടന്നുകൊൾവിൻ. ഇരുട്ടത്തു സഞ്ചരിക്കുന്നവൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല. പ്രകാശസന്താനങ്ങളാകുവാനായി നിങ്ങൾ പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിപ്പിൻ.' ഇങ്ങനെ പറഞ്ഞിട്ട് യേശു പോയി അവരിൽനിന്ന് മറഞ്ഞു. ഈ അദ്ഭുതങ്ങളെല്ലാം തങ്ങളുടെ മുമ്പിൽ വച്ച് ചെയ്തിട്ടും അവർ അവനിൽ വിശ്വസിച്ചില്ല. 'കർത്താവേ! ഞങ്ങൾ പ്രസംഗിച്ചത് ആരു വിശ്വസിച്ചു. കർത്താവിന്റെ ഭുജം ആർക്കു പ്രത്യക്ഷപ്പെട്ടു' എന്ന് ഏശായാദീർഘദർശി പറഞ്ഞിട്ടുള്ള വചനം ഇങ്ങനെ നിവർത്തിയാകുവാനിടയായി. ഈ കാരണം കൊണ്ട് അവർക്കു വിശ്വസിപ്പാൻ കഴിഞ്ഞില്ല. എന്തെന്നാൽ വീണ്ടും ഏശായാ പറഞ്ഞിരിക്കുന്നു, 'തങ്ങളുടെ കണ്ണുകൊണ്ടു കാണാതെയും ഹൃദയംകൊണ്ടു തിരിച്ചറിയാതെയും മനം തി

രിക്കാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കത്തക്കവിധം അവർ തങ്ങളുടെ കണ്ണുകളെ കുരുടാക്കുകയും ഹൃദയത്തെ അന്ധകാരമയമാക്കുകയും ചെയ്തു.' ഏശായാ അവന്റെ മഹിമയെ കണ്ടപ്പോഴാണ് അവനെ കുറിച്ച് ഇങ്ങനെ പറഞ്ഞത്. പ്രമാണിക ളിൽ നിന്നുപോലും പലരും അവനിൽ വിശ്വസിച്ചു. എന്നാൽ പരീശന്മാർ സഭയിൽ നിന്ന് തങ്ങളെ പുറംതള്ളാതിരിപ്പാൻ അവർ ഏറ്റു പറഞ്ഞില്ല. എന്തെന്നാൽ അവർ ദൈവത്തിന്റെ അഭിനന്ദനത്തെക്കാൾ മാനുഷിക പ്രശംസയാണ് സ്നേഹിച്ചിരുന്നത്. അനന്തരം യേശു ഇപ്രകാരം ഉച്ചത്തിൽ പറഞ്ഞു. 'എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ച വനിലത്രേ വിശ്വസിക്കുന്നത്. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കണ്ടിരിക്കുന്നു. എന്നിൽ വിശ്വസിക്കുന്ന ഒരുവനും ഇരുളിൽ വസിക്കാതിരിപ്പാൻ വേണ്ടി ഞാൻ പ്രകാ ശമായി ലോകത്തിലേക്കു വന്നു. ഞാൻ ലോകത്തെ വിധിപ്പാനായിട്ടല്ല, അതിനെ രക്ഷി പ്പാൻ വേണ്ടിയാണ് വന്നിരിക്കുന്നത്. അതിനാൽ എന്റെ വചനങ്ങൾ കേട്ട് അവയെ അനു ഷ്ഠിക്കാത്തവനെ ഞാൻ കുറ്റം വിധിക്കുന്നില്ല. എന്നെ നിരസിക്കയും എന്റെ വചനങ്ങൾ അംഗീകരിക്കാതിരിക്കയും ചെയ്യുന്നവന് വിധികർത്താവുണ്ട്. ഞാൻ സംസാരിച്ചിട്ടുള്ള വചനംതന്നെ അവസാനദിവസം അവനെ കുറ്റം വിധിക്കും. എന്തെന്നാൽ ഞാൻ സ്വന്ത മായി സംസാരിച്ചിട്ടില്ല. എന്നെ അയച്ച പിതാവുതന്നെ, എന്തു പറയണമെന്നും എന്തു സംസാരിക്കണമെന്നും എനിക്കു കല്പന നല്കി. അവന്റെ കല്പന നിത്യജീവൻ ആകു ന്നുവെന്ന് ഞാൻ അറിയുന്നു. അതുകൊണ്ട് ഞാൻ സംസാരിക്കുന്നതെല്ലാം എന്റെ പിതാവ് എന്നോടു കല്പിച്ചിട്ടുള്ള പ്രകാരംതന്നെയാകുന്നു.'

## ബുധൻ പ്രഭാതം

**വി. യോഹന്നാൻ 6:63–7:13**

*ഹാ- ഹാ- ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം*
*നാശം പ്രാപിച്ചാർ മാലിന്യത്തിൽ വഞ്ചനയാൽ. ഹാ-*

'ജീവൻ നൽകുന്നത് ആത്മാവാകുന്നു. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനുമാകുന്നു. എന്നാൽ നിങ്ങളിൽ വിശ്വസിക്കാത്ത ചിലരുണ്ട്.' വിശ്വസിക്കാത്തവർ ആരെല്ലാമെന്നും തന്നെ ഒറ്റിക്കൊടുക്കു ന്നവൻ ആരെന്നും യേശു മുമ്പേതന്നെ അറിഞ്ഞിരുന്നു. അവൻ അവരോടു പിന്നെയും പറഞ്ഞു: 'എന്റെ പിതാവിൽനിന്ന് വരം ലഭിച്ചെങ്കിലല്ലാതെ ആർക്കും എന്റെ അടുക്കൽ വരു വാൻ കഴിയുന്നതല്ലെന്ന് നിങ്ങളോടു ഞാൻ പറഞ്ഞത് ഇതുകൊണ്ടാകുന്നു.' ഈ വചനം നിമിത്തം അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങി; പിന്നെ അവനോടുകൂടി സഞ്ചരി ച്ചതുമില്ല. അപ്പോൾ യേശു തന്റെ പന്ത്രണ്ടു പേരോട് 'നിങ്ങളും പോകുവാൻ ആഗ്രഹി ക്കുന്നുവോ' എന്ന് ചോദിച്ചു. ശെമവൂൻകീപ്പാ അവനോട് 'എന്റെ കർത്താവേ! ഞങ്ങൾ ആരുടെ അടുക്കൽ പോകും. നിന്റെ അടുക്കൽ നിത്യജീവന്റെ വചനങ്ങൾ ഉണ്ടല്ലോ. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നുവെന്ന് ഞങ്ങൾ വിശ്വസിച്ചും അറി ഞ്ഞുമിരിക്കുന്നു' എന്നുത്തരം പറഞ്ഞു. യേശു അവരോട് 'നിങ്ങളെ പന്ത്രണ്ടു പേരെ അല്ലയോ ഞാൻ തിരഞ്ഞെടുത്തത്. നിങ്ങളിൽ ഒരുവൻ സാത്താനാകുന്നു' എന്ന് പറഞ്ഞു. ശെമവൂന്റെ പുത്രനായ യഹൂദാസ്കറിയൂത്താ എന്ന പന്തിരുവരിലൊരുവൻ, തന്നെ ഏല് പിച്ചുകൊടുക്കുമെന്നുള്ളതുകൊണ്ട് അവനെക്കുറിച്ചായിരുന്നു അവൻ ഇതു പറഞ്ഞത്.

ഇവയ്ക്കു ശേഷം യേശു ഗലീലായിൽ സഞ്ചരിച്ചു. എന്തെന്നാൽ അവനെ കൊല്ലു വാൻ യഹൂദന്മാർ അന്വേഷിച്ചിരുന്നതുകൊണ്ട് യഹൂദ്യയിൽ സഞ്ചരിപ്പാൻ അവൻ ഇഷ്ടപ്പെട്ടില്ല. യഹൂദന്മാരുടെ കൂടാരപ്പെരുന്നാൾ അടുത്തിരുന്നു. യേശുവിന്റെ സഹോ

ദരന്മാർ അവനോട് 'നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാർക്ക് കാണേണ്ടതിന് നീ ഇവിടം വിട്ട് യഹൂദ്യയിലേക്കു ചെല്ലുക. എന്തെന്നാൽ രഹസ്യമായി വല്ലതും ചെയ് തിട്ട് അത് പരസ്യമായി തീരുവാൻ ആഗ്രഹിക്കുന്ന ഒരുവനുമില്ല. നീ ഇവ പ്രവർത്തിക്കു ന്നുവെങ്കിൽ ലോകത്തിന് നിന്നെ തന്നെ വെളിപ്പെടുത്തുക' എന്ന് പറഞ്ഞു. യേശുവിന്റെ സഹോദരന്മാർ പോലും അവനിൽ വിശ്വസിച്ചിരുന്നില്ല. യേശു അവരോട് 'എന്റെ സമയം ഇതുവരെയും ആയിട്ടില്ല. നിങ്ങളുടെ സമയമാകട്ടെ സദാ ഒരുങ്ങിയിരിക്കുന്നു. ലോക ത്തിനു നിങ്ങളെ ദ്വേഷിപ്പാൻ കഴിയുന്നതല്ല. എന്നാൽ അതിന്റെ പ്രവൃത്തികൾ ദോഷ മുള്ളവയാണെന്ന് ഞാൻ അതിനെക്കുറിച്ച് സാക്ഷിക്കുന്നതുകൊണ്ട് അത് എന്നെ ദ്വേഷി ക്കുന്നു. നിങ്ങൾ ഈ പെരുന്നാളിനു പോകുവിൻ. എന്റെ സമയം ഇനിയും പൂർത്തിയായി ട്ടില്ലാത്തതുകൊണ്ട് ഈ പെരുന്നാളിനു ഇപ്പോൾ ഞാൻ വരുന്നില്ല' എന്ന് പറഞ്ഞു. അവൻ ഇങ്ങനെ പറഞ്ഞിട്ട് ഗലീലായിൽ താമസിച്ചു. എന്നാൽ സഹോദരന്മാർ പെരുന്നാളിനു പോയ ശേഷം അവനും പോയി. അത് പരസ്യമായിട്ടല്ല, രഹസ്യമായിട്ടായിരുന്നു. യഹൂദ ന്മാരോ പെരുന്നാളിൽ അവനെക്കുറിച്ച് 'അവനെവിടെ' എന്നന്വേഷിച്ചു. അവനെക്കുറിച്ചു പുരുഷാരത്തിൽ വലിയ പിറുപിറുപ്പുണ്ടായി. ചിലർ 'ഇവൻ നല്ലവനാകുന്നു' എന്നും മറ്റു ചിലർ 'അല്ല. ഇവൻ ജനങ്ങളെ വഞ്ചിക്കുന്നവനാകുന്നു' എന്നും പറഞ്ഞു. എങ്കിലും യഹൂദന്മാരെ ഭയന്ന് ഒരുവനും അവനെക്കുറിച്ച് പരസ്യമായി സംസാരിച്ചില്ല.

## മൂന്നാം മണി

**വി. യോഹന്നാൻ 7:14-27**

*ഹാ- ഹാ- ഭോഷത്തരമവരുടെ വായുര ചെയ്യുന്നു*
*അന്യായം അവരുടെ വലതു കരത്തിൽ കവിയുന്നു. ഹാ-*

പെരുന്നാൾദിവസങ്ങൾ പകുതിയായപ്പോൾ യേശു ദേവാലയത്തിൽ കയറി ഉപദേ ശിച്ചു. യീഹൂദന്മാർ അദ്ഭുതപ്പെട്ട് 'പഠിപ്പില്ലാത്ത ഇവനു ഇത്ര അറിവ് എങ്ങനെ ലഭിച്ചു' എന്ന് പറഞ്ഞു. യേശു ഇപ്രകാരം പറഞ്ഞു: 'എന്റെ ഉപദേശം എന്റെ സ്വന്തമല്ല. എന്നെ അയച്ചവന്റേതാണ്. അവന്റെ ഇഷ്ടം ആചരിക്കുവാൻ ആഗ്രഹി ക്കുന്നവൻ എന്റെ ഉപദേശം, ദൈവത്തിൽ നിന്നുള്ളതോ, ഞാൻ സ്വയമായി പറയു ന്നതോ എന്ന് മനസ്സിലാക്കും. സ്വന്ത അഭിപ്രായപ്രകാരം സംസാരിക്കുന്നവൻ സ്വന്തം മഹത്ത്വത്തെയാണ് ആഗ്രഹിക്കുന്നത്. തന്നെ അയച്ചവന്റെ മഹത്ത്വത്തെ അന്വേഷിക്കു ന്നവനാണ് സത്യവാൻ. അവനിൽ അനീതിയില്ല. മോശ ന്യായപ്രമാണം നിങ്ങൾക്കു തന്നിട്ടില്ലയോ? നിങ്ങളിൽ ഒരുവനും ന്യായപ്രമാണം ആചരിക്കുന്നില്ല. നിങ്ങൾ എന്നെ കൊല്ലുവാൻ ആരായുന്നതെന്ത്?' അതിനു പുരുഷാരം അവനോട് 'നിന്നിൽ പിശാചുണ്ട്. നിന്നെ കൊല്ലുവാൻ ആരന്വേഷിക്കുന്നു' എന്ന് ചോദിച്ചു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. 'ഞാൻ ഒരു പ്രവൃത്തി ചെയ്തു. നിങ്ങളെല്ലാവരും ആശ്ചര്യപ്പെടു ന്നു. മോശ നിങ്ങൾക്കു പരിഛേദന വിധിച്ചിട്ടുണ്ടല്ലോ. അതു മോശയിൽ നിന്നുണ്ടായതല്ല, പിന്നെയോ പിതാക്കന്മാരിൽ നിന്നാണ്. ശാബതിൽ നിങ്ങൾ മനുഷ്യർക്കു പരിഛേദന നടത്തുന്നു. മോശയുടെ ന്യായപ്രമാണം ലംഘിക്കാതിരിക്കാൻ ഒരുവനെ ശാബതുദി വസം പരിഛേദന ചെയ്യാമെങ്കിൽ, ശാബതുദിവസം ഒരു മനുഷ്യനു പൂർണ്ണസൗഖ്യം ന ല്കിയതിനെക്കുറിച്ച് നിങ്ങൾ എന്നിൽ നീരസപ്പെടുന്നുവോ? നിങ്ങൾ മുഖം നോക്കി വി ധി നടത്തരുത്. പിന്നെയോ നീതിയായി വിധി നടത്തുവിൻ.' അപ്പോൾ ഊർശ്ലേംകാരായ ചിലർ പറഞ്ഞു. 'ഇവനെയല്ലയോ (അവർ) കൊല്ലുവാനായി അന്വേഷിക്കുന്നത്. ഇതാ ഇവൻ പരസ്യമായി സംസാരിക്കുന്നു. ഇവർ ഇവനോട് ഒന്നും പറയുന്നുമില്ല. ഇവൻ സത്യ

മായി മിശിഹാ തന്നെയെന്ന് നമ്മുടെ കാശീശന്മാർ ഗ്രഹിച്ചിരിക്കുമോ? എങ്കിലും ഇവൻ എവിടെ നിന്നാണ് വന്നതെന്ന് നമുക്കറിയാം. എന്നാൽ മിശിഹാ വരുമ്പോഴാകട്ടെ എവിടെ നിന്നെന്ന് ഒരുവനും അറിയുകയില്ല.'

## ബുധൻ ഉച്ച

**വി. യോഹന്നാൻ 7:28-39**

*ഹാ- ഹാ- ഭോഷത്തരമവരുടെ വായുര ചെയ്യുന്നു*
*അന്യായം അവരുടെ വലതു കരത്തിൽ കവിയുന്നു. ഹാ-*

അനന്തരം യേശു ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഉച്ചത്തിൽ ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ എന്നെ അറിയുന്നു. ഞാൻ എവിടെ നിന്നാണ് വന്നതെന്നും അറിയുന്നു. ഞാൻ സ്വയമായി വന്നവനല്ല. പിന്നെയോ എന്നെ അയച്ചവൻ സത്യവാനാകുന്നു. അവനെ നിങ്ങൾ അറിയുന്നില്ല. ഞാൻ അവനെ അറിയുന്നു. എന്തെന്നാൽ ഞാൻ അവന്റെ അടുക്കൽനിന്നാണു വന്നത്; അവൻ എന്നെ അയച്ചു.' അപ്പോൾ അവർ അവനെ പിടിപ്പാൻ ആഗ്രഹിച്ചു. എങ്കിലും അവന്റെ സമയം അപ്പോഴും ആയിട്ടില്ലായിരുന്നതിനാൽ ഒരുവനും അവനിൽ കൈവച്ചില്ല. പുരുഷാരത്തിൽ പലരും അവനിൽ വിശ്വസിക്കയും 'മിശിഹാ വരുമ്പോൾ ഇവൻ ചെയ്യുന്നതിലധികം അടയാളങ്ങൾ ചെയ്യുമോ' എന്ന് പറകയുയും ചെയ്തു. ജനങ്ങൾ അവനെക്കുറിച്ച് ഇങ്ങനെ പറയുന്നത് പരീശന്മാർ കേട്ടു. അവരും പ്രധാനാചാര്യന്മാരുംകൂടി അവനെ പിടിപ്പാനായി പടയാളികളെ അയച്ചു. അനന്തരം യേശു: 'ഞാൻ ഇനി അല്പകാലം നിങ്ങളോടുകൂടിയിരിക്കും. പിന്നെ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു പോകും. നിങ്ങൾ എന്നെ അന്വേഷിക്കും; കാണുകയില്ല. ഞാൻ ഇരിക്കുന്നിടത്തു വരുവാൻ നിങ്ങൾക്കു കഴിയുകയുമില്ല' എന്ന് പറഞ്ഞു. 'നമുക്കു കണ്ടുപിടിക്കുവാൻ കഴിയാത്തവിധം ഇവൻ എവിടേക്കു പോകും? പക്ഷെ വിജാതീയദേശങ്ങളിൽ പോയി അന്യജാതികളെ പഠിപ്പിക്കുമോ? നിങ്ങൾ എന്നെ അന്വേഷിക്കും. കണ്ടെത്തുകയില്ല. ഞാൻ ഇരിക്കുന്നിടത്തു വരുവാൻ നിങ്ങൾക്കു കഴിയുകയുമില്ല' എന്ന് ഇവൻ പറഞ്ഞ ഈ വചനം എന്താകുന്നു?' ഇങ്ങനെ യഹൂദന്മാർ പരസ്പരം പറഞ്ഞു.

എന്നാൽ പെരുന്നാളിന്റെ അവസാനത്തേതതായ പ്രധാന ദിവസം യേശു നിന്നുകൊണ്ട് 'ഒരുവൻ ദാഹിച്ചിരിക്കുന്നുവെങ്കിൽ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്നപ്രകാരം എന്നിൽ വിശ്വസിക്കുന്ന ഏവന്റെയും ഉള്ളിൽ നിന്ന് ജീവജലനദികൾ പ്രവഹിക്കും' എന്ന് വിളിച്ചുപറഞ്ഞു. തന്നിൽ വിശ്വസിക്കുന്നവർ പ്രാപിക്കുവാനിരിക്കുന്ന 'ആത്മാവിനെ' കുറിച്ചായിരുന്നു അവൻ ഇങ്ങനെ പറഞ്ഞത്. എന്തെന്നാൽ അപ്പോഴും യേശു മഹത്ത്വം പ്രാപിച്ചിട്ടില്ലായിരുന്നതുകൊണ്ട് അതുവരെ പരിശുദ്ധാത്മാവ് നല്കപ്പെട്ടിരുന്നില്ല.

## ബുധൻ ഒമ്പതാം മണി

**വി. ലൂക്കോസ് 13:31-33 + വി. മർക്കോസ് 8:38 + വി. ലൂക്കോസ് 12:50; 13:17 + വി. മർക്കോസ് 3:6; 6:3 + വി. യോഹന്നാൻ 10:39-40**

*ഹാ- ഭോഷത്തരമവരുടെ വായുര ചെയ്യുന്നു*
*അന്യായം അവരുടെ വലതു കരത്തിൽ കവിയുന്നു. ഹാ-*

ആ ദിവസംതന്നെ പരീശന്മാരിൽ ചിലർ അടുത്തു ചെന്ന് 'നീ ഇവിടെ നിന്ന് പൊയ്ക്കൊൾക. എന്തെന്നാൽ ഹേറോദേസ് നിന്നെ കൊല്ലുവാനാഗ്രഹിക്കുന്നു' എന്ന് പറഞ്ഞു. യേശു അവരോട് 'നിങ്ങൾ പോയി ആ കുറുക്കനോട് പറയുക, ഇതാ ഇന്നും

നാളയും ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കയും രോഗശാന്തി വരുത്തുകയും മൂന്നാം ദിവസം അവസാനിക്കയും ചെയ്യും. എങ്കിലും ഊർശ്ലേമിന് പുറത്തുവച്ച് ഒരു ദീർഘ ദർശിയും നശിച്ചുപോകുവാൻ പാടില്ലാത്തതിനാൽ ഇന്നും നാളെയും ഞാൻ പ്രവർത്തി ക്കേണ്ടതും അടുത്ത ദിവസം ഞാൻ പേകേണ്ടതുമാകുന്നു.

'എന്തുകൊണ്ടെന്നാൽ പാപവും വ്യഭിചാരവുമുള്ള ഈ തലമുറയിൽ ഒരുവൻ എന്നെ ക്കുറിച്ചും എന്റെ വചനങ്ങളെക്കുറിച്ചും ലജ്ജിച്ചാൽ മനുഷ്യപുത്രൻ തന്റെ പരിശുദ്ധ മാലാ ഖമാരോടുകൂടി പിതാവിന്റെ മഹത്ത്വത്തിൽ വരുമ്പോൾ അവനെക്കുറിച്ചും ലജ്ജിക്കും.'

എനിക്ക് ഒരു സ്നാനം ഏൽക്കുവാനുണ്ട്. അതു നിവർത്തിക്കുന്നതുവരെ എനിക്കു വളരെ ഞെരുക്കവുമുണ്ട്.

അവൻ ഇങ്ങനെ പറഞ്ഞപ്പോൾ പ്രതികൂലികളായി നിന്നിരുന്നവരെല്ലാവരും ലജ്ജിച്ചു. ജനങ്ങളെല്ലാം അവൻ മൂലം നടന്നുകൊണ്ടിരുന്ന സകല വിസ്മയസംഭവങ്ങളെ കുറിച്ചും സന്തോഷിച്ചു.

ഉടൻ തന്നെ പരീശന്മാർ 'ഹേരോദേസ്യ'രോടുകൂടി പുറപ്പെട്ട് അവനെ നശിപ്പിക്കേണ്ട തിന് അവനെതിരായി ആലോചിച്ചു.

ഇവൻ മറിയാമിന്റെ മകനും, യാക്കോബിന്റെയും, യോസിയുടെയും, യഹൂദായുടെയും, ശെമവൂന്റെയും, സഹോദരനുമായ മരപ്പണിക്കാരനല്ലയോ? ഇവന്റെ സഹോദരിമാർ ഇതാ ഇവിടെ നമ്മുടെ അടുക്കൽ ഇല്ലയോ?' അവർ അവനോടു നീരസപ്പെടുകയും ചെയ്തു.

അവർ പിന്നെയും അവനെ പിടിപ്പാനാഗ്രഹിച്ചു. അവൻ അവരുടെ പിടിയിൽ നിന്ന് പുറത്തു കടന്നു. അനന്തരം അവൻ യോർദാന്റെ കരയിൽ, യോഹന്നാൻ മുമ്പ് മാമോ ദീസാ മുക്കിക്കൊണ്ടിരുന്ന സ്ഥലത്തു ചെന്ന് അവിടെ താമസിച്ചു.

# പെസഹാ

## സന്ധ്യ

**വി. യോഹന്നാൻ 7:37-52; 8:12-20**

*ഹാ- ഹാ- വൈരിസമൂഹമെനിക്കെതിരായ് മന്ത്രിച്ചു*
*ദോഷം ചെയ്‌വാനവരാലോചിച്ചു. ഹാ-*

എന്നാൽ പെരുന്നാളിന്റെ അവസാനത്തേതതായ പ്രധാന ദിവസം യേശു നിന്നുകൊണ്ട് 'ഒരുവൻ ദാഹിച്ചിരിക്കുന്നുവെങ്കിൽ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. തിരുവെഴുത്തുക ളിൽ പറഞ്ഞിരിക്കുന്നപ്രകാരം എന്നിൽ വിശ്വസിക്കുന്ന ഏവന്റെയും ഉള്ളിൽ നിന്ന് ജീവ ജലനദികൾ പ്രവഹിക്കും' എന്ന് വിളിച്ചുപറഞ്ഞു. തന്നിൽ വിശ്വസിക്കുന്നവർ പ്രാപിക്കു വാനിരിക്കുന്ന 'ആത്മാവിനെ' കുറിച്ചായിരുന്നു അവൻ ഇങ്ങനെ പറഞ്ഞത്. എന്തെന്നാൽ അപ്പോഴും യേശു മഹത്ത്വം പ്രാപിച്ചിട്ടില്ലായിരുന്നതുകൊണ്ട് അതുവരെ പരിശുദ്ധാത്മാവ് നല്കപ്പെട്ടിരുന്നില്ല. ജനസംഘത്തിൽ അവന്റെ വചനം കേട്ട പലരും 'ഇവൻ സത്യമായും പ്രവാചകൻ തന്നെ' എന്ന് പറഞ്ഞു. മറ്റു ചിലർ 'ഇവൻ മിശിഹാ ആകുന്നു' എന്ന് പറഞ്ഞു. വേറെ ചിലർ 'ഗലീലായിൽ നിന്ന് മിശിഹാ വരുമോ? ദാവീദിന്റെ സന്തതിയിൽ നിന്ന് ദാവീദിന്റെ ഗ്രാമമായ ബേത്‌ലഹേമിൽ നിന്നുതന്നെ, മിശിഹാ വരുമെന്നല്ലയോ തിരുവെഴുത്തിൽ വിവരിച്ചിരിക്കുന്നത്' എന്ന് പറഞ്ഞു. അങ്ങനെ അവൻമൂലം പുരുഷാ രത്തിൽ ഭിന്നതയുണ്ടായി. അവരിൽ ചിലർ അവനെ പിടിപ്പാൻ ആഗ്രഹിച്ചുവെങ്കിലും ഒരുവനും അവനിൽ കൈ വച്ചില്ല.

അനന്തരം ആ പടയാളികൾ പ്രധാനാചാര്യന്മാരുടെയും പരീശന്മാരുടെയും അടുക്കൽ ചെന്നു. അപ്പോൾ ആചാര്യന്മാർ അവരോട് 'നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞതെന്തുകൊണ്ട്' എന്ന് ചോദിച്ചു. പടയാളികൾ അവരോട് 'ഈ മനുഷ്യൻ സംസാരിക്കുന്നതു പോലെ ഒരുവനും ഒരുകാലത്തും സംസാരിച്ചിട്ടില്ല' എന്ന് പറഞ്ഞു. പരീശന്മാർ അവരോട് 'നിങ്ങളും തെറ്റിപ്പോയോ. ന്യായപ്രമാണം അറിഞ്ഞു കൂടാത്ത ഈ ശപിക്കപ്പെട്ട ജനമല്ലാതെ, പ്രധാനികളിലോ പരീശന്മാരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ' എന്ന് ചോദിച്ചു. രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്നവനും അവരിലൊരുവനുമായ നീക്കോദീമോസ് അവരോട് 'ആദ്യമേ പറയാനുള്ളത് കേൾക്കാതെയും, (അവൻ) ചെയ്തതെന്തെന്ന് അറിയാതെയും ഒരുവനെ നമ്മുടെ ന്യായപ്രമാണം കുറ്റപ്പെടുത്തുന്നുണ്ടോ' എന്ന് ചോദിച്ചു. അവർ അവനോട് 'നീയും ഗലീലാക്കാരനാണോ? ഗലീലായിൽനിന്ന് ഒരു ദീർഘദർശി ഉണ്ടാകുന്നില്ലെന്നത് നീ പരിശോധിച്ചറിയുക' എന്ന് പറഞ്ഞു.

അനന്തരം യേശു അവരോട് 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കയില്ല. പിന്നെയോ അവന് ജീവന്റെപ്രകാശം കണ്ടു കിട്ടും' എന്ന് പറഞ്ഞു. പരീശന്മാർ അവനോട് 'നിന്നെക്കുറിച്ചു നീ തന്നെ സാക്ഷ്യം നൽകുന്നു. നിന്റെ സാക്ഷ്യം സത്യമല്ല' എന്ന് പറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. 'ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം നല്കിയാലും എന്റെ സാക്ഷ്യം സത്യമാകുന്നു. എന്തെന്നാൽ ഞാൻ എവിടെ നിന്നാണ് വന്നതെന്നും എവിടേക്കാണ് പോകുന്നതെന്നും എനിക്കറിയാം. എന്നാൽ നിങ്ങളോ ഞാൻ എവിടെ നിന്നാണ് വന്നതെന്നും എവിടേക്കാണ് പോകുന്നതെന്നും അറിയുന്നില്ല. നിങ്ങൾ ശാരീരികമായി വിധിക്കുന്നു. ഞാൻ ഒരുവനെയും വിധിക്കുന്നില്ല. എന്നാൽ ഞാൻ വിധിച്ചാൽതന്നെയും, എന്റെ വിധി സത്യമായിരിക്കും. എന്തെന്നാൽ ഞാൻ ഏകനായിട്ടല്ല, ഞാനും എന്നെ അയച്ച പിതാവും കൂടിയാണ് വിധിക്കുന്നത്. 'രണ്ടു പേരുടെ സാക്ഷ്യം സത്യമാകുന്നു' എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിട്ടുണ്ടല്ലോ. എന്നെക്കുറിച്ചു ഞാൻതന്നെ സാക്ഷ്യം നൽകുന്നു; എന്നെ അയച്ച പിതാവും സാക്ഷ്യം നൽകുന്നു.' അവർ അവനോട് 'നിന്റെ പിതാവ് എവിടെയാകുന്നു എന്ന് ചോദിച്ചതിന് യേശു ഉത്തരമായി 'നിങ്ങൾ എന്നെയോ എന്റെ പിതാവിനെയോ അറിയുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു' എന്ന് പറഞ്ഞു. അവൻ ദേവാലയത്തിൽ പഠിപ്പിച്ചു കൊണ്ടിരിക്കേ ഭണ്ഡാരസ്ഥലത്തു വച്ചാണ് ഈ വചനങ്ങൾ സംസാരിച്ചത്. അപ്പോഴും അവന്റെ സമയം ആയിട്ടില്ലായിരുന്നതുകൊണ്ട് ഒരുവനും അവനെ പിടിച്ചില്ല.

## വ്യാഴം രാത്രി ഒന്നാം കൗമാ

**വി. മത്തായി 26:17-30**

*ഹാ- ഹാ- ദോഷി മനസ്സിൽ ദോഷം ചിന്തിപ്പൂ*
*ദൈവഭയം പാർക്കിലവനില്ല. ഹാ-*

പത്തീറാപെരുന്നാളിന്റെ ഒന്നാം ദിവസം ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ ചെന്ന് അവനോട് 'പെസഹാ ഭക്ഷിപ്പാൻ ഞങ്ങൾ എവിടെ ഒരുക്കുന്നതാണ് നിനക്കിഷ്ടം' എന്ന് ചോദിച്ചു. അവൻ അവരോട് പറഞ്ഞു: 'നിങ്ങൾ പട്ടണത്തിൽ ഇന്നയാളുടെ അടുക്കൽ ചെന്ന് അവനോട് പറയുക, എന്റെ സമയം അടുത്തു; ഞാൻ എന്റെ ശിഷ്യന്മാരുമായി നിന്റെ അടുക്കൽ പെസഹാ കഴിക്കുമെന്ന് ഞങ്ങളുടെ ഗുരു പറയുന്നു'. അവന്റെ ശിഷ്യന്മാർ യേശു അവരോടു കല്പിച്ചപ്രകാരം ചെന്ന് പെസഹാ ഒരുക്കി. സന്ധ്യയായപ്പോൾ അവൻ

തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടു കൂടി ഭക്ഷണത്തിനിരുന്നു. അവർ ഭക്ഷിക്കുമ്പോൾ 'നിങ്ങളിൽ ഒരുവൻ എന്നെ ഏല്പിച്ചുകൊടുക്കുമെന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു' എന്ന് പറഞ്ഞു. അപ്പോൾ അവർ ഏറ്റവും ദുഃഖിച്ചു. അവരിൽ ഓരോരുവൻ 'എന്റെ കർത്താവേ! അതു ഞാനോ' എന്ന് അവനോടു ചോദിച്ചു തുടങ്ങി. അവൻ ഉത്തരമായി ഇപ്രകാരം പറഞ്ഞു: 'താലത്തിൽ എന്നോടു കൂടി കൈ മുക്കുന്നവൻ എന്നെ ഏല്പിച്ചുകൊടുക്കും. മനുഷ്യപുത്രൻ തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നപ്രകാരം പോകുന്നു. എന്നാൽ മനുഷ്യപുത്രൻ ആരാൽ ഏല്പിക്കപ്പെടുന്നുവോ ആ മനുഷ്യനു ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു.' ഒറ്റു കൊടുക്കുന്നവനായ യൂദാ ഉത്തരമായി 'റബീ! അതു ഞാനോ' എന്ന് ചോദിച്ചു. യേശു അവനോട് 'നീ തന്നെ പറഞ്ഞുവല്ലോ' എന്ന് പറഞ്ഞു. അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് പറഞ്ഞു, 'നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. ഇത് എന്റെ ശരീരമാകുന്നു'. പിന്നെ അവൻ പാനപാത്രം എടുത്തു സ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'വാങ്ങി ഇതിൽ നിന്ന് നിങ്ങൾ എല്ലാവരും കുടിപ്പിൻ. എന്റെ ഈ രക്തം പാപമോചനത്തിനായി അനേകർക്കു വേണ്ടി ചൊരിയപ്പെടുന്ന പുതിയനിയമത്തിന്റെ രക്തമാകുന്നു. എന്റെ പിതാവിന്റെ രാജ്യത്തിൽ വച്ചു നിങ്ങളോടുകൂടി പുതുതായി കുടിക്കുന്ന നാൾ വരെ ഈ മുന്തിരിരസം ഇനി മേൽ ഞാൻ കുടിക്കയില്ലെന്ന് നിങ്ങളോടു പറയുന്നു.' പിന്നെ അവർ സ്തോത്രം ചെയ്തിട്ടു സൈത്തുപർവ്വതത്തിലേക്കു പുറപ്പെട്ടു.

## വ്യാഴം രാത്രി രണ്ടാം കൗമാ

### വി. യോഹന്നാൻ 6:24-40

*ഹാ- ഹാ- ദോഷി മനസ്സിൽ ദോഷം ചിന്തിപ്പൂ*
*ദൈവഭയം പാർക്കിലവനില്ല. ഹാ-*

ആ പുരുഷാരം യേശുവും ശിഷ്യന്മാരും അവിടെ ഇല്ലെന്നു കണ്ടിട്ട് ആ വഞ്ചികളിൽ കയറി യേശുവിനെ അന്വേഷിച്ച് കഫർനാഹൂമിൽ ചെന്നു. അവർ കടലിന് അക്കരെ വച്ച് അവനെ കണ്ടിട്ട് 'ഗുരോ! നീ എപ്പോൾ ഇവിടെ വന്നു' എന്ന് ചോദിച്ചു. യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, നിങ്ങൾ എന്നെ അന്വേഷിക്കുന്നത് അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടത്രേ. നിങ്ങൾ നശിച്ചുപോകുന്ന ആഹാരത്തിനു വേണ്ടിയല്ല, നിത്യജീവനായി നിലനിൽക്കുന്ന ആഹാരത്തിനു വേണ്ടിയാണ് പ്രയത്നിക്കേണ്ടത്. ഇതു മനുഷ്യപുത്രൻ നിങ്ങൾക്കു നൽകും. അവനെ പിതാവ് ദൈവമായി മുദ്രകുത്തിയിരിക്കുന്നു.' അവർ അവനോട് 'ദൈവത്തിന്റെ പ്രവൃത്തികൾ അനുഷ്ഠിപ്പാൻ ഞങ്ങൾ എന്തു ചെയ്യണം' എന്ന് ചോദിച്ചു. യേശു അവരോട് 'ദൈവത്തിന്റെ പ്രവൃത്തി ദൈവത്താൽ അയയ്ക്കപ്പെട്ടവനെ നിങ്ങൾ വിശ്വസിക്കുന്നതാകുന്നു' എന്നുത്തരം പറഞ്ഞു. അവർ യേശുവിനോട് 'ഞങ്ങൾ കണ്ട് നിന്നെ വിശ്വസിപ്പാൻ തക്കവിധം നീ എന്തടയാളം കാണിക്കുന്നു? എന്തു പ്രവർത്തിക്കുന്നു? 'അവർക്കു ഭക്ഷിപ്പാൻ സ്വർഗ്ഗത്തിൽ നിന്ന് അപ്പം കൊടുത്തു' എന്ന് എഴുതിയിരിക്കുന്നപ്രകാരം, ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് 'മന്നാ' ഭക്ഷിച്ചിട്ടുണ്ട്' എന്ന് പറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. സ്വർഗ്ഗത്തിൽ നിന്ന് അപ്പം നിങ്ങൾക്കു തന്നത് മൂശയല്ല, സ്വർഗ്ഗത്തിൽ നിന്ന് സാക്ഷാൽ അപ്പം നിങ്ങൾക്കു തരുന്നത്

എന്റെ പിതാവത്രേ. ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽ നിന്നിറങ്ങി ലോകത്തിനു ജീവൻ കൊടുക്കുന്നതാകുന്നു.' അവർ അവനോട് 'കർത്താവേ! ഈ അപ്പം ഞങ്ങൾക്കു സദാ നല്കണമേ എന്ന് പറഞ്ഞു. യേശു അവരോട്: 'ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നെ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കയുമില്ല. എന്നാൽ നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ലെന്ന് നിങ്ങളോടു ഞാൻ പറഞ്ഞുവല്ലോ. എന്റെ പിതാവ് എനിക്കായി നല്കിയിട്ടുള്ള ഏവനും എന്റെ അടുക്കൽ വരും. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഉപേക്ഷിക്കയുമില്ല. എന്തെന്നാൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നത് എന്റെ ഇഷ്ടം നടത്തുവാനല്ല; എന്നെ അയച്ചവന്റെ ഇഷ്ടം നടത്തുവാനാണ്. അവൻ നല്കിയിട്ടുള്ള ഒരുവനെയും നശിപ്പിക്കാതെ അവസാനദിവസം ഞാൻ ഉദ്ധരിക്കണമെന്നുള്ളതാണ് എന്നെ അയച്ചവന്റെ ഇഷ്ടം. എന്തെന്നാൽ പുത്രനെ കണ്ട് അവനെ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ലഭിക്കണമെന്നതും അവസാനനാളിൽ ഞാൻ അവനെ ഉദ്ധരിക്കണമെന്നതുമാണ് എന്റെ പിതാവിന്റെ ഇഷ്ടം.'

## വ്യാഴം രാത്രി മൂന്നാം കൗമാ

**വി. യോഹന്നാൻ 6:41-63**

*ഹാ- ഹാ- ദോഷി മനസ്സിൽ ദോഷം ചിന്തിപ്പൂ*
*ദൈവഭയം പാർക്കിലവനില്ല. ഹാ-*

'ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാകുന്നു' എന്ന് പറഞ്ഞതുകൊണ്ട് യഹൂദന്മാർ യേശുവിൽ നീരസപ്പെടുകയും 'ഇവൻ യൌസേപ്പിന്റെ പുത്രനായ യേശുവല്ലയോ? ഇവന്റെ പിതാവിനെയും മാതാവിനെയും നാം അറിയുന്നുവല്ലോ? ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു എന്ന് ഇവൻ പറയുന്നതെന്ത്' എന്ന് പറകയും ചെയ്തു. യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'നിങ്ങൾ അന്യോന്യം മന്ത്രിക്കേണ്ട. എന്നെ അയച്ച പിതാവ് ആകർഷിക്കാതെ ഒരുവനും എന്റെ അടുക്കൽ വരുവാൻ കഴിയുന്നില്ല. അവസാനനാളിൽ ഞാൻ അവനെ ഉദ്ധരിക്കയും ചെയ്യും. എന്തെന്നാൽ 'ദൈവം എല്ലാവരെയും പഠിപ്പിക്കു' മെന്ന് ദീർഘദർശി എഴുതിയിരിക്കുന്നു. അതുകൊണ്ട് പിതാവിൽ നിന്ന് കേട്ടു പഠിക്കുന്ന ഏവനും എന്റെ അടുക്കൽ വരും. ആരും പിതാവിനെ കണ്ടിട്ടില്ല. പിന്നെയോ ദൈവസന്നിധിയിൽ നിന്ന് വന്നിട്ടുള്ളവനാണ് പിതാവിനെ കാണുന്നത്. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. എന്നെ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. ഞാൻ ജീവനുള്ള അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മന്നാ ഭക്ഷിച്ചിട്ടും മരിച്ചുപോയി. ഈ അപ്പമോ ആരെങ്കിലും ഭക്ഷിച്ചാൽ മരിക്കാതിരിക്കത്തക്കവിധം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയിട്ടുള്ളതാകുന്നു. ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ ജീവനുള്ള അപ്പമാകുന്നു. ഒരുവൻ ഈ അപ്പം ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുന്ന അപ്പം ലോകത്തിന്റെ ജീവനു വേണ്ടി കൊടുക്കുന്ന എന്റെ ശരീരമാകുന്നു.' യഹൂദന്മാർ അന്യോന്യം വാദിച്ച് 'അവന്റെ ശരീരം നമുക്കു ഭക്ഷിപ്പാൻ തരുന്നതിന് ഇവനെങ്ങനെ കഴിയും' എന്ന് പറഞ്ഞു. യേശു അവരോടിപ്രകാരം പറഞ്ഞു: 'ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനുണ്ടാകയില്ല. എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവനുണ്ടാകും. ഞാൻ അവസാനനാളിൽ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ എന്റെ ശരീരം സത്യമായും ഭക്ഷണവും എന്റെ രക്തം സത്യമായും പാനീയവുമാകുന്നു. എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം

കുടിക്കയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചു. പിതാവു നിമിത്തം ഞാൻ ജീവനുള്ളവനായിരിക്കുന്നു. ഇപ്രകാരം തന്നെ എന്നെ ഭക്ഷിക്കുന്നവനും ഞാൻ നിമിത്തം ജീവിക്കും. ഇത് സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ 'മന്നാ' ഭക്ഷിച്ചിട്ടും മരിച്ചുപോയതു പോലെയല്ല, ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.' അവൻ കഫർനാഹൂമിൽ പഠിപ്പിച്ചുകൊണ്ടിരിക്കേ സംഘാലയത്തിൽ വച്ചാണ് ഇപ്രകാരം പറഞ്ഞത്. അവന്റെ ശിഷ്യന്മാരിൽ ഇതു കേട്ട പലരും 'ഈ വചനം കഠിനംതന്നെ; ഇതിനെ അനുസരിപ്പാൻ ആർക്കു കഴിയും' എന്ന് പറഞ്ഞു. അപ്പോൾ യേശു തന്റെ ശിഷ്യന്മാർ ഇതിനെ കുറിച്ചു മന്ത്രിക്കുന്നു എന്ന് സ്വയം അറിഞ്ഞിട്ട് അവരോട് ഇപ്രകാരം പറഞ്ഞു: 'ഇതു നിങ്ങൾക്ക് ഇടർച്ചയാകുന്നുവോ? അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ മുമ്പ് ഇരുന്ന സ്ഥലത്തേക്കു കയറുന്നത് നിങ്ങൾ കണ്ടാലോ? ജീവൻ നൽകുന്നത് ആത്മാവാകുന്നു. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനുമാകുന്നു.

## വ്യാഴം പ്രഭാതം

**വി. ലൂക്കോസ് 22:1–12; വി. മത്തായി 26:19**

*ഹാ- ഹാ- ദോഷി മനസ്സിൽ ദോഷം ചിന്തിപ്പൂ*
*ദൈവഭയം പാർക്കിലവനില്ല. ഹാ-*

പെസഹാ എന്ന് വിളിക്കപ്പെടുന്ന പത്തീറാപെരുന്നാൾ സമീപിച്ചു. പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും യേശുവിനെ എങ്ങനെ കൊല്ലേണ്ടു എന്ന് ആരാഞ്ഞു. പക്ഷേ അവർ ജനങ്ങളെ ഭയപ്പെട്ടിരുന്നു. അങ്ങനെയിരിക്കേ പന്തിരുവരുടെ ഗണത്തിൽപ്പെട്ടവനും സ്ക്കറിയൂത്താ എന്ന് വിളിക്കപ്പെട്ടിരുന്നവനുമായ യൂദായിൽ സാത്താൻ പ്രവേശിച്ചു. അവൻ ചെന്ന് പ്രധാനാചാര്യന്മാരോടും വേദപണ്ഡിതന്മാരോടും ദേവാലയത്തിലെ സൈന്യപ്രമാണികളോടും അവനെ അവർക്ക് ഏല്പിച്ചുകൊടുക്കുവാൻ വേണ്ടതു സംസാരിച്ചു. അവർ സന്തോഷിച്ച് അവന് ദ്രവ്യം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു. അവനും അവർക്കു വാക്കു കൊടുത്തിട്ട് പുരുഷാരമില്ലാത്തപ്പോൾ അവനെ അവർക്ക് ഏല്പിച്ചുകൊടുപ്പാൻ അവസരം നോക്കിക്കൊണ്ടിരുന്നു. പെസഹാക്കുഞ്ഞാടിനെ അറുക്കുക പതിവായിരുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിവസം അടുത്തു. യേശു കീപ്പായെയും യോഹന്നാനെയും അയച്ചുകൊണ്ട് അവരോട് 'നിങ്ങൾ പോയി നമുക്കു ഭക്ഷിപ്പാൻ പെസഹാ ഒരുക്കുവിൻ' എന്ന് പറഞ്ഞു. അവർ അവനോട് 'ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത്' എന്ന് ചോദിച്ചു. അവൻ അവരോട് 'നിങ്ങൾ പട്ടണത്തിൽ പ്രവേശിച്ചാലുടൻ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് ഒരു മനുഷ്യൻ നിങ്ങളുടെ നേരേ വരും. അവനെ അനുഗമിപ്പിൻ. അവൻ പ്രവേശിക്കുന്ന വീടിന്റെ ഉടമസ്ഥനോട് 'എനിക്ക് എന്റെ ശിഷ്യന്മാരോടുകൂടി പെസഹാഭക്ഷണം കഴിക്കേണ്ട ഭവനം ഏതാകുന്നുവെന്ന് ഞങ്ങളുടെ ഗുരു ചോദിക്കുന്നു എന്ന് പറയുവിൻ. അപ്പോൾ അവൻ വിരിച്ചൊരുക്കിയ ഒരു വലിയ മാളിക നിങ്ങൾക്കു കാണിച്ചുതരും. അവിടെ ഒരുക്കുവിൻ' എന്ന് പറഞ്ഞു. അവന്റെ ശിഷ്യന്മാർ യേശു അവരോടു കല്പിച്ചപ്രകാരം ചെയ്തു. പെസഹാ ഒരുക്കി.

## വ്യാഴം മൂന്നാം മണി

**വി. യോഹന്നാൻ 12:23-36**

*ഹാ- ഹാ- എന്നവനുടെ നാമം മൃതിയാൽ മായും*
*എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു. ഹാ-*

യേശു അവരോട് ഇപ്രകാരം പറഞ്ഞു. 'മനുഷ്യപുത്രൻ മഹത്ത്വീകരിക്കപ്പെടേണ്ട സമയമായിരിക്കുന്നു. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, കോതമ്പുമണി നിലത്തു വീണിട്ട് അഴുകുന്നില്ലെങ്കിൽ അത് തനിയേയിരിക്കും. എന്നാൽ അഴുകുന്നെങ്കിലോ വളരെ ഫലം നൽകും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ നശിപ്പിക്കും. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനായി അതിനെ കാത്തു സൂക്ഷിക്കും. ഒരുവൻ എന്നെ ശുശ്രൂഷിക്കുന്നുവെങ്കിൽ അവൻ എന്റെ പിന്നാലെ വരട്ടെ. ഞാൻ ഇരിക്കുന്നിടത്തുതന്നെ എന്റെ ശുശ്രൂഷകനും ഇരിക്കും. എന്റെ ശുശ്രൂഷകനെ പിതാവ് ബഹുമാനിക്കയും ചെയ്യും. ഇപ്പോൾ ഇതാ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടൂ. എന്റെ പിതാവേ! ആ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കണമേ! എങ്കിലും ഇതിനു വേണ്ടിയാണല്ലോ ഈ നാഴികയിൽ ഞാൻ വന്നുചേർന്നിരിക്കുന്നത്. പിതാവേ! നിന്റെ നാമം മഹത്ത്വപ്പെടുത്തണമേ!' അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് 'ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്ത്വപ്പെടുത്തുകയും ചെയ്യും' എന്നൊരു ശബ്ദം കേൾക്കപ്പെട്ടു. അവിടെ നിന്നിരുന്ന പുരുഷാരം അതു കേട്ടിട്ട് 'ഇടിമുഴക്കമുണ്ടായതാണ്' എന്ന് പറഞ്ഞു. എന്നാൽ മറ്റു ചിലർ 'മാലാഖാ അവനോട് സംസാരിച്ചതാണ്' എന്നും പറഞ്ഞു. അപ്പോൾ യേശു അവരോട് 'ഈ ശബ്ദം ഉണ്ടായത് എനിക്കു വേണ്ടിയല്ല. നിങ്ങൾക്കു വേണ്ടിയാകുന്നു. ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി നടക്കുകയാണ്. ഇപ്പോൾ ഈലോകപ്രമാണി പുറത്തു തള്ളപ്പെടും. ഞാൻ ഭൂമിയിൽ നിന്നുയർത്തി നാട്ടപ്പെട്ടതിനു ശേഷം എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും' എന്ന് പറഞ്ഞു. എപ്രകാരമുള്ള മരണം തനിക്ക് അനുഭവിക്കേണ്ടിയിരിക്കുന്നുവെന്ന് കാണിപ്പാനായിരുന്നു അവൻ ഇങ്ങനെ പറഞ്ഞത്. ജനക്കൂട്ടം യേശുവിനോട് 'മിശിഹാ എന്നേക്കും ഇരിക്കുമെന്ന് ഞങ്ങൾ ന്യായപ്രമാണത്തിൽ നിന്ന് കേട്ടിട്ടുണ്ട്. 'മനുഷ്യപുത്രൻ ഉയർത്തി നാട്ടപ്പെടും' എന്ന് നീ പറയുന്നതെന്ത്? ഈ മനുഷ്യപുത്രൻ ആരാകുന്നു' എന്ന് ചോദിച്ചു. യേശു അവരോടു പറഞ്ഞു: 'ഇനി കുറച്ചുകാലം പ്രകാശം നിങ്ങളോടുകൂടി ഇരിക്കും. അന്ധകാരം നിങ്ങളെ പിടികൂടാതിരിപ്പാനായി വെളിച്ചമുള്ളപ്പോൾ നിങ്ങൾ നടന്നുകൊൾവിൻ. ഇരുട്ടത്തു സഞ്ചരിക്കുന്നവൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല. പ്രകാശസന്താനങ്ങളാകുവാനായി നിങ്ങൾ പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിപ്പിൻ.' ഇങ്ങനെ പറഞ്ഞിട്ട് യേശു പോയി അവരിൽനിന്ന് മറഞ്ഞു.

## വ്യാഴം ഉച്ച

**വി. മർക്കോസ് 14:1-2 + വി. ലൂക്കോസ് 7:36-50**

*ഹാ- ഹാ- എന്നവനുടെ നാമം മൃതിയാൽ മായും*
*എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു. ഹാ-*

രണ്ടു ദിവസത്തിനു ശേഷമായിരുന്നു 'പുളിപ്പില്ലാത്ത അപ്പത്തിന്റെ പെസഹാ.' പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും യേശുവിനെ സൂത്രത്തിൽ പിടിച്ചു കൊല്ലേണ്ടതെങ്ങനെയെന്ന് ആരാഞ്ഞു. ജനങ്ങളുടെ ഇടയിൽ കലഹം ഉണ്ടായേക്കുമെന്നു വച്ച് പെരുന്നാളിൽ വേണ്ട എന്ന് അവർ പറഞ്ഞു.

അനന്തരം പരീശന്മാരിലൊരുവൻ വന്ന് തന്നോടൊരുമിച്ച് ഭക്ഷിക്കണമെന്ന് യേശുവിനോടപേക്ഷിച്ചു. അവൻ ആ പരീശന്റെ ഭവനത്തിൽ പ്രവേശിച്ച് ഭക്ഷണത്തിനിരുന്നു. പരീശന്റെ ഭവനത്തിൽ അവൻ ഭക്ഷണത്തിനിരിക്കുന്നു എന്നറിഞ്ഞിട്ട് ആ പട്ടണത്തിലുണ്ടായിരുന്ന പാപിനിയായ ഒരു സ്ത്രീ ഒരു കുപ്പിയിൽ സുഗന്ധതൈലമെടുത്തുകൊണ്ട് അവന്റെ പുറകിലായി കാൽക്കൽ വന്നുനിന്ന് കരയുകയും കണ്ണുനീരുകൊണ്ട് അവന്റെ പാദങ്ങൾ കഴുകുവാൻ തുടങ്ങുകയും പിന്നെ തന്റെ മുടി കൊണ്ട് കാലുകളെ തുവർത്തിയിട്ട് തൃപ്പാദങ്ങളെ ചുംബിക്കയും സുഗന്ധം പൂശുകയും ചെയ്തു. അതു കണ്ടപ്പോൾ അവനെ ക്ഷണിച്ച പരീശൻ  ഉള്ളിൽ ഇങ്ങനെ വിചാരിച്ചു. 'ഇവൻ ഒരു പ്രവാചകനായിരുന്നുവെങ്കിൽ ഇവളാരെന്നും ഇവളുടെ സ്ഥിതിയെന്തെന്നും അറിയാമായിരുന്നുവല്ലോ. ഇവനെ സ്പർശിച്ച സ്ത്രീയാകട്ടെ പാപിനിയാകുന്നു.' അപ്പോൾ യേശു അവനോട് 'ശെമവൂനേ! എനിക്കു നിന്നോട് ഒരു കാര്യം പറയുവാനുണ്ട്' എന്ന് പറഞ്ഞു. അവൻ 'റബീ! പറഞ്ഞാലും' എന്നറിയിച്ചു. യേശു അവനോട് ഇപ്രകാരം പറഞ്ഞു: 'ഒരു കടം കൊടുക്കുന്ന ഒരുവന് രണ്ടു കടക്കാരുണ്ടായിരുന്നു. അവന് അവരിൽ ഒരുവൻ അഞ്ഞൂറു ദീനോറായും മറ്റവൻ അമ്പതു ദീനോറായും കടപ്പെട്ടിരുന്നു. കടം വീട്ടുവാൻ അവർക്കു വകയില്ലായിരുന്നതുകൊണ്ട് അവൻ ഇരുവർക്കും ഇളവു ചെയ്തു കൊടുത്തു. ആ സ്ഥിതിക്കു അവരിൽ ആര് അവനെ അധികം സ്നേഹിക്കണം?' 'ആർക്ക് അധികം ഇളച്ചു കൊടുത്തുവോ അവൻതന്നെയെന്ന് ഞാൻ വിചാരിക്കുന്നു' എന്ന് ശെമവൂൻ ഉത്തരം പറഞ്ഞപ്പോൾ യേശു അവനോട് 'നീ വിധിച്ചതു ശരിയാണ്' എന്ന് പറഞ്ഞു. അനന്തരം ആ സ്ത്രീയുടെ നേരേ തിരിഞ്ഞിട്ട് ശെമവൂനോട് 'ഈ സ്ത്രീയെ നീ കാണുന്നുവല്ലോ. ഞാൻ നിന്റെ ഭവനത്തിൽ പ്രവേശിച്ചു; നീ എന്റെ കാലുകൾക്കു വെള്ളം തന്നില്ല. ഇവളോ തന്റെ കണ്ണുനീരുകൊണ്ട് എന്റെ കാലുകളെ കഴുകുകയും തലമുടികൊണ്ട് തുവർത്തുകയും ചെയ്തു. നീ എന്നെ ചുംബിച്ചില്ല. ഇവളോ പ്രവേശിച്ചതു മുതൽ എന്റെ കാലുകളെ ഇടവിടാതെ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല. ഇവളോ എന്റെ കാലുകളിൽ സുഗന്ധതൈലം പൂശുകയും ചെയ്തു. ആകയാൽ ഇവളുടെ അനേക പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ നിന്നോടു പറയുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചുവല്ലോ. അല്പം ഇളച്ചു കിട്ടുന്നവൻ അല്പം മാത്രമാണല്ലോ സ്നേഹിക്കുന്നത്.' പിന്നെ അവൻ ആ സ്ത്രീയോട് 'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്ന് പറഞ്ഞു. ഭക്ഷണത്തിനിരുന്നവർ, പാപങ്ങളെ കൂടിയും ക്ഷമിക്കുന്ന ഇവൻ ആരായിരിക്കുമെന്ന് ചിന്തിച്ചു തുടങ്ങി. യേശു ആ സ്ത്രീയോട് 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. നീ സമാധാനത്തോടെ പൊയ്ക്കൊൾക' എന്നും പറഞ്ഞു.

## വ്യാഴം വി. കുർബ്ബാന

### വി. ലൂക്കോസ് 22:14-30

സമയമായപ്പോൾ യേശു ചെന്ന് ഭക്ഷണത്തിനിരുന്നു. പന്ത്രണ്ടു ശിഷ്യന്മാരും കൂടെയുണ്ടായിരുന്നു. അവൻ അവരോട് 'ഞാൻ പീഡ ആനുഭവിക്കുന്നതിനു മുമ്പ് ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിപ്പാൻ വളരെ ആഗ്രഹിച്ചു. എന്തെന്നാൽ ദൈവരാജ്യത്തിൽ വച്ച് നിവർത്തിതമാകുന്നതുവരെ ഇനിയും ഇതു ഞാൻ ഭക്ഷിക്കയില്ലെന്ന് നിങ്ങളോടു പറയുന്നു' എന്ന് പറഞ്ഞു. പിന്നെ അവൻ പാനപാത്രം എടുത്ത് സ്തോത്രം ചെയ്തിട്ട് 'ഇത് നിങ്ങൾ വാങ്ങി ഭാഗിച്ചെടുപ്പിൻ. എന്തെന്നാൽ ദൈവരാജ്യം വരുന്നതുവരെ മുന്തിരിച്ചാറു ഞാൻ കുടിക്കയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു' എന്ന് പറഞ്ഞു. അനന്തരം

അവൻ അപ്പം എടുത്ത് സ്തോത്രം ചെയ്തു നുറുക്കി അവർക്കു കൊടുത്തിട്ട് 'ഇതു നിങ്ങൾക്കു വേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം അനുഷ്ഠിക്കുവിൻ' എന്ന് പറഞ്ഞു. അപ്രകാരം തന്നെ അത്താഴം കഴിഞ്ഞ ശേഷം പാനപാത്രവും (എടുത്ത്) ഇപ്രകാരം പറഞ്ഞു: 'ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയപ്പെടുന്ന എന്റെ രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു. എങ്കിലും ഇതാ, എന്നെ ഏല്പിച്ചുകൊടുക്കുന്നവന്റെ കൈ മേശമേൽ ഇരിക്കുന്നു. നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രകാരം മനുഷ്യപുത്രൻ പോകുന്നുവെങ്കിലും അവനെ ഏല്പിച്ചുകൊടുക്കുന്ന ആ മനുഷ്യനു ഹാ കഷ്ടം. ആരായിരിക്കാം ഇതു ചെയ്വാനിരിക്കുന്നതെന്ന് അവർ പരസ്പരം ആരാഞ്ഞുതുടങ്ങി. അനന്തരം തങ്ങളിൽ വലിയവനാരെന്ന് അവരുടെയിടയിൽ ഒരു തർക്കവും ഉണ്ടായി. യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'ജാതികളുടെ രാജാക്കന്മാർ അവരുടെ യജമാന്മാരാകുന്നു. അവരുടെമേൽ അധികാരമുള്ളവരെ അവർ നന്മചെയ്യുന്നവർ എന്ന് വിളിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അങ്ങനെയല്ല. നിങ്ങളിൽ വലിയവൻ ചെറിയവനെപ്പോലെയും യജമാനൻ ശുശ്രൂഷകനെപ്പോലെയുമാണ് ഇരിക്കേണ്ടത്. ആരാണ് വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷകനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷകനെപ്പോലെ ആകുന്നു. എന്റെ പരീക്ഷകളിൽ നിങ്ങൾ എന്നോടുകൂടി ഉണ്ടായിരുന്നവരാകുന്നു. എന്റെ പിതാവ് രാജ്യം എനിക്കായി വാഗ്ദത്തം ചെയ്തപ്രകാരം ഞാനും നിങ്ങൾക്കായി ഒരു വാഗ്ദത്തം ചെയ്യുന്നു. നിങ്ങൾ എന്റെ രാജ്യത്തിലെ മേശയിൽനിന്ന് തിന്നുകയും കുടിക്കുകയും ചെയ്യും. സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായംവിധിക്കുകയും ചെയ്യും.'

## വ്യാഴം ഒമ്പതാം മണി

### വി. മത്തായി 26:1–19

*ഹാ- ഹാ- എന്നവനുടെ നാമം മൃതിയാൽ മായും*
*എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു. ഹാ-*

യേശു ഈ വചനങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞ ശേഷം തന്റെ ശിഷ്യന്മാരോട് 'രണ്ടു ദിവസം കഴിഞ്ഞിട്ട് പെസഹായാണെന്ന് നിങ്ങൾക്കറിയാമല്ലോ. മനുഷ്യപുത്രനെ കുരിശിൽ തറയ്ക്കുവാനായി ഏല്പിക്കും' എന്ന് പറഞ്ഞു. അപ്പോൾ പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും ജനത്തിന്റെ കാശീശന്മാരും കയ്യാപ്പാ എന്ന് വിളിക്കപ്പെടുന്ന പ്രധാനാചാര്യന്റെ മണ്ഡപത്തിൽ കൂടി, യേശുവിനെ ചതിവിൽ പിടിച്ചു കൊല്ലുവാൻ ആലോചിച്ചു. ജനങ്ങളുടെ ഇടയിൽ കലഹമുണ്ടാകാതിരിപ്പാനായി 'പെരുന്നാളിൽ വേണ്ട' എന്ന് അവർ പറഞ്ഞുവച്ചു. യേശു ബത്അനിയായിൽ കുഷ്ഠരോഗിയായ ശെമവൂന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കേ ഒരു സ്ത്രീ അടുത്തുചെന്ന് കൈവശമുണ്ടായിരുന്ന ഒരു കുപ്പി വിലയേറിയ സുഗന്ധതൈലം അവന്റെ ശിരസ്സിൽ ഒഴിച്ചു. അവന്റെ ശിഷ്യന്മാർ അതു കണ്ട് നീരസപ്പെട്ടു പറഞ്ഞു, 'ഈ ദുർവ്യയം എന്തിന്; ഇതു വലിയ വിലയ്ക്കു വിറ്റ് ദരിദ്രന്മാർക്കു കൊടുക്കാമായിരുന്നല്ലോ'. യേശുവോ അതറിഞ്ഞ് അവരോടു പറഞ്ഞു: 'ആ സ്ത്രീയെ നിങ്ങൾ വിഷമിപ്പിക്കുന്നതെന്തിന്? അവൾ എനിക്കുവേണ്ടിനല്ല പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. എന്തെന്നാൽ ദരിദ്രന്മാർ എല്ലായ്പോഴും നിങ്ങളുടെ കൂടെയുണ്ടല്ലോ. ഞാനോ എല്ലാ സമയത്തും നിങ്ങളോടുകൂടെയില്ല. ഇവൾ തൈലം എന്റെ ദേഹത്തിൽ ഒഴിച്ചത് എന്റെ കബറടക്കത്തിനുള്ള സൂചനയാ

യിട്ടാണ്. ലോകമെങ്ങും എന്റെ ഈ സുവിശേഷം പ്രസംഗിക്കപ്പെടുന്ന സ്ഥലത്ത് അവൾ ചെയ്ത കാര്യവും അവളുടെ ഓർമ്മയ്ക്കായി പറയപ്പെടുമെന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.' അപ്പോൾ പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാ സ്ക്കറിയൂത്താ എന്ന് വിളിക്കപ്പെടുന്നവൻ പ്രധാനാചാര്യന്മാരുടെ അടുക്കൽ ചെന്ന് അവരോട് 'എനിക്കെന്തു തരും. ഞാൻ അവനെ നിങ്ങൾക്ക് ഏല്പിച്ചുതരാം' എന്ന് പറഞ്ഞു. അവർ മുപ്പതു വെള്ളിക്കാശിന് അവനുമായി ഉടമ്പടിചെയ്തു. അപ്പോൾ മുതൽ അവനെ ഏല്പിച്ചുകൊടുപ്പാൻ അവൻ തക്കം അന്വേഷിച്ചുകൊണ്ടുമിരുന്നു. പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം ദിവസം ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ ചെന്ന് അവനോട് 'പെസഹാ ഭക്ഷിപ്പാൻ ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത് എന്ന് ചോദിച്ചു. അവൻ അവരോട് പറഞ്ഞു: 'നിങ്ങൾ പട്ടണത്തിൽ ഇന്നയാളുടെ അടുക്കൽ ചെന്ന് അവനോട് എന്റെ സമയം അടുത്തു; ഞാൻ എന്റെ ശിഷ്യന്മാരുമായി നിന്റെ അടുക്കൽ പെസഹാ കഴിക്കുമെന്ന് ഞങ്ങളുടെ ഗുരു പറയുന്നുവെന്ന് പറയുവിൻ'. അവന്റെ ശിഷ്യന്മാർ യേശു അവരോടു കല്പിച്ചപ്രകാരം ചെയ്ത് പെസഹാ ഒരുക്കി.

## കാൽ കഴുകലിന്റെ ക്രമം

**വി. യോഹന്നാൻ 13:1–20**

*ഹാ- ഹാ- വെണ്മയോടെൻ പാദം കഴുകി ഞാൻ*
*നിൻ മദ്ബഹായെ വലംവച്ചു ഞാൻ നാഥാ. ഹാ-*

*(കാൽകഴുകൽ സമയത്ത് ഏവൻഗേലിയോൻ അതിനായി*
*പ്രത്യേകം നിശ്ചയിക്കപ്പെട്ട ഒരാൾ വായിക്കണം)*

യേശുവിന് ഈ ലോകം വിട്ട് പിതാവിന്റെ അടുക്കലേക്ക് പോകേണ്ട സമയമായിരിക്കുന്നുവെന്ന് പെസഹാപ്പെരുന്നാളിന് മുമ്പുതന്നെ യേശു അറിഞ്ഞിരുന്നു. ഈ ലോകത്തിലുള്ള തനിക്കുള്ളവരെ അവൻ സ്നേഹിച്ചിരുന്നു. അവസാനത്തോളം അവരെ സ്നേഹിക്കുകയും ചെയ്തു. അവനെ ഏൽപ്പിച്ചുകൊടുക്കണമെന്ന് ശെമവൂന്റെ പുത്രനായ യൂദാ സ്ക്കറിയോത്തായുടെ ഹൃദയത്തിൽ അത്താഴസമയത്ത് സാത്താൻ തോന്നിച്ചിരുന്നു. പിതാവ് സകലവും തന്റെ കൈകളിൽ ഏൽപ്പിച്ചിരിക്കുന്നും എന്നും ദൈവസന്നിധിയിൽ നിന്ന് താൻ പുറപ്പെട്ടിരിക്കുകയാണെന്നും, ദൈവസന്നിധിയിലേക്കുതന്നെ പോവുകയാണെന്നും യേശു അറിഞ്ഞിരുന്നതുകൊണ്ട് അത്താഴം കഴിഞ്ഞ് എഴുന്നേറ്റ് തന്റെ മേലങ്കി മാറ്റിയിട്ട് ഒരു തൂവാല എടുത്ത് അരയിൽ ചുറ്റി. അനന്തരം ഒരു പാത്രത്തിൽ വെള്ളമെടുത്തു.

*(ഈ സമയത്ത് മേൽപട്ടക്കാരൻ വെള്ളത്തിന്മേൽ പ്രാർത്ഥന നടത്തുന്നു.)*

*(വീണ്ടും വായനക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു)*

ശിഷ്യന്മാരുടെ കാലുകൾ കഴുകുവാനും തന്റെ അരയിൽ ചുറ്റിയിരുന്ന തൂവാല കൊണ്ട് തുവർത്തുവാനും തുടങ്ങി.

*(ഇവിടെ മേൽപ്പട്ടക്കാരൻ കാൽകഴുകുവാൻ തുടങ്ങുന്നു.*
*ചെറിയവൻ മുതൽ ആരംഭിച്ച് പ്രധാനിയിൽ അവസാനിപ്പിക്കുന്നു.)*

*(പ്രധാനിയുടെ അടുക്കലെത്തുമ്പോൾ പത്രോസിനുള്ള പ്രത്യേക ഭാഗം നിർവ്വഹിക്കുന്നു.)*

*(ഏവൻഗേലിയോൻ വായിക്കുന്നയാൾ വായന തുടരുന്നു.)*

എന്നാൽ അവൻ ശെമവൂൻകീപ്പായുടെ അടുക്കൽ ചെന്നപ്പോൾ അവൻ 'എന്റെ കർത്താവേ! നീ എന്റെ കാലുകളെ കഴുകുന്നുവോ' എന്ന് ചോദിച്ചു. യേശു അവനോട് 'ഞാൻ ചെയ്യുന്നത് നീ ഇപ്പോൾ അറിയുന്നില്ല; പിന്നീട് അറിയും' എന്ന് പറഞ്ഞു. ശെമവൂൻ കീപ്പാ അവനോട് 'നീ ഒരിക്കലും എന്റെ കാൽ കഴുകരുത്' എന്നു പറഞ്ഞു. യേശു അവനോട് 'ഞാൻ കഴുകാതിരുന്നാൽ എന്നോടൊരുമിച്ച് നിനക്ക് പങ്കുണ്ടാവുകയില്ല' എന്ന് പറഞ്ഞു. അപ്പോൾ ശെമവൂൻകീപ്പാ അവനോട് 'എന്റെ കർത്താവേ! അങ്ങനെയെങ്കിൽ എന്റെ കാലുകൾ മാത്രമല്ല, കൈകളും തലയും കൂടി കഴുകണമേ' എന്നു പറഞ്ഞു. യേശു അവനോട് 'കുളിച്ചവന് കാലുകൾ മാത്രമല്ലാതെ കഴുകേണ്ട ആവശ്യമില്ല. അവൻ മുഴുവനും ശുദ്ധനാകുന്നു. നിങ്ങളും വിശുദ്ധിയുള്ളവരാകുന്നു. എങ്കിലും എല്ലാവരും അങ്ങനെയല്ല' എന്നു പറഞ്ഞു. അവനെ ഏൽപ്പിച്ചുകൊടുക്കുന്നവൻ ആരെന്ന് യേശു അറിഞ്ഞിരുന്നതുകൊണ്ടാണ് 'നിങ്ങളെല്ലാവരും ശുദ്ധിയുള്ളവരല്ല' എന്നു പറഞ്ഞത്. അവൻ അവരുടെ കാലുകൾ കഴുകിയതിനുശേഷം തന്റെ മേലങ്കി ധരിച്ച് പന്തിയിലിരുന്നു.

*(ഈ സമയത്ത് മേൽപ്പട്ടക്കാരൻ സിംഹാസനത്തിൽ ഇരുന്നുകൊണ്ട്*
*ഏവൻഗേലിയോൻ വായന പൂർത്തിയാക്കുന്നു.)*

യേശു ഇപ്രകാരം പറഞ്ഞു 'ഞാൻ നിങ്ങളിൽ എന്താണ് പ്രവർത്തിച്ചിരിക്കുന്നതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നുണ്ടല്ലോ. ഞാൻ അങ്ങനെയാകയാൽ നിങ്ങൾ പറയുന്നത് ശരി തന്നെ. ആകയാൽ നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം കാലു കഴുകുവാൻ എത്രമാത്രം കടപ്പെട്ടവരാകുന്നു. ഞാൻ നിങ്ങളോടു ചെയ്തതുപോലെതന്നെ നിങ്ങളും ചെയ്യുവാൻ ഈ ദൃഷ്ടാന്തം ഞാൻ നൽകിയിരിക്കുന്നു. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, യജമാനനെക്കാൾ വലിയ ഭൃത്യനില്ല. അയച്ചവനെക്കാൾ വലിയ അയയ്ക്കപ്പെട്ടവനുമില്ല. ഇതു നിങ്ങൾ അറിഞ്ഞ് ആചരിക്കുമെങ്കിൽ ഭാഗ്യവാന്മാരാകുന്നു. ഞാൻ നിങ്ങളെല്ലാവരെക്കുറിച്ചുമല്ല പറയുന്നത്. എന്തെന്നാൽ ഞാൻ തിരഞ്ഞെടുത്തിട്ടുള്ളവരെ എനിക്കറിയാം. പക്ഷേ 'എന്റെ കൂടെ അപ്പം ഭക്ഷിക്കുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തി' എന്നുള്ള തിരുവെഴുത്ത് നിവർത്തിക്കേണ്ടതാകുന്നു. അതു സംഭവിക്കുമ്പോൾ ഞാൻ തന്നെയാകുന്നു അവൻ എന്ന് നിങ്ങൾക്കു വിശ്വാസം വരേണ്ടതിന് സംഭവിക്കുന്നതിനു മുമ്പേ, ഇപ്പോൾ തന്നെ ഞാൻ നിങ്ങളോടു പറയുന്നു.

# ദുഃഖവെള്ളിയാഴ്ച

## സന്ധ്യ

### വി. ലൂക്കോസ് 22:1–30

*ഹാ- ഹാ- എന്നെ കാളകളനവധി വലയം ചെയ്തു*
*എന്നെ വളഞ്ഞു ബാശാൻ കൂറ്റന്മാർ. ഹാ-*

പെസഹാ എന്ന് വിളിക്കപ്പെടുന്ന പത്തീറാപെരുന്നാൾ സമീപിച്ചു. പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും യേശുവിനെ എങ്ങനെ കൊല്ലേണ്ടു എന്ന് ആരാഞ്ഞു. പക്ഷേ അവർ ജനങ്ങളെ ഭയപ്പെട്ടിരുന്നു. അങ്ങനെയിരിക്കേ പന്തിരുവരുടെ ഗണത്തിൽപ്പെട്ടവനും സ്ക്കറിയൂത്താ എന്ന് വിളിക്കപ്പെട്ടിരുന്നവനുമായ യൂദായിൽ സാത്താൻ പ്രവേശിച്ചു. അവൻ ചെന്ന് പ്രധാനാചാര്യന്മാരോടും വേദപണ്ഡിതന്മാരോടും ദേവാലയ

ത്തിലെ സൈന്യപ്രമാണികളോടും അവനെ അവർക്ക് ഏല്പിച്ചുകൊടുക്കുവാൻ വേണ്ട തു സംസാരിച്ചു. അവർ സന്തോഷിച്ച് അവന് ദ്രവ്യം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു. അവനും അവർക്കു വാക്കു കൊടുത്തിട്ട് പുരുഷാരമില്ലാത്തപ്പോൾ അവനെ അവർക്ക് ഏല് പിച്ചുകൊടുപ്പാൻ അവസരം നോക്കിക്കൊണ്ടിരുന്നു. പെസഹാക്കുഞ്ഞാടിനെ അറുക്കുക പതിവായിരുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിവസം അടുത്തു. യേശു കീപ്പായെയും യോഹന്നാനെയും അയച്ചുകൊണ്ട് അവരോട് 'നിങ്ങൾ പോയി നമുക്കു ഭക്ഷിപ്പാൻ പെ സഹാ ഒരുക്കുവിൻ' എന്ന് പറഞ്ഞു. അവർ അവനോട് 'ഞങ്ങൾ എവിടെ ഒരുക്കണമെ ന്നാണ് നീ ആഗ്രഹിക്കുന്നത്' എന്ന് ചോദിച്ചു. അവൻ അവരോട് 'നിങ്ങൾ പട്ടണത്തിൽ പ്രവേശിച്ചാലുടൻ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് ഒരു മനുഷ്യൻ നിങ്ങളുടെ നേ രേ വരും. അവനെ അനുഗമിപ്പിൻ. അവൻ പ്രവേശിക്കുന്ന വീടിന്റെ ഉടമസ്ഥനോട് 'എനിക്ക് എന്റെ ശിഷ്യന്മാരോടുകൂടി പെസഹാഭക്ഷണം കഴിക്കേണ്ട ഭവനം ഏതാകു ന്നുവെന്ന് ഞങ്ങളുടെ ഗുരു ചോദിക്കുന്നു എന്ന് പറയുവിൻ. അപ്പോൾ അവൻ വിരിച്ചൊ രുക്കിയ ഒരു വലിയ മാളിക നിങ്ങൾക്കു കാണിച്ചുതരും. അവിടെ ഒരുക്കുവിൻ' എന്ന് പ റഞ്ഞു. അവർ പോയി. അവൻ പറഞ്ഞതുപോലെ കാണുകയും പെസഹാ ഒരുക്കുകയും ചെയ്തു. സമയമായപ്പോൾ യേശു ചെന്ന് ഭക്ഷണത്തിനിരുന്നു. പന്ത്രണ്ടു ശിഷ്യന്മാരും കൂടെയുണ്ടായിരുന്നു. അവൻ അവരോട് 'ഞാൻ പീഡ ആനുഭവിക്കുന്നതിനു മുമ്പ് ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിപ്പാൻ വളരെ ആഗ്രഹിച്ചു. എന്തെന്നാൽ ദൈവരാജ്യ ത്തിൽ വച്ച് നിവർത്തിതമാകുന്നതുവരെ ഇനിയും ഇതു ഞാൻ ഭക്ഷിക്കയില്ലെന്ന് നിങ്ങ ളോടു പറയുന്നു' എന്ന് പറഞ്ഞു. പിന്നെ അവൻ പാനപാത്രം എടുത്ത് സ്തോത്രം ചെയ് തിട്ട് 'ഇത് നിങ്ങൾ വാങ്ങി ഭാഗിച്ചെടുപ്പിൻ. എന്തെന്നാൽ ദൈവരാജ്യം വരുന്നതുവരെ മുന്തി രിച്ചാറു ഞാൻ കുടിക്കയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു' എന്ന് പറഞ്ഞു. അനന്തരം അവൻ അപ്പം എടുത്ത് സ്തോത്രം ചെയ്തു നുറുക്കി അവർക്കു കൊടുത്തിട്ട് 'ഇതു നി ങ്ങൾക്കു വേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം അനുഷ്ഠിക്കുവിൻ' എന്ന് പറഞ്ഞു. അപ്രകാരം തന്നെ അത്താഴം കഴിഞ്ഞ ശേഷം പാനപാ ത്രവും (എടുത്ത്) ഇപ്രകാരം പറഞ്ഞു: 'ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയപ്പെ ടുന്ന എന്റെ രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു. എങ്കിലും ഇതാ, എന്നെ ഏല്പി ച്ചുകൊടുക്കുന്നവന്റെ കൈ മേശമേൽ ഇരിക്കുന്നു. നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രകാരം മനുഷ്യപുത്രൻ പോകുന്നുവെങ്കിലും അവനെ ഏല്പിച്ചുകൊടുക്കുന്ന ആ മനുഷ്യനു ഹാ കഷ്ടം. ആരായിരിക്കാം ഇതു ചെയ്വാനിരിക്കുന്നതെന്ന് അവർ പരസ്പരം ആരാ ഞ്ഞുതുടങ്ങി. അനന്തരം തങ്ങളിൽ വലിയവനാരെന്ന് അവരുടെയിടയിൽ ഒരു തർക്കവും ഉണ്ടായി. യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'ജാതികളുടെ രാജാക്കന്മാർ അവരുടെ യജമാന്മാരാകുന്നു. അവരുടെമേൽ അധികാരമുള്ളവരെ അവർ നന്മചെയ്യുന്നവർ എന്ന് വിളിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അങ്ങനെയല്ല. നിങ്ങളിൽ വലിയവൻ ചെറി യവനെപ്പോലെയും യജമാനൻ ശുശ്രൂഷകനെപ്പോലെയുമാണ് ഇരിക്കേണ്ടത്. ആരാണ് വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷകനോ? ഭക്ഷണത്തിനിരിക്കുന്നവനല്ല യോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷകനെപ്പോലെ ആകുന്നു. എന്റെ പരീക്ഷ കളിൽ നിങ്ങൾ എന്നോടുകൂടി ഉണ്ടായിരുന്നവരാകുന്നു. എന്റെ പിതാവ് രാജ്യം എനി ക്കായി വാഗ്ദത്തം ചെയ്തപ്രകാരം ഞാനും നിങ്ങൾക്കായി ഒരു വാഗ്ദത്തം ചെയ്യുന്നു.

നിങ്ങൾ എന്റെ രാജ്യത്തിലെ മേശയിൽനിന്ന് തിന്നുകയും കുടിക്കുകയും ചെയ്യും. സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായംവിധിക്കുകയും ചെയ്യും.'

## ദുഃഖവെള്ളിയാഴ്ച രാത്രി ഒന്നാം കൗമാ

### വി. മത്തായി 26:31–46

*ഹാ- ഹാ- എന്നെ ചുറ്റി നായ്ക്കളനേകം*
*എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാ-*

അപ്പോൾ യേശു അവരോട് ഇപ്രകാരം പറഞ്ഞു: 'ഇടയനെ ഞാൻ അടിക്കുമെന്നും അവന്റെ കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകുമെന്നും എഴുതപ്പെട്ടിരിക്കുന്നതുകൊണ്ട് നിങ്ങളെല്ലാവരും ഈ രാത്രിയിൽ എന്നിൽ ഇടറും. എന്റെ പുനരുത്ഥാനത്തിനു ശേഷം ഞാൻ ഗലീലായിലേക്കു നിങ്ങൾക്കു മുമ്പേ പോകും.' കീപ്പാ മറുപടിയായി അവനോട് 'എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല' എന്ന് പറഞ്ഞു. യേശു അവനോട് പറഞ്ഞു, 'ഈ രാത്രിയിൽ കോഴി കൂകുന്നതിനു മുമ്പു മൂന്നു പ്രാവശ്യം നീ എന്നെ തള്ളിപ്പറയുമെന്ന് ഞാൻ സത്യമായി നിന്നോടു പറയുന്നു'. കീപ്പാ അവനോട് പറഞ്ഞു, 'നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല'. അങ്ങനെതന്നെ ശിഷ്യന്മാർ എല്ലാവരും പറഞ്ഞു. അപ്പോൾ യേശു അവരോടുകൂടെ 'ഗത്സീമോൻ' എന്ന് പേരുള്ള സ്ഥലത്തു ചെന്നു. തന്റെ ശിഷ്യന്മാരോട് 'ഞാൻ പോയി പ്രാർത്ഥിക്കുന്ന അവസരത്തിൽ നിങ്ങൾ ഇവിടെ ഇരിപ്പിൻ' എന്ന് പറഞ്ഞിട്ട് കീപ്പായെയും സെബദിപുത്രന്മാർ രണ്ടു പേരെയും കൂട്ടിക്കൊണ്ടു പോയി വ്യാകുലപ്പെടുവാനും ദുഃഖിപ്പാനും തുടങ്ങി. അവൻ അവരോട് പറഞ്ഞു, 'എന്റെ ആത്മാവിനു മരണതുല്യം ദുഃഖമുണ്ടാകുന്നു; നിങ്ങൾ ഇവിടെ എനിക്കു വേണ്ടി ഇരുന്ന് എന്റെ കൂടെ ജാഗരണം ചെയ്‌വിൻ'. പിന്നെ അവൻ അകന്നുപോയി കവിണ്ണു വീണ് 'എന്റെ പിതാവേ! കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകണമേ; എങ്കിലും എന്റെ ഹിതം പോലെയല്ല, നിന്റെ ഹിതംപോലെ തന്നെ ആകട്ടെ' എന്ന് പറഞ്ഞു പ്രാർത്ഥിച്ചു. അനന്തരം അവൻ തന്റെ ശിഷ്യന്മാരുടെ അടുക്കൽ ചെന്ന് അവർ ഉറങ്ങുന്നതായി കണ്ടിട്ട് കീപ്പായോട് ഇപ്രകാരം പറഞ്ഞു: 'ഒരു നാഴിക എന്റെ കൂടെ ഉണർന്നിരിപ്പാൻ നിങ്ങൾക്കിത്രയ്ക്കു കഴിവില്ലാതായോ? നിങ്ങൾ പരീക്ഷയിൽ പ്രവേശിക്കാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ. ആത്മാവ് ഒരുക്കമുള്ളതെങ്കിലും ശരീരം ബലഹീനമാകുന്നു.' പിന്നെ രണ്ടാംപ്രാവശ്യവും അവൻ പോയി 'എന്റെ പിതാവേ! ഈ പാനപാത്രം ഞാൻ കുടിക്കാതെ അതു നീങ്ങിപ്പോകുവാൻ കഴിയുന്നതല്ലെങ്കിൽ നിന്റെ ഇഷ്ടം നിവർത്തിക്കട്ടെ' എന്ന് പറഞ്ഞു പ്രാർത്ഥിച്ചു. അവൻ പിന്നെയും വന്ന് അവർ ഉറങ്ങുന്നതായി കണ്ടു. എന്തെന്നാൽ അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളവയായിരുന്നു. അവൻ അവരെ വിട്ട് പിന്നെയും പോയി മൂന്നാമതും ആ വചനം തന്നെ പറഞ്ഞു പ്രാർത്ഥിച്ചു. പിന്നെ അവൻ തന്റെ ശിഷ്യന്മാരുടെ അടുക്കൽ വന്ന് അവരോട് 'ഇനി നിങ്ങൾ ഉറങ്ങി ആശ്വസിപ്പിൻ. ഇതാ സമയം അടുത്തു; മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു; എഴുന്നേല്പിൻ. നമുക്കു പോകാം. ഇതാ എന്നെ ഒറ്റിക്കൊടുക്കുന്നവൻ അടുത്തുവന്നിരിക്കുന്നു' എന്ന് പറഞ്ഞു.

# ദുഃഖവെള്ളിയാഴ്ച രാത്രി രണ്ടാം കൗമാ

**മത്താ. 26: 47–48; മർക്കോ 14: 44; യോഹ. 18. 3–5; മത്താ. 26: 49–50; ലൂക്കോ 22. 48; മത്താ. 26; 50; യോഹ. 18: 6–9; മത്താ. 26: 50; ലൂക്കോ. 22: 49; യോഹ. 18: 10; ലൂക്കോ 22. 51; യോഹ. 18: 11; മത്താ. 26: 52–54; ലൂക്കോ 22. 51; മത്താ. 26: 55; ലൂക്കോ 22. 52–53; മത്താ. 26: 56' മർക്കോ. 14: 51–52**

*എന്നെ ചുറ്റി നായ്ക്കളനേകം*
*ഹാ- ഹാ- എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാ-*

(*മത്തായി. 26: 47–48*) അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അതാ! പന്തിരുവരിൽ ഒരുവനായ ഒറ്റുകാരൻ യീഹൂദായും അവന്റെ കൂടെ പ്രധാനാചാര്യന്മാരുടെയും ജനത്തിന്റെ കാശീശന്മാരുടെയും അടുക്കൽ നിന്ന് വാളുകളും വടികളുമായി വലിയ ഒരു പുരുഷാരവും വന്നുകൂടി. ഒറ്റുകാരൻ യൂദാ അവർക്ക് ഒരു ലക്ഷ്യമായിട്ട് 'ഞാൻ ആരെ ചുംബിക്കുന്നുവോ അവൻ തന്നെയാകുന്നു അവൻ. അവനെ പിടിച്ചുകൊൾവിൻ' എന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. (*മർക്കോസ് 14: 44*) അവനെ സൂക്ഷിച്ചു പിടിച്ചുകൊണ്ടു പോകുവിൻ.' (*യോഹ. 18. 3–5*) യഹൂദ പട്ടാളത്തെയും, പ്രധാനാചാര്യന്മാരുടെയും പ്രീശന്മാരുടെയും അടുക്കൽ നിന്ന് സേനയെയും, കൂട്ടിക്കൊണ്ട് പന്തങ്ങളും ദീപയഷ്ടികളും ആയുധങ്ങളുമായി അവിടെ ചെന്നു. യേശുവാകട്ടെ തനിക്കു സംഭവിപ്പാനുള്ള സകലവും അറിഞ്ഞിരുന്നതുകൊണ്ട്, പുറപ്പെട്ടു ചെന്ന് അവരോട് 'നിങ്ങൾ ആരെ അന്വേഷിക്കുന്നു' എന്ന് ചോദിച്ചു. അവർ അവനോട് 'നൊസ്രാതുകാരൻ യേശുവിനെ' എന്ന് പറഞ്ഞു. യേശു അവരോട് ഞാൻ തന്നെയാകുന്നു' എന്ന് പറഞ്ഞു. ഒറ്റുകാരൻ യൂദായും അവരോടുകൂടി നിന്നിരുന്നു. (*മത്തായി. 26: 49–50*). ഉടനെ അവൻ യേശുവിന്റെ അടുക്കൽ വന്ന് 'ശ്ലോം റബീ!' എന്ന് പറഞ്ഞു ചുംബിച്ചു. യേശു അവനോട് (*ലൂക്കോസ് 22. 48*) 'യൂദായേ! നീ മനുഷ്യപുത്രനെ ഏല്പിച്ചുകൊടുക്കുന്നത് ചുംബനം കൊണ്ടാണോ' എന്ന് ചോദിച്ചു. (*മത്തായി. 26; 50*) 'എന്റെ സ്നേഹിതാ! നീ വന്നത് ഈ സംഗതിക്കായിട്ടോ എന്ന് ചോദിച്ചു. (*യോഹ. 18: 6–9*) യേശു 'ഞാൻ തന്നെയാകുന്നു' എന്ന് അവരോടു പറഞ്ഞപ്പോൾ അവർ പിന്നാക്കം പോയി നിലംപതിച്ചു. പിന്നെയും യേശു അവരോട് 'നിങ്ങൾ ആരെ അന്വേഷിക്കുന്നു' എന്ന് ചോദിച്ചു. അവർ 'നൊസ്രാതുകാരൻ യേശുവിനെ' എന്ന് പറഞ്ഞു. യേശു അവരോട് 'അതു ഞാൻ തന്നെയാകുന്നുവെന്ന് നിങ്ങളോടു പറഞ്ഞുവല്ലോ. നിങ്ങൾ എന്നെയാണ് അന്വേഷിക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ' എന്ന് പറഞ്ഞു. 'അവിടന്ന് എനിക്കു തന്നിട്ടുള്ളവരിൽ ഒരുവനെയും ഞാൻ നശിപ്പിച്ചില്ല' എന്ന് അവൻ പറഞ്ഞിട്ടുള്ള ഈ വചനം (ഇങ്ങനെ) നിവർത്തിയായി. (*മത്തായി. 26: 50*) അപ്പോൾ അവർ അടുത്തുവന്ന് യേശുവിന്റെ മേൽ കൈവയ്ക്കയും പിടികൂടുകയും ചെയ്തു. (*ലൂക്കോ. 22: 49*) എന്നാൽ (യേശു)വിന്റെ കൂടെയുള്ളവർ ഉണ്ടായ സംഗതി കണ്ടപ്പോൾ അവനോട് 'കർത്താവേ! ഞങ്ങളിവരെ വാളുകൊണ്ട് വെട്ടട്ടെയോ' എന്ന് ചോദിച്ചു. (*യോഹ. 18: 10*) ശെമവൂൻകീപ്പായുടെ പക്കൽ ഒരു വാൾ ഉണ്ടായിരുന്നു. അവൻ അതൂരി പ്രധാനാചാര്യന്റെ ദാസനെ വെട്ടി വലത്തുചെവി മുറിച്ചുകളഞ്ഞു. ആ ദാസന്റെ പേര് മൽക്കൂസ് എന്നായിരുന്നു. (*ലൂക്കോസ് 22. 51*) എന്നാൽ യേശു പത്രോസിനോട് 'ഇത്രത്തോളം മതി' എന്ന് പറഞ്ഞു (*യോഹ. 18: 11*) വാൾ അതിന്റെ ഉറയിലിടുക. എന്റെ പിതാവ് എനിക്കു തന്നിട്ടുള്ള പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ' (*മത്തായി. 26: 52–54*) എന്തെന്നാൽ വാളെടുത്തവർ എല്ലാം വാളുകൊണ്ടു മരിക്കും. എന്റെ പിതാവിനോട് എനിക്കപേക്ഷിപ്പാൻ കഴിയുകയില്ലെന്നും, അവൻ പന്ത്രണ്ടു ലെഗിയോനിൽ അധികം മാലാഖമാരെ ഇപ്പോൾ എനിക്കായിട്ട് നിയമിക്കയില്ലെന്നും, നീ വിചാരിക്കുന്നുവോ? അങ്ങനെയായാൽ ഇപ്രകാരം

സംഭവിക്കേണ്ടതാകുന്നു എന്നുള്ള പുസ്തകങ്ങൾ എങ്ങനെ സഫലങ്ങളാകും.' (*ലൂക്കോസ് 22. 51*) അവൻ വെട്ടു കൊണ്ടവന്റെ ചെവിയെ തൊട്ട് സുഖപ്പെടുത്തി. (*മത്തായി. 26: 55*) ആ സമയത്ത് യേശു പുരുഷാരത്തോടും (*ലൂക്കോസ് 22. 52-53*) തന്റെ നേരേ വന്നവരായ പ്രധാനാചാര്യന്മാരോടും കാശീശന്മാരോടും ദേവാലയത്തിലെ സേനാനായകന്മാരോടും (ഇപ്രകാരം) പറഞ്ഞു: 'നിങ്ങൾ ഒരു കള്ളന്റെ നേരേ എന്നപോലെ എന്നെ പിടിപ്പായിട്ട്, എന്റെ നേരെ വാളുകളും വടികളുമായി പുറപ്പെട്ടുവോ? ഞാൻ ദേവാലയത്തിൽ നിത്യവും നിങ്ങളോടുകൂടി ഉണ്ടായിരുന്നല്ലോ. നിങ്ങൾ എനിക്കെതിരായി കൈയോങ്ങിയില്ലല്ലോ. ഇതാകട്ടെ നിങ്ങളുടെ സമയവും അന്ധകാരത്തിന്റെ അധികാരവും ആകുന്നു.' (*മത്തായി. 26: 56*) ദീർഘദർശിമാരുടെ പുസ്തകങ്ങൾ സഫലങ്ങളാകുവാനായിട്ട് ഇതു സംഭവിച്ചിരിക്കുന്നു' എന്ന് പറഞ്ഞു. അപ്പോൾ ശിഷ്യന്മാർ എല്ലാം അവനെ വിട്ട് ഓടിപ്പോയി. (*മർക്കോ. 14: 51-52*) ഒരു യുവാവ് അവന്റെ പിന്നാലെ ചെന്നിരുന്നു. അവൻ നഗ്നതയിൽ ഒരു പുതപ്പു ധരിച്ചിരുന്നു. അവനെ അവർ പിടിക്കവേ, അവൻ (ആ) പുതപ്പ് ഇട്ടുംവച്ച് നഗ്നനായി ഓടിപ്പോയി.

## ദുഃഖവെള്ളിയാഴ്ച രാത്രി മൂന്നാം കൗമാ

**യോഹ. 18: 12-15; മത്താ. 26: 58; യോഹ. 18: 15-16; മത്താ. 26: 58; യോഹ. 18: 17-24; മത്താ. 26: 57; മർക്കോ 14: 53; മത്താ. 26: 59-60; മർക്കോ 14: 56; മർക്കോ 14: 58-62; മത്താ. 26: 65-68; മർക്കോ. 14: 65; മത്താ. 26: 69; മർക്കോ 14: 66-68; മത്താ. 26: 71-73; യോഹ. 18: 26-27; മത്താ. 26: 74; മർക്കോ. 14: 72; ലൂക്കോ. 22 61-62**

*ഹാ- ഹാ- എന്നെ ചുറ്റി നായ്ക്കളനേകം*
*എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാ-*

(*യോഹ. 18: 12-15*) അപ്പോൾ പട്ടാളവും സഹസ്രാധിപന്മാരും യീഹൂദസേനയുംകൂടി യേശുവിനെ പിടിച്ചു ബന്ധിച്ച്, ആദ്യമായി ഹന്നാന്റെ അടുക്കൽ കൊണ്ടുചെന്നു. എന്തെന്നാൽ അവൻ ആ വർഷത്തെ പ്രധാനാചാര്യനായിരുന്ന കയ്യാപ്പായുടെ അമ്മാവിയപ്പനായിരുന്നു. കയ്യാപ്പായാകട്ടെ 'ജനങ്ങൾക്കുവേണ്ടി ഒരു മനുഷ്യൻ മരിക്കുന്നത് കൊള്ളാ' മെന്ന് യഹൂദന്മാർക്കു ആലോചന നൽകിയവനായിരുന്നു. ശെമവൂൻകീപ്പായും മറ്റൊരു ശിഷ്യനുംകൂടി യേശുവിന്റെ പിന്നാലെ ചെന്നിരുന്നു. (*മത്തായി. 26: 58*) എന്നാൽ ശെമവൂൻകീപ്പാ പ്രധാനാചാര്യന്റെ മണ്ഡപം വരെ ദൂരെക്കൂടി അവന്റെ പിന്നാലെ ചെന്നു. (*യോഹ. 18: 15-16*) മറ്റേ ശിഷ്യനെ പ്രധാനാചാര്യൻ അറിയുമായിരുന്നു. അവൻ യേശുവിനോടുകൂടി പ്രാകാരത്തിൽ പ്രവേശിച്ചു. ശെമവൂൻ ആകട്ടെ പുറത്തു വാതിൽക്കൽ നിന്നിരുന്നു. പ്രധാനാചാര്യനു പരിചിതനായിരുന്ന ആ മറ്റേ ശിഷ്യൻ ചെന്ന് വാതിൽകാവൽക്കാരിയോടു പറഞ്ഞ് ശെമവൂനെ അകത്തു കയറ്റി. (*മത്തായി. 26: 58*) അകത്തു കടന്ന് അവസാനം കാണ്മാനായിട്ടു സേവകന്മാരോടുകൂടി ഇരുന്നു. (*യോഹ. 18: 17-24*) വാതിൽകാവൽക്കാരിയായ യുവതി ശെമവൂനോട് 'നീയും ആ മനുഷ്യന്റെ ശിഷ്യന്മാരിൽ (ഒരുവ)നല്ലേ' എന്ന് ചോദിച്ചു. അവൻ അവളോട് 'അല്ല' എന്ന് പറഞ്ഞു. അപ്പോൾ തണുപ്പുണ്ടായിരുന്നതുകൊണ്ട് ഭൃത്യന്മാരും സേനയും ചൂടേൽക്കുവാൻ തീ കത്തിച്ചുകൊണ്ടു നിന്നിരുന്നു. ശെമവൂനും അവരുടെ കൂടെ തീ കാഞ്ഞുകൊണ്ടു നിന്നു. പ്രധാനാചാര്യനാകട്ടെ യേശുവിനോട് ശിഷ്യന്മാരെ കുറിച്ചും ഉപദേശത്തെ കുറിച്ചും ചോദിച്ചു. യേശു അവരോട് 'ഞാൻ ജനങ്ങളോടു പരസ്യമായി സംസാരിച്ചു. യീഹൂദന്മാരെല്ലാം ഒരുമിച്ചു കൂടുന്ന സംഘാലയത്തിലും ദേവാലയത്തിലും എല്ലായ്പോഴും ഞാൻ പഠിപ്പിച്ചു. രഹസ്യമായിട്ട് ഒന്നും ഞാൻ പറഞ്ഞിട്ടില്ല. നീ എന്നോടു ചോദിക്കുന്നതെന്ത്? ഞാൻ അവരോട് എന്താണ് സംസാരിച്ചിട്ടുള്ളതെന്ന് കേട്ടവരോടു ചോദിക്കുക. ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം അവർക്കറിയാം' എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞപ്പോൾ (അവി

ടെ) നിന്നിരുന്ന ഭടന്മാരിൽ ഒരുവൻ യേശുവിന്റെ കരണത്ത് അടിച്ചിട്ട് 'നീ പ്രധാനാചാര്യനോട് ഇങ്ങനെയോ ഉത്തരം പറയുന്നത്' എന്ന് ചോദിച്ചു. യേശു അവരോട് 'ഞാൻ ദോഷമായി സംസാരിച്ചുവെങ്കിൽ ആ ദോഷത്തെ തെളിയിക്കുക. നന്നായിട്ടെങ്കിൽ നീ എന്തിന് എന്നെ അടിച്ചു' എന്ന് പറഞ്ഞു. അനന്തരം ഹന്നാൻ യേശുവിനെ ബന്ധിതനാക്കി പ്രധാനാചാര്യനായ കയ്യാപ്പായുടെ അടുക്കലേക്കയച്ചു. (*മത്തായി. 26: 57*) പ്രധാനാചാര്യനായ കയ്യാപ്പായുടെ അടുക്കൽ, വേദപണ്ഡിതന്മാരും കാശീശന്മാരും കൂടിയിരുന്നു. (*മർക്കോസ് 14: 53*) അപ്പോൾ പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും കാശീശന്മാരും എല്ലാം അവന്റെ അടുത്തു കൂടി. (*മത്തായി. 26: 59-60*) പ്രധാനാചാര്യന്മാരും കാശീശന്മാരും സംഘമാകെയും യേശുവിനെ കൊല്ലുവാനായിട്ട്, അവനു വിരുദ്ധമായ സാക്ഷികളെ അന്വേഷിച്ചെങ്കിലും കണ്ടെത്തിയില്ല. (*മർക്കോസ് 14: 56*) പലരും അദ്ദേഹത്തിനെതിരായി സാക്ഷ്യം പറഞ്ഞു. പക്ഷെ അവരുടെ സാക്ഷ്യങ്ങൾ യോജിച്ചിരുന്നില്ല. (*മത്തായി. 26: 60*)പല കള്ളസാക്ഷികളും വന്നു. എന്നാൽ ഒടുക്കം രണ്ടു പേർ അടുത്തു ചെന്നു. (*മർക്കോസ് 14: 56*) അവന് എതിരായി എഴുന്നേറ്റ് കളവായി (ഇങ്ങനെ പറഞ്ഞു) (*മത്തായി. 26: 61*) 'ദേവാലയത്തെ പൊളിച്ച് മൂന്നു ദിവസം കൊണ്ട് അതിനെ പണിവാൻ എനിക്കു കഴിയുമെന്ന് (*മർക്കോസ് 14: 58-62*) ഇവൻ പറയുന്നതു ഞങ്ങൾ കേട്ടു. 'കൈപ്പണിയായ ഈ ദേവാലയം പൊളിച്ച്, മൂന്നു ദിവസംകൊണ്ട് കൈപ്പണിയല്ലാത്ത മറ്റൊന്നു ഞാൻ നിർമ്മിക്കും.' ഇങ്ങനെയാണെങ്കിലും അവരുടെ സാക്ഷ്യവും യോജിച്ചിരുന്നില്ല. പ്രധാനാചാര്യൻ മദ്ധ്യത്തിൽ നിന്നുകൊണ്ട് യേശുവിനോട് 'നീ മറുപടി പറയുന്നില്ലയോ? ഇവർ നിനക്കെതിരായി സാക്ഷ്യം നൽകുന്നതെന്ത്' എന്ന് ചോദിച്ചു. അവനാകട്ടെ മൗനമായിരുന്നതേയുള്ളു. ഒന്നും ഉത്തരം പറഞ്ഞില്ല. പ്രധാനാചാര്യൻ വീണ്ടും അവനോട് 'നീയാണോ വാഴ്ത്തപ്പെട്ടവന്റെ പുത്രനായ മിശിഹാ' എന്ന് ചോദിച്ചു. യേശു അവനോടു പറഞ്ഞു: 'ഞാൻ തന്നെയാകുന്നു. മനുഷ്യപുത്രൻ, ശക്തിയുടെ വലത്തുഭാഗത്ത് ഇരിക്കുന്നതായും ആകാശമേഘങ്ങളിൽ വരുന്നതായും നിങ്ങൾ കാണും.' (*മത്തായി. 26: 65-68*) അപ്പോൾ പ്രധാനാചാര്യൻ തന്റെ വസ്ത്രങ്ങളെ കീറിയിട്ട് 'ഇതാ ഇവൻ പറഞ്ഞത് (ദൈവ)ദൂഷണം ആണ്. ഇനി സാക്ഷികളെക്കൊണ്ട് നമുക്ക് എന്താവശ്യം. ഇതാ ഇപ്പോൾ ഇവന്റെ (ദൈവ)ദൂഷണം നിങ്ങൾ കേട്ടുവല്ലോ, നിങ്ങളുടെ ഇഷ്ടം എന്ത് എന്ന് ചോദിച്ചു. 'ഇവൻ മരണത്തിന് അർഹനാകുന്നു' എന്ന് അവർ ഉത്തരം പറഞ്ഞു. അനന്തരം അവർ അദ്ദേഹത്തിന്റെ മുഖത്ത് തുപ്പുകയും തലയിൽ പ്രഹരിക്കുകയും ചെയ്തു. മറ്റു ചിലർ അവനെ അടിക്കയും, 'ഹേ! മിശിഹാ! തന്നെ അടിച്ചത് ആരെന്ന് പ്രവചിക്കുക' എന്ന് പറകയും ചെയ്തു. (*മർക്കോസ് 14: 65*) സേവകന്മാർ അദ്ദേഹത്തിന്റെ ചെകിട്ടിൽ അടിക്കുകയും ചെയ്തു (*മത്തായി. 26: 69*) കീപ്പായാകട്ടെ പുറത്ത് മുറ്റത്തിരിക്കയായിരുന്നു. (*മർക്കോസ് 14: 66-68*) ശെമവൂൻ താഴെ മുറ്റത്തിരിക്കുമ്പോൾ പ്രധാനാചാര്യന്റെ ഒരു വേലക്കാരി വന്ന്, അവൻ തീ കായുന്നതായി കണ്ടിട്ട് അവനെ സൂക്ഷിച്ചു നോക്കി, 'നീയും നസ്രാതുകാരനായ യേശുവിന്റെ കൂട്ടുകാരൻ ആയിരുന്നല്ലോ' എന്ന് പറഞ്ഞു. എന്നാൽ അവൻ 'നീ പറയുന്നതെന്തെന്ന് ഞാൻ അറിയുന്നില്ല' എന്ന് ധിക്കരിച്ചു പറഞ്ഞിട്ട് പുറത്തു പടിപ്പുരയിലേക്കായി പുറപ്പെട്ടു. കോഴി കൂകുകയും ചെയ്തു. (*മത്തായി. 26: 71-73*) പിന്നെ അവൻ പടിപ്പുരയിൽ ചെന്നപ്പോൾ വേറൊരുത്തിയും അവനെ കണ്ട് 'ഇവനും നസ്രാതുകാരനായ യേശുവിനോടു കൂടെ അവിടെ ഉണ്ടായിരുന്നു' എന്ന് അവരോടു പറഞ്ഞു. അവൻ പിന്നെയും, 'ആ മനുഷ്യനെ ഞാൻ അറിയുന്നില്ല' എന്ന് ആണയിട്ടു നിഷേധിച്ചുപറഞ്ഞു. എന്നാൽ കുറച്ചുനേരം കഴിഞ്ഞപ്പോൾ (അവിടെ) നിൽക്കുന്നവർ അടുത്തുചെന്ന് കീപ്പായോട് 'നീയും സത്യമായിട്ട് അവരിൽ ഉൾപ്പെട്ടവനാകുന്നു. എന്തെന്നാൽ നിന്റെ സംസാരംകൂടെയും നിന്നെ വെളിപ്പെടുത്തുന്നു' എന്ന് പറഞ്ഞു. (*യോഹ.*

*18: 26-27*) പ്രധാനാചാര്യന്റെ ദാസന്മാരിൽ ശെമവൂൻ ചെവി മുറിച്ചവന്റെ ചാർച്ചക്കാര നായ ഒരുവൻ അവനോട് 'ഞാൻ തോട്ടത്തിൽവച്ച് അവന്റെകൂടെ നിന്നെ കണ്ടുവല്ലോ' എന്ന് പറഞ്ഞു. പിന്നെയും ശെമവൂൻ നിഷേധിച്ചുപറഞ്ഞു. (*മത്തായി. 26: 74*) അപ്പോൾ അവൻ, 'ഞാൻ ആ മനുഷ്യനെ അറിയുന്നില്ല' എന്ന് നിരസിച്ചുപറകയും ആണയിടുക യും ചെയ്തുതുടങ്ങി. (*മർക്കോസ് 14: 72*) ഉടൻതന്നെ രണ്ടാമതും കോഴി കൂകി. (*ലൂക്കോ സ് 22 61-62*) (അപ്പോൾ) യേശു തിരിഞ്ഞു പത്രോസിനെ സൂക്ഷിച്ചുനോക്കി. കോഴി കൂകുന്നതിനു മുമ്പ് മൂന്നു പ്രാവശ്യം നീ എന്നെ തള്ളി പറയുമെന്ന് കർത്താവ് പറഞ്ഞി രുന്ന വാക്കിനെ ശെമവൂൻ ഓർത്ത്, പുറത്തേക്കു കടന്ന് സങ്കടത്തോടെ വിലപിച്ചു.

## പ്രഭാതം

**മത്താ. 27: 1-2; യോഹ. 18: 28-39; മർക്കോ 15:3; മത്താ. 27: 12-14; മർക്കോ. 15: 4-5; മത്താ. 27: 15; മർക്കോ. 15: 7-8; മത്താ. 27: 17; മർക്കോ. 15: 9; മത്താ. 27: 19-22; മർക്കോ. 15: 12-14; മത്താ. 27: 23-26; മത്താ. 27: 3-10;**

*ഹാ- ഹാ- എൻ ബാധയിലെന്നിഷ്ടന്മാരും സഹചാരികളുമെതിരായ് നിന്നു*
*ചാർച്ചക്കാരും അകലെ പോയ് നിന്നു. ഹാ-*

(*മത്താ. 27: 1-2*) പ്രഭാതമായപ്പോൾ പ്രധാനാചാര്യന്മാരും ജനത്തിന്റെ കാശീശന്മാരും ആയ എല്ലാവരും(കൂടി) യേശുവിനെ വധിക്കുവാൻ തക്കവണ്ണം എതിരാലോചനകൾ നടത്തി. അവർ അവനെ ബന്ധിച്ചു കൊണ്ടുപോയി നാടുവാഴിയായ പീലാത്തോസിനെ ഏല്പിച്ചു. (*യോഹ. 18: 28-39*) യേശുവിനെയാകട്ടെ കയ്യാപ്പായുടെ അടുക്കൽ നിന്ന് പ്രേത്തോറീനി ലേക്കു കൊണ്ടുപോയി. അപ്പോൾ പ്രഭാതമായിരുന്നു. അവർ പെസഹാ ഭക്ഷിക്കുവോളം അശുദ്ധമാകാതിരിപ്പാൻ വേണ്ടി പ്രേത്തോറീനിൽ പ്രവേശിച്ചില്ല. പീലാത്തോസ് പുറത്ത് അവരുടെ അടുക്കലേക്കു ചെന്ന് അവരോട് 'നിങ്ങൾ ഈ മനുഷ്യന്റെ മേൽ എന്തുകുറ്റം ആരോപിക്കുന്നു' എന്ന് ചോദിച്ചു. അവർ അവനോട് 'ഇവൻ കുറ്റക്കാരനല്ലായിരുന്നുവെ ങ്കിൽ ഞങ്ങൾ നിന്റെ അടുക്കൽ ഏല്പിക്കുമായിരുന്നില്ല' എന്ന് ഉത്തരം പറഞ്ഞു. പീ ലാത്തോസ് അവരോട് 'നിങ്ങൾ ഇവനെ കൊണ്ടുപോയി നിങ്ങളുടെ ന്യായപ്രമാണപ്ര കാരം വിധിപ്പിൻ' എന്ന് പറഞ്ഞതിന് യഹൂദന്മാർ 'ഒരുവനെ വധിക്കുവാൻ ഞങ്ങൾക്കധി കാരമില്ലല്ലോ' എന്ന് പറഞ്ഞു. ഏതുപ്രകാരമുള്ള മരണമാണ് തനിക്കനുഭവിപ്പാനുള്ളതെ ന്ന് യേശു സൂചിപ്പിച്ചു പറഞ്ഞതായ വചനം (ഇങ്ങനെ) നിവർത്തിയായി. പീലാത്തോസ് പ്രേത്തോറീനിൽ പ്രവേശിച്ച് യേശുവിനെ വിളിച്ച് 'നീ യഹൂദന്മാരുടെ രാജാവാകുന്നുവോ' എന്ന് ചോദിച്ചു. യേശു അവനോട് 'ഇത് നീ സ്വയമായി ചോദിച്ചതോ, മറ്റുള്ളവർ എന്നെ ക്കുറിച്ച് നിന്നോടു പറഞ്ഞതോ' എന്ന് ചോദിച്ചു. പീലാത്തോസ് അവനോട് 'ഞാൻ യഹൂദനാണോ? നിന്റെ സ്വജനങ്ങളും പ്രധാനാചാര്യന്മാരും കൂടി നിന്നെ എന്റെ അടു ക്കൽ ഏല്പിച്ചു. നീ എന്താണ് പ്രവർത്തിച്ചിട്ടുള്ളത്' എന്ന് ചോദിച്ചു. യേശു അവനോട് 'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ ഞാൻ യഹൂദ ന്മാർക്ക് ഏല്പിക്കപ്പെടാതിരിപ്പാനായിട്ട് എന്റെ സേവകന്മാർ പോരാടുമായിരുന്നു. എന്റെ രാജ്യമോ ഐഹികമല്ല' എന്ന് പറഞ്ഞു. പീലാത്തോസ് അവനോട് 'എന്നാൽ നീ രാജാവാ കുന്നുവോ' എന്ന് ചോദിച്ചു. യേശു അവനോട് 'ഞാൻ രാജാവാകുന്നുവെന്ന് നീ തന്നെ പറഞ്ഞുവല്ലോ. സത്യത്തെ കുറിച്ച് സാക്ഷ്യം നൽകുവാനായിട്ട് ഞാൻ ജനിച്ചിരിക്കുന്നു. ഇതിനായിട്ട് ഞാൻ ലോകത്തിലേക്കു വരികയും ചെയ്തു. സത്യവാനായ ഏവനും എന്റെ വാക്കു കേൾക്കുന്നു' എന്ന് പറഞ്ഞു. പീലാത്തോസ് അവനോട് 'സത്യമെന്നാൽ എന്താകു ന്നു' എന്ന് ചോദിച്ചു. അവൻ ഇതു പറഞ്ഞിട്ട് പിന്നെയും യഹൂദന്മാരുടെ അടുക്കൽ

ചെന്ന് അവരോട് 'ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല. പെസഹായിൽ ഒരുവനെ നിങ്ങൾക്കു മോചിപ്പിച്ചുതരിക പതിവുണ്ടല്ലോ. അതുകൊണ്ട് യഹൂദന്മാരുടെ രാജാവായ ഇവനെ മോചിപ്പിക്കുന്നത് നിങ്ങൾക്കു സമ്മതമാണോ' എന്ന് ചോദിച്ചു. (*മർക്കോസ് 15:3*) പ്രധാനാചാര്യന്മാർ പല പ്രകാരത്തിലും അവനിൽ കുറ്റമാരോപിച്ചു. (*മത്തായി 27: 12-14*) പ്രധാനാചാര്യന്മാരും കാശീശന്മാരും അവനിൽ കുറ്റം ചുമത്തിയപ്പോൾ അവൻ യാതൊരു മറുപടിയും പറഞ്ഞില്ല. അപ്പോൾ പീലാത്തോസ് അവനോട് 'ഇവർ നിനക്കു വിരോധമായിട്ട് എന്തെല്ലാം സാക്ഷ്യങ്ങളാണ് നൽകുന്നതെന്ന് നീ കേൾക്കുന്നില്ലയോ' എന്ന് ചോദിച്ചു. അവൻ അതിന് ഒരു വചനം പോലും ഉത്തരം പറഞ്ഞില്ല. (*മർക്കോസ് 15: 4-5*) പീലാത്തോസ് പിന്നെയും അവനോടു ചോദിച്ചു, 'നീ മറുപടി പറയുന്നില്ലയോ? നോക്കുക, ഇവർ നിനക്കെതിരായി എന്തെല്ലാം സാക്ഷ്യം പറയുന്നു' എന്ന് പറഞ്ഞു. യേശുവാകട്ടെ പീലാത്തോസ് ആശ്ചര്യപ്പെടുമാറ് ഒന്നും മറുപടി പറയാതിരുന്നു. (*മത്തായി 27: 15*) പെരുന്നാൾതോറും ജനങ്ങൾ ഇച്ഛിക്കുന്ന ഒരു തടവുകാരനെ നാടുവാഴി അവർക്കു വിട്ടുകൊടുക്കുന്ന ഒരു പതിവുണ്ടായിരുന്നു. (*മർക്കോസ് 15: 7-8*) (അപ്പോൾ), കലഹത്തിൽ കൊലപാതകം ചെയ്തവരായ കലഹക്കാരോടു കൂടി ബാറാബാ എന്ന് വിളിക്കപ്പെടുന്ന ഒരുവനും തടവിലാക്കപ്പെട്ടിട്ടുണ്ടായിരുന്നു. ജനങ്ങൾ ഉച്ചസ്വരത്തിൽ പതിവിൻപ്രകാരം തങ്ങൾക്കു ചെയ്തുകിട്ടുവാൻ അപേക്ഷിച്ചുതുടങ്ങി. (*മത്തായി 27: 17*) അവർ ഒന്നിച്ചുകൂടിയിരിക്കുമ്പോൾ പീലാത്തോസ് അവരോട്: 'ഞാൻ ആരെ വിട്ടുതരണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? ബാറാബായെയോ മിശിഹാ എന്ന് വിളിക്കപ്പെടുന്ന യേശുവിനെയോ' എന്ന് ചോദിച്ചു. (*മർക്കോ. 15: 9*) പ്രധാനാചാര്യന്മാർ അസൂയ നിമിത്തമാണ് ഇവനെ ഏല്പിച്ചതെന്ന് പീലാത്തോസ് അറിഞ്ഞിരുന്നു. (*മത്തായി 27: 19-22*) നാടുവാഴി തന്റെ ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ച് 'അവിടത്തേക്ക് ആ പുണ്യവാന്റെ മേൽ കാര്യമില്ല; എന്തെന്നാൽ ഞാൻ ഇന്ന് അവൻ നിമിത്തം സ്വപ്നത്തിൽ വളരെ കഷ്ടതയനുഭവിച്ചിരിക്കുന്നു എന്ന് പറഞ്ഞു. എന്നാൽ പ്രധാനാചാര്യന്മാരും കാശീശന്മാരും ബാറാബായെ ചോദിപ്പാനും യേശുവിനെ നശിപ്പിപ്പാനുമായി പുരുഷാരത്തെ സമ്മതിപ്പിച്ചു. നാടുവാഴി പിന്നെയും അവരോട് 'ഇവർ രണ്ടുപേരിൽ ആരെ ഞാൻ വിട്ടുതരണമെന്നാണ് നിങ്ങളാഗ്രഹിക്കുന്നത്' എന്ന് ചോദിച്ചതിന് അവർ, 'ബാറാബായെ' എന്ന് പറഞ്ഞു. പീലാത്തോസ് അവരോട് 'മിശിഹാ എന്ന് വിളിക്കപ്പെടുന്ന യേശുവിനെ ഞാൻ എന്തു ചെയ്യണം'(*മർക്കോ. 15: 12-14*) 'യഹൂദന്മാരുടെ രാജാവെന്ന് നിങ്ങൾ വിളിക്കുന്നവനെ (തന്നെ)' എന്ന് ചോദിച്ചു. അവർ വീണ്ടും '(അവനെ) കുരിശിക്കുക' എന്ന് അട്ടഹസിച്ചു. പീലാത്തോസ് അവരോട് 'ഇയാൾ എന്തു കുറ്റം ചെയ്തു' എന്ന് ചോദിച്ചു. (*മത്താ. 27: 23-26*) 'അവനെ കുരിശിൽ തറയ്ക്കണം' എന്ന് അവർ അധികമായി ആർത്തു വിളിച്ചു പറഞ്ഞു. പീലാത്തോസാകട്ടെ ആരവം വർദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാകുന്നില്ലെന്ന് കണ്ടിട്ട് പുരുഷാരത്തിന്റെ മുമ്പിൽ വച്ച് വെള്ളമെടുത്ത് തന്റെ കൈകൾ കഴുകി, 'ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല എന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുവീൻ' എന്ന് പറഞ്ഞു. ജനമാകെ ഉത്തരമായിട്ട് 'അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും (ഇരിക്കട്ടെ)' എന്ന് പറഞ്ഞു. പിന്നെ അവൻ ബാറാബായെ അവർക്കു വിട്ടുകൊടുക്കുകയും യേശുവിനെ ചമ്മട്ടികൊണ്ടടിപ്പിച്ച് കുരിശിൽ തറയ്ക്കുവാൻ ഏല്പിക്കയും ചെയ്തു. (*മത്തായി 27: 3-10*) അപ്പോൾ ഒറ്റുകാരനായ യൂദാ, യേശുവിന്റെ മേൽ കുറ്റം വിധിക്കപ്പെട്ടു എന്ന് കണ്ടിട്ടു പശ്ചാത്തപിച്ച് പ്രധാനാചാര്യന്മാരുടെയും കാശീശന്മാരുടെയും അടുക്കലേക്ക് ആ മുപ്പതു വെള്ളി(ക്കാശു) തിരിച്ചുകൊണ്ടുപോയി, 'കുറ്റമില്ലാത്ത രക്തത്തെ ഒറ്റികൊടുക്കയാൽ ഞാൻ പാപിയായിതീർന്നിരിക്കുന്നു' എന്ന് പ

റഞ്ഞു. അപ്പോൾ അവർ അവനോട് 'ഞങ്ങൾക്കെന്താണ്; നീ തന്നെ അറിഞ്ഞുകൊൾക' എന്ന് പറഞ്ഞു. അവൻ ആ വെള്ളി(ക്കാശ്) ദേവാലയത്തിൽ എറിഞ്ഞിട്ട് പോയി തന്ന ത്താൻ തൂങ്ങിമരിക്കുകയും ചെയ്തു. പ്രധാനാചാര്യന്മാർ ആ വെള്ളി(ക്കാശ്) എടുത്തിട്ട് 'ഇതു രക്തത്തിന്റെ വിലയാകയാൽ ഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല' എന്ന് പറഞ്ഞു. അവർ ആലോചിച്ച് അതു കൊടുത്ത് പരദേശികളുടെ ശവക്കല്ലറയ്ക്കായിട്ട് ഒരു കുശ വന്റെ പറമ്പു വാങ്ങിച്ചു. ആയതുകൊണ്ട് ആ പറമ്പിന് ഇന്നുവരെ രക്തനിലം എന്ന് പേർ വിളിക്കപ്പെട്ടിരിക്കുന്നു. 'ഇസ്രായേൽമക്കൾ വില മതിച്ച വിലയേറിയവന്റെ വിലയായ മുപ്പതു വെള്ളി(ക്കാശ്) ഞാൻ എടുത്ത്, കർത്താവ് എന്നോടു കല്പിച്ചപ്രകാരം കുശ വന്റെ പറമ്പിന് കൊടുത്തു' എന്ന് (ഏറമിയാ) ദീർഘദർശിയാൽ പറയപ്പെട്ടത് അപ്പോൾ നിവർത്തിയായി.

## ദുഃഖവെള്ളിയാഴ്ച മൂന്നാം മണി

**ലൂക്കോ. 22: 66–68; മത്തായി 26: 64; ലൂക്കോ. 22: 69–23: 2; മത്തായി 27: 11; ലൂക്കോ. 23: 3–16; യൂഹാ. 18: 39; ലൂക്കോ. 23: 17–23; മർക്കോസ് 15: 25; 15:15; ലൂക്കോ. 23: 24–25**

*ഹാ- ഹാ- ഞാനെറിയും മൽപാദുകമേദോമിൽ*
*ഞാനട്ടഹസിക്കും പാലസ്തീനിൽ. ഹാ-*

(*ലൂക്കോ. 22: 66–68*) നേരം വെളുത്തപ്പോൾ കാശീശന്മാരും പ്രധാനാചാര്യന്മാരും വേദപ ണ്ഡിതന്മാരും ഒരുമിച്ചുകൂടി അവനെ തങ്ങളുടെ സംഘാലയത്തിലേക്കു കൊണ്ടുപോയി. അവർ അവനോട് 'നീ മിശിഹാ ആണോ? ഞങ്ങളോടു പറക' എന്ന് പറഞ്ഞു. അവൻ അവരോട് 'ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല. ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം പറകയോ എന്നെ വിട്ടയയ്ക്കയോ ചെയ്കയുമില്ല. (*മത്തായി 26: 64*) ഞാൻ നി ങ്ങളോടു പറയുന്നു, (*ലൂക്കോ. 22: 69–23: 2*) ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തി യുടെ വലത്തുഭാഗത്ത് ഇരിക്കും' എന്ന് പറഞ്ഞു. അപ്പോൾ അവരെല്ലാവരും (അവനോട്) 'അങ്ങനെയെങ്കിൽ, നീ ദൈവത്തിന്റെ പുത്രനാണോ' എന്ന് ചോദിച്ചു. യേശു അവരോട് 'ഞാനാണെന്ന് നിങ്ങൾതന്നെ പറയുന്നുവല്ലോ' എന്ന് പറഞ്ഞു. അപ്പോൾ അവർ 'ഇനി സാക്ഷികളെക്കൊണ്ട് നമുക്കെന്താവശ്യം? ഇവന്റെ വായിൽ നിന്നുതന്നെ നാം കേട്ടുവല്ലോ' എന്ന് പറഞ്ഞു. അനന്തരം അവരുടെ കൂട്ടമെല്ലാം എഴുന്നേറ്റ് അവനെ പീലാത്തോസിന്റെ അടുക്കലേക്കു കൊണ്ടുപോയി. ഇവൻ ഞങ്ങളുടെ ജനങ്ങളെ വഞ്ചിക്കയും കേസറിനു തലവരി കൊടുക്കണ്ടായെന്ന് വിലക്കുകയും മിശിഹാരാജാവാണെന്നു സ്വയം പറകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു എന്ന് -അവനിൽ കുറ്റാരോപണം ചെ യ്ത്- പറയാൻ തുടങ്ങി. (*മത്തായി 27: 11*) യേശുവാകട്ടെ നാടുവാഴിയുടെ മുമ്പാകെ നില കൊണ്ടു. (*ലൂക്കോ. 23: 3–16*) പീലാത്തോസാകട്ടെ അവനോട് 'നീ യഹൂദന്മാരുടെ രാജാ വാകുന്നുവോ' എന്ന് ചോദിച്ചു. (യേശു) അവനോട് 'നീ തന്നെ പറഞ്ഞുവല്ലോ' എന്ന് പറഞ്ഞു. (അനന്തരം) പീലാത്തോസ് പ്രധാനാചാര്യന്മാരോടും പുരുഷാരത്തോടും 'ഈ മനുഷ്യനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല' എന്ന് പറഞ്ഞു. അവരാകട്ടെ 'ഇവൻ യഹൂ ദരിൽ മുഴുവൻ ഉപദേശം നടത്തി ഞങ്ങളുടെ ജനത്തെ ഇളക്കിവിടുന്നു. അത് ഗലീലാ മുതൽ ഇവിടം വരെ (എത്തിയിരിക്കുന്നു')എന്ന് അട്ടഹസിച്ചു പറഞ്ഞു. പീലാത്തോസ് ഗലീലായെന്ന നാമം കേട്ടപ്പോൾ 'ഈ മനുഷ്യൻ ഗലീലാക്കാരനാണോ' എന്ന് ചോദിച്ചു. ഹേറോദേസിന്റെ അധികാരത്തിൽ ഉൾപ്പെട്ടവനാണെന്ന് അറിഞ്ഞപ്പോൾ അവന്റെ അടു ക്കലേക്ക് (യേശുവിനെ) അയച്ചു. ഹേറോദേസ് ആ സമയത്ത് ഊർശ്ലേമിൽ ഉണ്ടായിരുന്നു. ഹേറോദേസ് യേശുവിനെ കണ്ടപ്പോൾ വളരെ സന്തോഷിച്ചു. എന്തെന്നാൽ അവനെ കു

റിച്ച് പല കാര്യങ്ങളും അയാൾ കേൾക്കുകയും, വല്ല അത്ഭുതങ്ങളും അവനിൽനിന്ന് കാണാമെന്ന് വിചാരിക്കയും ചെയ്ത് വളരെക്കാലമായി അവനെ കാണുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കയായിരുന്നു. അയാൾ യേശുവിനോട് പലതും ചോദിച്ചു. അവൻ ഒന്നും ഉത്തരം പറഞ്ഞില്ല. എന്നാൽ പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും അവനിൽ ഉഗ്രമായി കുറ്റം ചുമത്തിക്കൊണ്ടു നിന്നിരുന്നു. ഹേറോദേസും അയാളുടെ പടയാളികളും നിന്ദിച്ചുകൊണ്ട് ആക്ഷേപമായിട്ട് ചുവപ്പുകുപ്പായം ധരിപ്പിച്ച് പീലാത്തോസിന്റെ അടുക്കലേക്ക് അവനെ തിരിച്ചയച്ചു. അന്നേദിവസം പീലാത്തോസും ഹേറോദേസും തമ്മിൽ സ്നേഹിതന്മാരായിത്തീർന്നു. മുമ്പ് അവർ തമ്മിൽ ശത്രുക്കളായിരുന്നു. എന്നാൽ പീലാത്തോസ് പ്രധാനാചാര്യന്മാരെയും പ്രമാണികളെയും ജനങ്ങളെയും വിളിച്ച് ഇപ്രകാരം പറഞ്ഞു: 'നിങ്ങളുടെ ജനങ്ങളെ തെറ്റിക്കുന്നവൻ എന്ന നിലയിൽ ഈ മനുഷ്യനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവന്നുവല്ലോ. ഞാൻ നിങ്ങളുടെ മുമ്പിൽ വച്ച് പരിശോധിച്ചതിൽ നിങ്ങളോരോപിക്കുന്ന ഒരു കുറ്റവും ഈ മനുഷ്യനിൽ കണ്ടില്ല. ഹേറോദേസിന്റെ അടുക്കലേക്കയച്ചതിൽ അദ്ദേഹവും (കാണുകയുണ്ടായില്ല;) ഇതാ മരണാർഹമായ യാതൊന്നും ഇവൻ പ്രവർത്തിച്ചിട്ടില്ല. ആയതുകൊണ്ട് ഞാൻ ഇവനെ ശിക്ഷിച്ചു വിട്ടയയ്ക്കാം.' (*യൂഹാ. 18: 39*) പെസഹായിൽ ഒരുവനെ നിങ്ങൾക്കു മോചിപ്പിച്ചുതരിക പതിവുണ്ടല്ലോ. അതുകൊണ്ട് യഹൂദന്മാരുടെ രാജാവായ ഇവനെ മോചിപ്പിക്കുന്നത് നിങ്ങൾക്കു സമ്മതമാണോ' എന്ന് ചോദിച്ചു. (*ലൂക്കോ. 23: 17-23*) പെരുന്നാളിൽ ഒരുവനെ മോചിപ്പിക്കുന്ന ഒരു പതിവുണ്ടായിരുന്നു. അപ്പോൾ പുരുഷാരം 'ഇവനെ സംഹരിക്കുക; ബാറാബായെ മോചിപ്പിച്ചുതരിക' എന്ന് വിളിച്ചു പറഞ്ഞു. പട്ടണത്തിലുണ്ടായ കലഹം നിമിത്തവും കൊലപാതകം നിമിത്തവും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവനായിരുന്നു (ബാറാബാ). പീലാത്തോസ് യേശുവിനെ വിട്ടയയ്ക്കണമെന്നാഗ്രഹിച്ചുകൊണ്ട് പിന്നെയും അവരോട് സംസാരിച്ചു. അവരാകട്ടെ 'അവനെ ക്രൂശിക്കുക, ക്രൂശിക്കുക' എന്ന് വിളിച്ചുപറഞ്ഞു. അവൻ മൂന്നാമതും അവരോട് 'ഇവൻ എന്തു ദോഷം ചെയ്തു? മരണയോഗ്യമായ യാതൊരു കുറ്റവും ഞാൻ ഇവനിൽ കണ്ടിട്ടില്ല. അതുകൊണ്ട് ഇവനെ ശിക്ഷിച്ചു വിട്ടയച്ചേക്കാം' എന്ന് പറഞ്ഞു. എന്നാൽ അവർ അവനെ കുരിശിൽ തറപ്പാനായിട്ട് ഉച്ചസ്വരത്തിൽ പിന്നെയും പിന്നെയും അപേക്ഷിച്ചു. അവരുടെയും പ്രധാനാചാര്യന്മാരുടെയും ശബ്ദം ശക്തിപ്പെട്ടുവന്നു. (*മർക്കോസ് 15: 25; 15:15*) (അപ്പോൾ) സമയം മൂന്നു മണിയായിരുന്നു. പീലാത്തോസ് ജനങ്ങളുടെ ഇഷ്ടം നടത്തണമെന്ന് ഇച്ഛിച്ചു. (*ലൂക്കോ. 23: 24-25*) 'അവരുടെ അപേക്ഷ നടക്കട്ടെ' എന്ന് കല്പിച്ചിട്ട്, കലഹവും കൊലപാതകവും നിമിത്തം കാരാഗൃഹത്തിൽ ആക്കപ്പെട്ടിരുന്നവനായി അവർ ആവശ്യപ്പെട്ടവനെ അവർക്കു വിട്ടുകൊടുത്തു. യേശുവിനെ അവരുടെ ഹിതത്തിനു വിട്ടുകൊടുക്കയും ചെയ്തു. യേശുവിനെ അടിപ്പിച്ചിട്ട് കുരിശിൽ തറയ്ക്കുവാനായി ഏല്പിച്ചു കൊടുക്കയും ചെയ്തു.

## ഉച്ച

**മത്തായി 27: 27; മർക്കോ. 15: 16; മത്തായി 27: 27-28; മർക്കോ. 15: 17; യൂഹാ. 19:2; മത്തായി 27: 29; മർക്കോ. 15: 18; യൂഹാ. 19:3; മത്തായി 27: 30; യൂഹാ. 19:4-16; മത്തായി 27: 31; യൂഹാ. 19: 17; ലൂക്കോ. 23: 26; മർക്കോ. 15: 21; ലൂക്കോ. 23: 26-32; മർക്കോ. 15: 22-23; ലൂക്കോ. 23: 33; യൂഹാ. 19: 18; മർക്കോ. 15: 27-28; മത്തായി 27: 35, 37, 36; ലൂക്കോ. 23: 34; യൂഹാ. 19: 19-24; ലൂക്കോ. 23: 35; മർക്കോ. 15: 29-32; മത്താ. 27: 43; ലൂക്കോ. 23: 36-37; 39-44; മത്തായി. 27: 45; ലൂക്കോ. 23: 45**

*ഹാ- ഹാ- എന്നെ കയ്പവർ തീറ്റി*
*തന്നു കുടിപ്പാൻ കയ്പേറും പാനീയം. ഹാ-*

(*മത്തായി 27: 27*) അപ്പോൾ നാടുവാഴിയുടെ പടയാളികൾ യേശുവിനെ കൂട്ടി ക്കൊണ്ട്. (*മർക്കോ. 15: 16*) പ്രേത്തോറിൻ എന്ന മണ്ഡപത്തിലേക്കു പോയി. (*മത്തായി 27: 27-28*) പട്ടാളത്തെയെല്ലാം അവന്റെ അടുക്കൽ കൂട്ടി. അവർ അവന്റെ ഉടുപ്പു മാറ്റി ഒരു ചുവന്ന കുപ്പായം ധരിപ്പിച്ചു. (*മർക്കോ. 15: 17*) അവർ അവനെ രക്താംബരം ധരിപ്പിച്ചു (*യൂഹാ. 19:2*) മുള്ളുകൾകൊണ്ട് ഒരു കിരീടമുണ്ടാക്കി അവന്റെ തലയിൽ വച്ചു. (*മത്തായി 27: 29*) അവർ വലത്തെ കൈയിൽ ഒരു കോലും (കൊടുത്ത്) മുമ്പിൽ മുട്ടുകുത്തി പരിഹസിച്ചു (*മർക്കോ. 15: 18*) അഭിവാദ്യം ചെയ്വാനും (വന്ദിപ്പാനും) തുടങ്ങി. (*യൂഹാ. 19:3*) (പിന്നെ) 'യീഹൂദരാജാവേ! ശ്ലോം' എന്ന് പറഞ്ഞുകൊണ്ട് അവന്റെ കരണത്ത് അടിക്കയും ചെയ്തു. (*മത്തായി 27: 30*) അവർ അവന്റെ മുഖത്തു തുപ്പുകയു കോലുകൊണ്ട് തലയിലടിക്കയും ചെയ്തു. (*യൂഹാ. 19:4-16*) പീലാത്തോസ് പിന്നെയും പുറത്തേക്കു വന്ന് അവരോട് 'ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന് നിങ്ങൾ അറിയേണ്ടതിന് ഇതാ ഞാൻ ഇവനെ നിങ്ങളുടെ അടുക്കലേക്ക് ഇറക്കിവിടുന്നു' എന്ന് പറഞ്ഞു. അപ്പോൾ യേശു മുൾക്കിരീടവും രക്താംബരവും ധരിച്ച് പുറത്തേക്കു ചെന്നു. പീലാത്തോസ് അവരോട് 'ഇതാ ആ മനുഷ്യൻ' എന്ന് പറഞ്ഞു. പ്രധാനാചാര്യന്മാരും സേനയും അവനെ കണ്ടപ്പോൾ 'ഇവനെ കുരിശിൽ തൂക്കുക, കുരിശിൽ തൂക്കുക' എന്ന് വിളിച്ചുപറഞ്ഞു. പീലാത്തോസ് അവരോട് 'നിങ്ങൾ അവനെ കൊണ്ടുപോയി കുരിശിൽ തൂക്കിക്കൊൾവിൻ; ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല' എന്ന് പറഞ്ഞു. യഹൂദന്മാർ അവനോട് 'ഞങ്ങൾക്കു ന്യായപ്രമാണമുണ്ട്. ഇവൻ, തന്നെ ദൈവപുത്രനാക്കിയിരിക്കകൊണ്ട് ഞങ്ങളുടെ ന്യായപ്രമാണമനുസരിച്ച് മരണത്തിന് അർഹനാകുന്നു' എന്ന് പറഞ്ഞു. പീലാത്തോസ് ഇതുകേട്ടപ്പോൾ വളരെ ഭയപ്പെട്ടു. അവൻ പിന്നെയും പ്രേത്തോറീനിൽ പ്രവേശിച്ച് യേശുവിനോട് 'നീ എവിടെ നിന്ന് വന്നവനാകുന്നു' എന്ന് ചോദിച്ചു. യേശുവാകട്ടെ അവനോട് ഉത്തരം പറഞ്ഞില്ല. പീലാത്തോസ് അവനോട് 'നീ എന്നോടു സംസാരിക്കുന്നില്ലയോ? നിന്നെ വിട്ടയപ്പാൻ എനിക്കധികാരമുണ്ട്. കുരിശിൽ തൂക്കുവാനും എനിക്കധികാരമുണ്ട്. ഇതു നീ അറിയുന്നില്ലയോ' എന്ന് ചോദിച്ചു. യേശു അവനോട് 'മുകളിൽനിന്ന് ലഭിക്കാതിരുന്നെങ്കിൽ എന്റെ മേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല. അതുകൊണ്ട് എന്നെ നിന്നിൽ ഏല്പിച്ചവന്റെ പാപം നിന്റേതിനെക്കാൾ വലിയതാകുന്നു' എന്ന് പറഞ്ഞു. ഇതു നിമിത്തം പീലാത്തോസ് അവനെ വിട്ടയപ്പാൻ ആഗ്രഹിച്ചു. എന്നാൽ യീഹൂദന്മാർ 'ഇവനെ വിട്ടയച്ചാൽ നീ കേസറിന്റെ ബന്ധുവല്ല; എന്തെന്നാൽ, സ്വയം രാജാവാകുന്ന ഏവനും കേസറിന് വിരോധിയാകുന്നു' എന്ന് അട്ടഹസിച്ചു പറഞ്ഞു. പീലാത്തോസ് ഇതു കേട്ട് യേശുവിനെ പുറത്തു കൊണ്ടുവന്നിട്ട് എബ്രായഭാഷയിൽ 'ഗ്പിപ്ത്തൊ' എന്ന് പറയപ്പെടുന്നതായി കൽത്തളം എന്ന് പേരുള്ള സ്ഥലത്ത്, ന്യായാസനത്തിന്മേൽ ഇരുന്നു. അതു പെസഹാ വെള്ളിയാഴ്ചയായിരുന്നു. സമയം ഉദ്ദേശം ആറു മണിയുമായിരുന്നു. അവൻ യീഹൂദന്മാരോട് 'ഇതാ നിങ്ങളുടെ രാജാവ് എന്ന് പറഞ്ഞു. അവരാകട്ടെ 'ഇവനെ സംഹരിക്കുക; ഇവനെ സംഹരിക്കുക എന്നാർത്തു. പീലാത്തോസ് അവരോട് 'ഞാൻ നിങ്ങളുടെ രാജാവിനെ കുരിശിൽ തൂക്കണമോ' എന്ന് ചോദിച്ചു. പ്രധാനാചാര്യന്മാർ 'കേസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല' എന്ന് പറഞ്ഞു. അനന്തരം അവൻ യേശുവിനെ കുരിശിൽ തൂക്കുവാനായിട്ട് അവർക്കു വിട്ടുകൊടുത്തു. (*മത്തായി 27: 31*) അവനെ പരിഹസിച്ച ശേഷം അവർ ചുമന്ന കുപ്പായം മാറ്റി സ്വന്തവസ്ത്രങ്ങൾ ധരിപ്പിച്ച് കുരിശിൽ തറയ്ക്കുവാൻ കൊണ്ടുപോയി. (*യൂഹാ. 19: 17*) അവർ യേശുവിനെ സ്വന്തം കുരിശു ചുമപ്പിച്ചുകൊണ്ട് എബ്രായഭാഷയിൽ

ഗോഗുൽത്തോ എന്ന് വിളിക്കപ്പെടുന്നതായി തലയോട്ടി എന്ന് പേരുള്ള സ്ഥലത്തേക്കു നടത്തിക്കൊണ്ടുപോയി. (*ലൂക്കോ. 23: 26*) അവർ യേശുവിനെ കൊണ്ടുപോകുന്ന അവസരത്തിൽ (*മർക്കോ. 15: 21*) അലക്സന്ത്രോസിന്റെയും റൂപ്പോസിന്റെയും പിതാവായി ഗ്രാമത്തിൽ നിന്ന് വന്ന് വഴികടന്നുപോയ കൂറിൻകാരൻ ശെമഊൻ എന്നൊരുവനോട് (യേശുവിന്റെ) കുരിശു താങ്ങുവാൻ അവർ നിർബന്ധിച്ചു. (*ലൂക്കോ. 23: 26-32*) യേശുവിന്റെ പുറകിൽ നിന്ന് താങ്ങുവാൻ തക്കവണ്ണം കുരിശ് അവന്റെ മേൽ വച്ചു. അനേക ജനങ്ങളും, മുറയിട്ട് വിലപിച്ചുകൊണ്ട് സ്ത്രീകളും, അവനെ അനുഗമിച്ചു. യേശു അവരുടെ നേരേ തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു: 'ഊർശ്ലേംപുത്രിമാരേ! നിങ്ങൾ എന്നെക്കുറിച്ചു കരയേണ്ട. നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരവിൻ. എന്തെന്നാൽ ഇതാ, വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും കുടിപ്പിക്കാത്ത മുലകൾക്കും ഭാഗ്യം എന്ന് പറയേണ്ടിവരുന്ന ദിവസങ്ങൾ വരുന്നു. അപ്പോൾ പർവ്വതങ്ങളോട് 'ഞങ്ങളുടെമേൽ വീഴുവിൻ എന്നും കുന്നുകളോടു ഞങ്ങളെ മൂടുവിൻ എന്നും നിങ്ങൾ പറഞ്ഞു തുടങ്ങും. പച്ചമരത്തോട് ഇപ്രകാരമാണ് പ്രവൃത്തിയെങ്കിൽ ഉണങ്ങിയതിനോട് എന്തായിരിക്കും?' ദുഷ്കർമ്മികളായ വേറെ രണ്ടാളുകളെകൂടി അവനോടുകൂടി കൊല്ലുവാനായിട്ടു കൊണ്ടുപോയിരുന്നു. (*മർക്കോ. 15: 22-23*) (അനന്തരം) അവർ അവനെ 'തലയോടിടം' എന്നർത്ഥമുള്ള 'ഗോഗുൽത്താ' എന്ന സ്ഥലത്തക്കു കൊണ്ടുപോയി. അവർ അവനു കയ്പുരസം കലർത്തിയ വീഞ്ഞു കുടിപ്പാൻ കൊടുത്തു. അവൻ അതു സ്വീകരിച്ചില്ല. (*ലൂക്കോ. 23: 33*) അനന്തരം അവർ 'തലയോടിടം' എന്ന് പറയപ്പെടുന്ന സ്ഥലത്ത് ചെന്നിട്ട് അവിടെ (*യൂഹാ. 19: 18*) യേശു മദ്ധ്യേയും (*മർക്കോ. 15: 27-28*) വലത്തും ഇടത്തുമായി രണ്ടു കള്ളന്മാരെയും കൂടി അവനോടൊരുമിച്ചു കുരിശിച്ചു. 'അധർമ്മികളുടെ കൂട്ടത്തിൽ അവൻ ഗണിക്കപ്പെട്ടു' എന്ന് പറഞ്ഞിട്ടുള്ള തിരുവെഴുത്തു നിവർത്തിക്കയും ചെയ്തു. (*മത്തായി 27: 35, 37, 36*) അവനെ അവർ കുരിശിൽ തൂക്കിയശേഷം അവന്റെ മരണശിക്ഷാകാരണത്തെ തലയ്ക്കു മുകളിലായി എഴുതിവെച്ചു. അവർ അവിടെയിരുന്ന് അവനെ കാത്തു. (*ലൂക്കോ. 23: 34*) യേശുവാകട്ടെ 'പിതാവേ! ഇവരോട് ക്ഷമിക്കണമേ! എന്തെന്നാൽ തങ്ങൾ പ്രവർത്തിക്കുന്നതെന്തെന്ന് ഇവർക്കറിഞ്ഞുകൂടാ' എന്ന് പറഞ്ഞു. (*യൂഹാ. 19: 19-24*) അവന്റെ കുരിശിൽ പീലാത്തോസ് ഒരു പലക എഴുതി വച്ചു. എഴുതിയിരുന്നത് ഇപ്രകാരമായിരുന്നു: 'ഇവൻ യീഹൂദന്മാരുടെ രാജാവായ നൊസ്രാതുകാരൻ യേശു.' യേശുവിനെ കുരിശിൽ തൂക്കിയ സ്ഥലം പട്ടണത്തോടു സമീപമായിരുന്നതുകൊണ്ട് ഈ പലക യഹൂദന്മാരിൽ പലരും വായിച്ചു. അതിൽ എബ്രായഭാഷയിലും ഗ്രീക്കുഭാഷയിലും ലത്തീൻഭാഷയിലും എഴുതപ്പെട്ടിരുന്നു. പ്രധാനാചാര്യന്മാർ പീലാത്തോസിനോട് 'ഇവൻ യഹൂദന്മാരുടെ രാജാവാകുന്നു എന്നല്ല, ഞാൻ യഹൂദന്മാരുടെ രാജാവാകുന്നു എന്ന് ഇവൻ പറഞ്ഞു എന്നാണ് എഴുതേണ്ടത്' എന്ന് പറഞ്ഞു. (അപ്പോൾ) പീലാത്തോസ് 'ഞാൻ എഴുതിയത് എഴുതിയതുതന്നെ' എന്ന് പറഞ്ഞു. പടയാളികളാകട്ടെ യേശുവിനെ കുരിശിൽ തൂക്കിയതിനു ശേഷം അവന്റെ വസ്ത്രങ്ങളെ എടുത്ത് ഓരോരുത്തന് ഓരോ അംശം വീതം നാലായിട്ട് അംശിച്ചു. അവന്റെ അങ്കിയോ തയ്പ്പു കൂടാതെ മുകൾ മുതൽ മുഴുവനും നെയ്ത്തു(തന്നെ) ആയിരുന്നു. അവർ പരസ്പരം പറഞ്ഞു, 'നാം ഇതിനെ കീറണ്ട. അത് ആർക്കു കിട്ടണമെന്ന് നറുക്കിടാം'. 'എന്റെ വസ്ത്രങ്ങളെ അവർ പങ്കിട്ടു; എന്റെ അങ്കിക്കു നറുക്കിടുകയും ചെയ്തു' എന്ന് പറഞ്ഞിട്ടുള്ള തിരുവെഴുത്ത് (ഇങ്ങനെ) നിവർത്തിയായി. പടയാളികൾ അപ്രകാരം പ്രവർത്തിക്കയും ചെയ്തു. (*ലൂക്കോ. 23: 35*) ജനങ്ങൾ നോക്കി

ക്കൊണ്ടു നിന്നിരുന്നു. (*മർക്കോ. 15: 29–32*) ആ വഴിയേ കടന്നുപോകുന്നവർകൂടിയും അവനെ ദുഷിക്കയും തല കുലുക്കിക്കൊണ്ട് ഇങ്ങനെ പറകയും ചെയ്തിരുന്നു. 'ദേവാലയം പൊളിച്ച് മൂന്നു ദിവസംകൊണ്ട് അതിനെ നിർമ്മിക്കുന്നവനേ! നീ നിന്നെ ത്തന്നെ രക്ഷിക്കുക. കുരിശിൽ നിന്നിറങ്ങിവരിക'. അപ്രകാരം പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും പരിഹസിച്ചുകൊണ്ടു പരസ്പരം പറഞ്ഞു. 'ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; (എന്നാൽ) തന്നെത്താൻ രക്ഷിപ്പാൻ അവനു കഴിയുന്നില്ല. ഇസ്രായേലിന്റെ രാജാവായ മിശിഹാ ഇപ്പോൾ കുരിശിൽ നിന്നിറങ്ങിവരട്ടെ. (എന്നാൽ) നമുക്കു കണ്ടു വിശ്വസിക്കാം'. (*മത്താ. 27: 43*) 'അവൻ ദൈവത്തെ ശരണം പ്രാപിച്ചിരിക്കുന്നുവല്ലോ. ഇപ്പോൾ അവന് ഇഷ്ടമുണ്ടെങ്കിൽ ഇവനെ രക്ഷിക്കട്ടെ. എന്തെന്നാൽ ഞാൻ ദൈവപു ത്രനാകുന്നുവെന്ന് ഇവൻ പറയുന്നുവല്ലോ' (*ലൂക്കോ. 23: 36–37; 39–44*) പടയാളികളും അവന്റെ അടുക്കൽ ചെന്ന് ചൊറുക്കാ കൊടുത്തുകൊണ്ട് അവനെ പരിഹസിച്ച് പറഞ്ഞു, 'നീ യീഹൂദന്മാരുടെ രാജാവാകുന്നുവെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക'. അവനോടൊ രുമിച്ച് കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന ആ ദുഷ്കർമ്മികളിൽ ഒരുവൻ, അവനെ നിന്ദിച്ചു കൊണ്ട് 'നീ മിശിഹായാകുന്നുവെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക' എന്ന് പറഞ്ഞു. അവന്റെ കൂട്ടുകാരൻ അവനെ ശാസിച്ചിട്ട് അവനോട് 'അതേ ശിക്ഷയിൽതന്നെ പെട്ടിരു ന്നിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാം യഥായോഗ്യം, പ്രവൃത്തിക്കനുസരണമാ യി, ന്യായമായ ശിക്ഷ അനുഭവിച്ചിരിക്കുന്നു. എന്നാൽ ഇവനാകട്ടെ, യാതൊരനീതിയും പ്രവർത്തിച്ചിട്ടില്ല' എന്ന് പറഞ്ഞു. പിന്നെ അവൻ യേശുവിനോട് 'എന്റെ കർത്താവേ! നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർക്കണമേ' എന്ന് പറഞ്ഞു. യേശു അവനോട് 'നീ ഇന്ന് എന്നോടൊരുമിച്ച് പറുദീസായിൽ ഇരിക്കും എന്ന് ഞാൻ സത്യമായിട്ടും നിന്നോടു പറയുന്നു' എന്ന് പറഞ്ഞു. അപ്പോൾ ഏകദേശം ആറു മണിസമയമായിരുന്നു. (*മത്തായി. 27: 45*) ആറു മണി മുതൽ ഒമ്പതു മണിവരെ ഭൂമിയിൽ എല്ലായിടത്തും ഇരുട്ടു ണ്ടായി. (*ലൂക്കോ. 23: 45*) സൂര്യൻ ഇരുണ്ടു.

## ദുഃഖവെള്ളിയാഴ്ച ഒമ്പതാം മണി

**മർക്കോ. 15: 34–36; യൂഹാ. 19: 25–30; ലൂക്കോ. 23: 46; യൂഹാ. 19: 30; മത്തായി 27: 51–54; ലൂക്കോ. 23: 48**

*ഹാ- ഹാ- ഏവരുമെന്നെ നിന്ദിച്ചു*
*ചുണ്ടു മലർത്തി തലയവരാട്ടി. ഹാ-*

(*മർക്കോ. 15: 34–36*) ഒമ്പതാം മണി സമയത്ത് യേശു 'എന്റെ ദൈവമേ! എന്റെ ദൈവമേ! നീ എന്നെ കൈവിട്ടതെന്ത് എന്ന അർത്ഥത്തിൽ 'ഏലി ഏലി ല്മാനാ ശ്ബക് ത്താനീ' എന്ന് അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു. (അവിടെ) നിന്നിരുന്നവരിൽ ഇതു കേട്ട ചിലർ 'ഇവൻ ഏലിയായെ വിളിച്ചതാണ്' എന്ന് പറഞ്ഞു. ഒരുവൻ ഓടിച്ചെന്ന് സ്പോഞ്ച് ചൊറു ക്കയിൽ മുക്കി അവനെ കുടിപ്പിക്കാൻ ഒരു കോലിൽ കെട്ടി. (ചിലർ) 'ക്ഷമിപ്പിൻ, ഏലിയാ വന്ന് ഇവനെ ഇറക്കുന്നുവെങ്കിൽ കാണട്ടെ' എന്ന് പറകയും ചെയ്തു. (*യൂഹാ. 19: 25–30*) യേശുവിന്റെ കുരിശിനരികെ അവന്റെ മാതാവും, മാതൃസഹോദരിയും, ക്ലേയോപ്പാ മറി യാമും, മഗ്ദലക്കാരി മറിയാമും നിന്നിരുന്നു. യേശു തന്റെ മാതാവും പ്രിയപ്പെട്ട ശിഷ്യനും (അടുക്കൽ) നിൽക്കുന്നതു കണ്ടിട്ട് സ്വമാതാവിനോട് 'സ്ത്രീയേ! ഇതാ അവിടത്തെ പു ത്രൻ' എന്ന് പറഞ്ഞു. പിന്നെ അവൻ ആ ശിഷ്യനോട് 'അതാ നിന്റെ മാതാവ്' എന്നും പ റഞ്ഞു. ആ നാഴിക (മുതൽ) ആ ശിഷ്യൻ അവളെ തന്റെ (ഗൃഹത്തിൽ) കൈക്കൊള്ളുക യും ചെയ്തു. അനന്തരം യേശു സകലവും നിവർത്തിയായി എന്നറിഞ്ഞിട്ട് തിരുവെഴുത്തു

നിവർത്തിക്കപ്പെടുവാൻ വേണ്ടി 'എനിക്കു ദാഹിക്കുന്നു' എന്ന് പറഞ്ഞു. (അവിടെ) ഒരു പാത്രം ചൊറുക്കാ നിറച്ചു വച്ചിട്ടുണ്ടായിരുന്നു. അവർ ഒരു സ്പോഞ്ച് ചൊറുക്കായിൽ മുക്കി 'സോപ്പാ'കോലിൽ വച്ച് അവന്റെ വായോട് അടുപ്പിച്ചു. യേശുവാകട്ടെ ചൊറുക്കാ സ്വീകരിച്ചശേഷം 'നിവർത്തിയായിരിക്കുന്നു' എന്ന് പറഞ്ഞു (*ലൂക്കോ. 23: 46*) യേശു 'എന്റെ പിതാവേ! ഞാൻ എന്റെ ആത്മാവിനെ അവിടത്തെ കൈകളിൽ ഏല്പിക്കുന്നു' എന്ന് ഉച്ചസ്വരത്തിൽ അട്ടഹസിച്ചു പറഞ്ഞു (*യൂഹാ. 19: 30*) തല ചായ്ച്ച് പ്രാണനെ വിട്ടു. (*മത്തായി 27: 51-54*) ഉടനെ ദേവാലയത്തിലെ തിരശ്ശീല മേൽ തൊട്ട് അടി വരെ രണ്ടായി ചീന്തിപ്പോയി. ഭൂമി കുലുങ്ങി. പാറകൾ പിളർന്നു. ശവക്കല്ലറകൾ തുറക്കപ്പെട്ടു. മരിച്ചുപോയിരുന്ന അനേക വിശുദ്ധന്മാരുടെ ശരീരങ്ങൾ ഉത്ഥാനം ചെയ്തു. അവർ പുറപ്പെടുകയും, അവന്റെ പുനരുത്ഥാനത്തിനു ശേഷം അവർ വിശുദ്ധപട്ടണത്തിൽ പ്രവേശിക്കയും പലർക്കും കാണപ്പെടുകയും ചെയ്തു. യേശുവിനെ കാത്തുകൊണ്ടിരുന്ന ശതാധിപനും കൂടെയുള്ളവരും (ഭൂമി)കുലുക്കവും ഉണ്ടായ (മറ്റു) സംഗതികളും കണ്ടിട്ട് ഏറ്റവും ഭയപ്പെട്ട് 'ഇവൻ സത്യമായിട്ടു ദൈവപുത്രനായിരുന്നു' എന്ന് പറഞ്ഞു. (*ലൂക്കോ. 23: 48*) ഇതു കാണ്മാൻ കൂടിയിരുന്ന ജനങ്ങളെല്ലാം സംഭവിച്ച സംഗതി കണ്ടിട്ട് നെഞ്ചത്തടിച്ചുകൊണ്ട് തിരിച്ചുപോയി.

## സ്ലീബാവന്ദനം

**ലൂക്കോ. 23: 49; മത്താ. 27: 55-56; മർക്കോ. 15: 41; യൂഹാ. 19: 31-37;**

*ഹാ- ഹാ- എന്നുടയാടകളവർ ഭാഗിച്ചു*
*എന്നങ്കിയ്ക്കായ് ചീട്ടിട്ടു. ഹാ-*

(*ലൂക്കോ. 23: 49*) യേശുവിന്റെ പരിചയക്കാരെല്ലാവരും, ദൂരെ നിന്ന് ഇതെല്ലാം നോക്കിക്കൊണ്ടിരുന്നു. (*മത്താ. 27: 55-56*) ഗലീലായിൽനിന്ന് യേശുവിന്റെ പിന്നാലെ വന്നിരുന്നവരും അവനെ പരിചരിച്ചിരുന്നവരുമായി പല സ്ത്രീകളും ദൂരെയിരുന്നു നോക്കുന്നുണ്ടായിരുന്നു. അവരിൽ ഒരുത്തി മഗ്ദലക്കാരി മറിയാമും (മറ്റവൾ) യാക്കൂബിന്റെയും യൌസിയുടെയും മാതാവായ മറിയാമും പിന്നൊരുത്തി സബ്ദായിപുത്രന്മാരുടെ മാതാവും ആയിരുന്നു. (*മർക്കോ. 15: 41*) ശോലൂമും ഊർശ്ലേമിലേക്കു അവനോടുകൂടി പോയവരായ മറ്റു പല സ്ത്രീകളും (അക്കൂട്ടത്തിൽ) ഉണ്ടായിരുന്നു. (*യൂഹാ. 19: 31-37*) അത് വെള്ളിയാഴ്ചയായിരുന്നതുകൊണ്ട് (ശവ)ശരീരങ്ങൾ കുരിശിൽ രാത്രി സ്ഥിതിചെയ്യരുതെന്ന് യീഹൂദന്മാർ പറഞ്ഞു. എന്തെന്നാൽ ശാബത് ആസന്നമായിരുന്നു. ആ ശാബത് മഹാദിനവുമായിരുന്നു. ആകയാൽ അവർ പീലാത്തോസിനോട് ആ കുരിശിൽ തൂക്കപ്പെട്ടവരുടെ മുഴംകാലുകൾ ഒടിച്ചിട്ട് (അതിൽനിന്ന്) ഇറക്കണമെന്നപേക്ഷിച്ചു. അപ്പോൾ പടയാളികൾ ചെന്ന് ആദ്യത്തവന്റെയും, അവനോടുകൂടി കുരിശിൽ തൂക്കപ്പെട്ട മറ്റവന്റെയും മുഴംകാലുകൾ ഒടിച്ചു. യേശുവിന്റെ അടുക്കൽ ചെന്നപ്പോൾ അവൻ മരിച്ചുകഴിഞ്ഞുവെന്ന് കണ്ടിട്ട് മുഴംകാലുകൾ ഒടിച്ചില്ല. എങ്കിലും പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി. ഉടനെതന്നെ രക്തവും വെള്ളവും ഒഴുകി. അതു കണ്ടവനാണ് സാക്ഷ്യം നല്കിയിരിക്കുന്നത്. അവന്റെ സാക്ഷ്യം സത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിന് സത്യം പറഞ്ഞിരിക്കുന്നു എന്ന് അവൻ അറിയുകയും ചെയ്യുന്നു. 'അവന്റെ അസ്ഥി ഒടിക്കപ്പെടുകയില്ല' എന്ന് പറഞ്ഞിട്ടുള്ള തിരുവെഴുത്തിനും- 'അവർ തങ്ങൾ കുത്തിയവനെ നോക്കും' എന്ന് പറഞ്ഞിട്ടുള്ള മറ്റൊരു തിരുവെഴുത്തിനും നിവൃത്തി വരുവാനായിട്ട് ഇവ സംഭവിച്ചു.

# സ്ലീബാവന്ദനം

## *(വേറൊരു വായന)*

**ലൂക്കോ. 22: 63-23: 12; മത്താ. 27: 3-10; മത്താ. 27: 3-10; ലൂക്കോ. 23: 13-23; മത്താ. 27: 24-25; ലൂക്കോ. 23: 24-45; മത്താ. 27: 51-54; യൂഹാ. 19: 23-42; മത്താ. 27: 60**

(*ലൂക്കോ. 22: 63-23: 12*) യേശുവിനെ പിടിച്ച മനുഷ്യർ അവനെ പരിഹസിക്കയും (കണ്ണു) മൂടിയിട്ട്- മുഖത്ത് അടിച്ചുകൊണ്ട് 'നിന്നെ അടിച്ചതാരെന്ന് പ്രവചിക്കുക' എന്ന് പറകയും ചെയ്തു. അവർ മറ്റു പല പ്രകാരത്തിലും അവനെക്കുറിച്ചു നിന്ദിച്ചു പറഞ്ഞു. നേരം വെളുത്തപ്പോൾ കാശീശന്മാരും പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും ഒരുമിച്ചുകൂടി അവനെ തങ്ങളുടെ സംഘാലയത്തിലേക്കു കൊണ്ടുപോയി. അവർ അവനോട് 'നീ മിശിഹാ ആണോ? ഞങ്ങളോടു പറക' എന്ന് പറഞ്ഞു. അവൻ അവരോട് 'ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല. ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം പറകയോ എന്നെ വിട്ടയയ്ക്കയോ ചെയ്കയുമില്ല.ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുഭാഗത്ത് ഇരിക്കും' എന്ന് പറഞ്ഞു. അപ്പോൾ അവരെല്ലാവരും (അവനോട്) 'അങ്ങനെയെങ്കിൽ, നീ ദൈവത്തിന്റെ പുത്രനാണോ' എന്ന് ചോദിച്ചു. യേശു അവരോട് 'ഞാനാണെന്ന് നിങ്ങൾതന്നെ പറയുന്നുവല്ലോ' എന്ന് പറഞ്ഞു. അപ്പോൾ അവർ 'ഇനി സാക്ഷികളെക്കൊണ്ട് നമുക്കെന്താവശ്യം? ഇവന്റെ വായിൽ നിന്നുതന്നെ നാം കേട്ടുവല്ലോ' എന്ന് പറഞ്ഞു. അനന്തരം അവരുടെ കൂട്ടമെല്ലാം എഴുന്നേറ്റ് അവനെ പീലാത്തോസിന്റെ അടുക്കലേക്കു കൊണ്ടുപോയി. ഇവൻ ഞങ്ങളുടെ ജനങ്ങളെ വഞ്ചിക്കയും കേസറിനു തലവരി കൊടുക്കണ്ടായെന്ന് വിലക്കുകയും മിശിഹാരാജാവാണെന്നു സ്വയം പറകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു എന്ന് -അവനിൽ കുറ്റാരോപണം ചെയ്ത്- പറയാൻ തുടങ്ങി. പീലാത്തോസാകട്ടെ അവനോട് 'നീ യഹൂദന്മാരുടെ രാജാവാകുന്നുവോ' എന്ന് ചോദിച്ചു. (യേശു) അവനോട് 'നീ തന്നെ പറഞ്ഞുവല്ലോ' എന്ന് പറഞ്ഞു. (അനന്തരം) പീലാത്തോസ് പ്രധാനാചാര്യന്മാരോടും പുരുഷാരത്തോടും 'ഈ മനുഷ്യനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല' എന്ന് പറഞ്ഞു. അവരാകട്ടെ 'ഇവൻ യഹൂദരിൽ മുഴുവൻ ഉപദേശം നടത്തി ഞങ്ങളുടെ ജനത്തെ ഇളക്കിവിടുന്നു. അത് ഗലീലാ മുതൽ ഇവിടം വരെ (എത്തിയിരിക്കുന്നു')എന്ന് അട്ടഹസിച്ചു പറഞ്ഞു. പീലാത്തോസ് ഗലീലായെന്ന നാമം കേട്ടപ്പോൾ 'ഈ മനുഷ്യൻ ഗലീലാക്കാരനാണോ' എന്ന് ചോദിച്ചു. ഹേറോദേസിന്റെ അധികാരത്തിൽ ഉൾപ്പെട്ടവനാണെന്ന് അറിഞ്ഞപ്പോൾ അവന്റെ അടുക്കലേക്ക് (യേശുവിനെ) അയച്ചു. ഹേറോദേസ് ആ സമയത്ത് ഊർശ്ലേമിൽ ഉണ്ടായിരുന്നു. ഹേറോദേസ് യേശുവിനെ കണ്ടപ്പോൾ വളരെ സന്തോഷിച്ചു. എന്തെന്നാൽ അവനെ കുറിച്ച് പല കാര്യങ്ങളും അയാൾ കേൾക്കുകയും, വല്ല അത്ഭുതങ്ങളും അവനിൽനിന്ന് കാണാമെന്ന് വിചാരിക്കയും ചെയ്ത് വളരെക്കാലമായി അവനെ കാണുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കയായിരുന്നു. അയാൾ യേശുവിനോട് പലതും ചോദിച്ചു. അവൻ ഒന്നും ഉത്തരം പറഞ്ഞില്ല. എന്നാൽ പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും അവനിൽ ഉഗ്രമായി കുറ്റം ചുമത്തിക്കൊണ്ടു നിന്നിരുന്നു. ഹേറോദേസും അയാളുടെ പടയാളികളും നിന്ദിച്ചുകൊണ്ട് ആക്ഷേപമായിട്ട് ചുവപ്പുകുപ്പായം ധരിപ്പിച്ച് പീലാത്തോസിന്റെ അടുക്കലേക്ക് അവനെ തിരിച്ചയച്ചു. അന്നേദിവസം പീലാത്തോസും ഹേറോദേസും തമ്മിൽ സ്നേഹിതന്മാരായിത്തീർന്നു. മുമ്പ് അവർ തമ്മിൽ ശത്രുക്കളായിരുന്നു. (*മത്താ. 27: 3-10*) അപ്പോൾ ഒറ്റുകാരനായ യൂദാ, യേശുവിന്റെ മേൽ കുറ്റം വിധിക്കപ്പെട്ടു എന്ന് കണ്ടിട്ടു

പശ്ചാത്തപിച്ച് പ്രധാനാചാര്യന്മാരുടെയും കാശീശന്മാരുടെയും അടുക്കലേക്ക് ആ മുപ്പതു വെള്ളി(ക്കാശു) തിരിച്ചുകൊണ്ടുപോയി, 'കുറ്റമില്ലാത്ത രക്തത്തെ ഒറ്റികൊടുക്കയാൽ ഞാൻ പാപിയായിതീർന്നിരിക്കുന്നു' എന്ന് പറഞ്ഞു. അപ്പോൾ അവർ അവനോട് 'ഞങ്ങൾക്കെന്താണ്; നീ തന്നെ അറിഞ്ഞുകൊൾക' എന്ന് പറഞ്ഞു. അവൻ ആ വെള്ളി(ക്കാശ്) ദേവാലയത്തിൽ എറിഞ്ഞിട്ട് പോയി തന്നത്താൻ തൂങ്ങിമരിക്കുകയും ചെയ്തു. പ്രധാനാചാര്യന്മാർ ആ വെള്ളി (ക്കാശ്) എടുത്തിട്ട് 'ഇതു രക്തത്തിന്റെ വിലയാകയാൽ ഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല' എന്ന് പറഞ്ഞു. അവർ ആലോചിച്ച് അതു കൊടുത്ത് പരദേശികളുടെ ശവക്കല്ലറയ്ക്കായിട്ട് ഒരു കുശവന്റെ പറമ്പു വാങ്ങിച്ചു. ആയതുകൊണ്ട് ആ പറമ്പിന് ഇന്നുവരെ രക്തനിലം എന്ന് പേർ വിളിക്കപ്പെട്ടിരിക്കുന്നു. 'ഇസ്രായേൽമക്കൾ വില മതിച്ച വിലയേറിയവന്റെ വിലയായ മുപ്പതു വെള്ളി(ക്കാശ്) ഞാൻ എടുത്ത്, കർത്താവ് എന്നോടു കല്പിച്ചപ്രകാരം കുശവന്റെ പറമ്പിന് കൊടുത്തു' എന്ന് (ഏറമിയാ) ദീർഘദർശിയാൽ പറയപ്പെട്ടത് അപ്പോൾ നിവർത്തിയായി. (*മത്താ. 27: 19*) നാടുവാഴി തന്റെ ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ച് 'അവിടത്തേക്ക് ആ പുണ്യവാന്റെ മേൽ കാര്യമില്ല; എന്തെന്നാൽ ഞാൻ ഇന്ന് അവൻ നിമിത്തം സ്വപ്നത്തിൽ വളരെ കഷ്ടതയനുഭവിച്ചിരിക്കുന്നു എന്ന് പറഞ്ഞു. (*ലൂക്കോ. 23: 13-23*) എന്നാൽ പീലാത്തോസ് പ്രധാനാചാര്യന്മാരെയും പ്രമാണികളെയും ജനങ്ങളെയും വിളിച്ച്- ഇപ്രകാരം പറഞ്ഞു: 'നിങ്ങളുടെ ജനങ്ങളെ തെറ്റിക്കുന്നവൻ എന്ന നിലയിൽ ഈ മനുഷ്യനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവന്നുവല്ലോ. ഞാൻ നിങ്ങളുടെ മുമ്പിൽ വച്ച് പരിശോധിച്ചതിൽ നിങ്ങളോരോപിക്കുന്ന ഒരു കുറ്റവും ഈ മനുഷ്യനിൽ കണ്ടില്ല. ഹേറോദേസിന്റെ അടുക്കലേക്കയച്ചതിൽ അദ്ദേഹവും (കാണുകയുണ്ടായില്ല;) ഇതാ മരണാർഹമായ യാതൊന്നും ഇവൻ പ്രവർത്തിച്ചിട്ടില്ല. ആയതുകൊണ്ട് ഞാൻ ഇവനെ ശിക്ഷിച്ചു വിട്ടയയ്ക്കാം.' പെരുന്നാളിൽ ഒരുവനെ മോചിപ്പിക്കുന്ന ഒരു പതിവുണ്ടായിരുന്നു. അപ്പോൾ പുരുഷാരം 'ഇവനെ സംഹരിക്കുക; ബാറാബായെ മോചിപ്പിച്ചുതരിക' എന്ന് വിളിച്ചു പറഞ്ഞു. പട്ടണത്തിലുണ്ടായ കലഹം നിമിത്തവും കൊലപാതകം നിമിത്തവും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവനായിരുന്നു (ബാറാബാ). പീലാത്തോസ് യേശുവിനെ വിട്ടയയ്ക്കണമെന്നാഗ്രഹിച്ചുകൊണ്ട് പിന്നെയും അവരോട് സംസാരിച്ചു. അവരാകട്ടെ 'അവനെ ക്രൂശിക്കുക, ക്രൂശിക്കുക' എന്ന് വിളിച്ചുപറഞ്ഞു. അവൻ മൂന്നാമതും അവരോട് 'ഇവൻ എന്തു ദോഷം ചെയ്തു? മരണയോഗ്യമായ യാതൊരു കുറ്റവും ഞാൻ ഇവനിൽ കണ്ടിട്ടില്ല. അതുകൊണ്ട് ഇവനെ ശിക്ഷിച്ചു വിട്ടയച്ചേക്കാം' എന്ന് പറഞ്ഞു. എന്നാൽ അവർ അവനെ കുരിശിൽ തറപ്പാനായിട്ട് ഉച്ചസ്വരത്തിൽ പിന്നെയുംപിന്നെയും അപേക്ഷിച്ചു. അവരുടെയും പ്രധാനാചാര്യന്മാരുടെയും ശബ്ദം ശക്തിപ്പെട്ടുവന്നു.(*മത്താ. 27: 24-25*) പീലാത്തോസാകട്ടെ ആരവം വർദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാകുന്നില്ലെന്ന് കണ്ടിട്ട് പുരുഷാരത്തിന്റെ മുമ്പിൽ വച്ച് വെള്ളമെടുത്ത് തന്റെ കൈകൾ കഴുകി, 'ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല എന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുവീൻ' എന്ന് പറഞ്ഞു. ജനമാകെ ഉത്തരമായിട്ട് 'അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും (ഇരിക്കട്ടെ)' എന്ന് പറഞ്ഞു. (*ലൂക്കോ. 23: 24-45*) അപ്പോൾ പീലാത്തോസ് 'അവരുടെ അപേക്ഷ നടക്കട്ടെ' എന്ന് കല്പിച്ചിട്ട്-കലഹവും കൊലപാതകവും നിമിത്തം കാരാഗൃഹത്തിൽ ആക്കപ്പെട്ടിരുന്നവനായി അവർ ആവശ്യപ്പെട്ടവനെ അവർക്കു വിട്ടുകൊടുത്തു. യേശുവിനെ അവരുടെ ഹിതത്തിനു വിട്ടുകൊടുക്കയും ചെയ്തു. അവർ യേശുവിനെ കൊണ്ടുപോകുമ്പോൾ ഗ്രാമത്തിൽ നിന്ന് വരുന്ന കൂറിൻകാരൻ ശെമവൂൻ (എന്നൊരുവനെ) പിടിച്ചു. യേശുവിന്റെ പുറകിൽ നിന്ന് താങ്ങുവാൻ തക്ക

വണ്ണം കുരിശ് അവന്റെ മേൽ വച്ചു. അനേക ജനങ്ങളും, മുറയിട്ട് വിലപിച്ചുകൊണ്ട് സ്ത്രീകളും, അവനെ അനുഗമിച്ചു. യേശു അവരുടെ നേരേ തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു: 'ഊർശ്ലേംപുത്രിമാരേ! നിങ്ങൾ എന്നെക്കുറിച്ചു കരയേണ്ട. നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരവിൻ. എന്തെന്നാൽ ഇതാ, വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും കുടിപ്പിക്കാത്ത മുലകൾക്കും ഭാഗ്യം എന്ന് പറയേണ്ടിവരുന്ന ദിവസങ്ങൾ വരുന്നു. അപ്പോൾ പർവ്വതങ്ങളോട് 'ഞങ്ങളുടെമേൽ വീഴുവിൻ എന്നും കുന്നുകളോടു ഞങ്ങളെ മൂടുവിൻ എന്നും നിങ്ങൾ പറഞ്ഞു തുടങ്ങും. പച്ചമരത്തോട് ഇപ്രകാരമാണ് പ്രവൃത്തിയെങ്കിൽ ഉണങ്ങിയതിനോട് എന്തായിരിക്കും?' ദുഷ്കർമ്മികളായ വേറെ രണ്ടാളുകളെകൂടി അവനോടുകൂടി വധിക്കുവാനായിട്ടു കൊണ്ടുപോയിരുന്നു. അനന്തരം അവർ 'തലയോടിടം' എന്ന് പറയപ്പെടുന്ന സ്ഥലത്ത് ചെന്നിട്ട് അവിടെ അവനെയും, വലത്തും ഇടത്തുമായി ആ ദുഷ്കർമ്മികളെയും കുരിശിൽ തറച്ചു. യേശുവാകട്ടെ 'പിതാവേ! ഇവരോടു ക്ഷമിക്കണമേ! എന്തെന്നാൽ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർക്കറിഞ്ഞുകൂടാ' എന്ന് പറഞ്ഞു. അവർ അവന്റെ വസ്ത്രങ്ങളെ നറുക്കിട്ടു നോക്കി വിഭജിക്കയും ചെയ്തു. ജനങ്ങൾ നോക്കിക്കൊണ്ടു നിന്നിരുന്നു. പ്രമാണികൾകൂടിയും അവനെ ആക്ഷേപിച്ചുകൊണ്ട് 'ഇവൻ മറ്റുള്ളവരെ രക്ഷിച്ചുവല്ലോ. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മിശിഹായാകുന്നുവെങ്കിൽ തന്നെത്തന്നെ ഇവൻ രക്ഷിക്കട്ടെ' എന്ന് പറഞ്ഞു. പടയാളികളും അവന്റെ അടുക്കൽ ചെന്ന് ചൊറുക്കാ കൊടുത്തുകൊണ്ട് അവനെ പരിഹസിക്കയും, നീ യഹൂദന്മാരുടെ രാജാവാകുന്നുവെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക' എന്ന് പറകയും ചെയ്തു. 'ഇവൻ യഹൂദന്മാരുടെ രാജാവാകുന്നു' എന്ന് ഗ്രീക്ക്, ലത്തീൻ, എബ്രായ ഭാഷകളിൽ അവനു മുകളിലായി എഴുതപ്പെട്ടിരുന്നു. അവനോടൊരുമിച്ച് കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന ആ ദുഷ്കർമ്മികളിൽ ഒരുവൻ, അവനെ നിന്ദിച്ചുകൊണ്ട് 'നീ മിശിഹായാകുന്നുവെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക' എന്ന് പറഞ്ഞു. അവന്റെ കൂട്ടുകാരൻ അവനെ ശാസിച്ചിട്ട് അവനോട് 'അതേ ശിക്ഷയിൽതന്നെ പെട്ടിരുന്നിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാം യഥായോഗ്യം, പ്രവൃത്തിക്കനുസരണമായി, നീതിപരമായ ശിക്ഷ അനുഭവിച്ചിരിക്കുന്നു. എന്നാൽ ഇവനാകട്ടെ, യാതൊരനീതിയും പ്രവർത്തിച്ചിട്ടില്ല' എന്ന് പറഞ്ഞു. പിന്നെ അവൻ യേശുവിനോട് 'എന്റെ കർത്താവേ! നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർക്കണമേ' എന്ന് പറഞ്ഞു. യേശു അവനോട് 'നീ ഇന്ന് എന്നോടൊരുമിച്ച് പറുദീസായിൽ ഇരിക്കും എന്ന് ഞാൻ സത്യമായിട്ടും നിന്നോടു പറയുന്നു' എന്ന് പറഞ്ഞു. അപ്പോൾ ഏകദേശം ആറു മണിസമയമായിരുന്നു. ഒമ്പതു മണി വരെ ഭൂമി മുഴുവൻ ഇരുളടഞ്ഞു. സൂര്യൻ ഇരുണ്ടു. (*മത്താ. 27: 51-54*) ഉടനെ ദേവാലയത്തിലെ തിരശ്ശീല മേൽ തൊട്ട് അടി വരെ രണ്ടായി ചീന്തിപ്പോയി. ഭൂമി കുലുങ്ങി. പാറകൾ പിളർന്നു. ശവക്കല്ലറകൾ തുറക്കപ്പെട്ടു. മരിച്ചുപോയിരുന്ന അനേക വിശുദ്ധന്മാരുടെ ശരീരങ്ങൾ ഉത്ഥാനവും ചെയ്തു. അവർ പുറപ്പെടുകയും, അവന്റെ പുനരുത്ഥാനത്തിനു ശേഷം അവർ വിശുദ്ധപട്ടണത്തിൽ പ്രവേശിക്കയും അവരെ പലരും കാണുകയും ചെയ്തു. യേശുവിനെ കാത്തുകൊണ്ടിരുന്ന ശതാധിപനും കൂടെയുള്ളവരും (ഭൂമി)കുലുക്കവും ഉണ്ടായ (മറ്റു) സംഗതികളും കണ്ടിട്ട് ഏറ്റവും ഭയപ്പെട്ട് 'ഇവൻ സത്യമായിട്ടു ദൈവപുത്രനായിരുന്നു' എന്ന് പറഞ്ഞു. (*യൂഹാ. 19: 23-42*) പടയാളികളാകട്ടെ യേശുവിനെ കുരിശിൽ തൂക്കിയതിനു ശേഷം അവന്റെ വസ്ത്രങ്ങളെ എടുത്ത് ഓരോരുത്തന് ഓരോ അംശം വീതം നാലായിട്ട് അംശിച്ചു. അവന്റെ അങ്കിയാകട്ടെ തയ്യൽ

കൂടാതെ മുകൾ മുതൽ മുഴുവനും നെയ്ത്തു(തന്നെ) ആയിരുന്നു. അവർ 'നാം ഇതിനെ കീറണ്ട. അത് ആർക്കു കിട്ടണമെന്ന് നറുക്കിടാം' എന്ന് പരസ്പരം പറഞ്ഞു. 'എന്റെ വസ്ത്രങ്ങളെ അവർ പങ്കിട്ടു; എന്റെ അങ്കിക്കു നറുക്കിടുകയും ചെയ്തു' എന്ന് പറഞ്ഞിട്ടുള്ള തിരുവെഴുത്ത് (ഇങ്ങനെ) നിവർത്തിയായി. പടയാളികൾ അപ്രകാരം പ്രവർത്തിക്കയും ചെയ്തു. യേശുവിന്റെ കുരിശിനരികെ അവന്റെ മാതാവും മാതൃസഹോദരിയും ക്ലേയോപ്പാ മറിയാമും മഗ്ദലക്കാരി മറിയാമും നിന്നിരുന്നു. യേശു തന്റെ മാതാവും പ്രിയപ്പെട്ട ശിഷ്യനും (അടുക്കൽ) നിൽക്കുന്നതു കണ്ടിട്ട് സ്വമാതാവിനോട് 'സ്ത്രീയേ! ഇതാ അവിടത്തെ പുത്രൻ' എന്ന് പറഞ്ഞു. പിന്നെ അവൻ ആ ശിഷ്യനോട് 'അതാ നിന്റെ മാതാവ്' എന്നും പറഞ്ഞു. ആ നാഴിക (മുതൽ) ആ ശിഷ്യൻ അവരെ തന്റെ (ഭവനത്തിൽ) കൈക്കൊള്ളുകയും ചെയ്തു. അനന്തരം യേശു സകലവും നിവർത്തിതമായി എന്നറിഞ്ഞിട്ട് തിരുവെഴുത്തു നിവർത്തിക്കപ്പെടുവാൻ വേണ്ടി 'എനിക്കു ദാഹിക്കുന്നു' എന്ന് പറഞ്ഞു. (അവിടെ) ഒരു പാത്രം ചൊറുക്കാ നിറച്ചു വച്ചിട്ടുണ്ടായിരുന്നു. അവർ ഒരു സ്പോഞ്ച് ചൊറുക്കായിൽ മുക്കി 'സോപ്പാ' കോലിൽ വച്ച് അവന്റെ വായോട് അടുപ്പിച്ചു. യേശുവാകട്ടെ ചൊറുക്കാ സ്വീകരിച്ചശേഷം 'നിവർത്തിയായിരിക്കുന്നു' എന്ന് പറഞ്ഞിട്ട് തല ചായ്ച്ച് പ്രാണനെ ത്യജിച്ചു. അത് വെള്ളിയാഴ്ചയായിരുന്നതുകൊണ്ട് (ശവ)ശരീരങ്ങൾ കുരിശിൽ രാത്രി സ്ഥിതിചെയ്യരുതെന്ന് യഹൂദന്മാർ പറഞ്ഞു. എന്തെന്നാൽ ശാബത് ആസന്നമായിരുന്നു. ആ ശാബത് മഹാദിനവുമായിരുന്നു. ആകയാൽ അവർ പീലാത്തോസിനോട് ആ കുരിശിൽ തൂക്കപ്പെട്ടവരുടെ മുഴംകാലുകൾ ഒടിച്ചിട്ട് (അതിൽനിന്ന്) ഇറക്കണമെന്നപേക്ഷിച്ചു. അപ്പോൾ പടയാളികൾ ചെന്ന് ആദ്യത്തവന്റെയും, അവനോടുകൂടി കുരിശിൽ തൂക്കപ്പെട്ട മറ്റവന്റെയും മുഴംകാലുകൾ ഒടിച്ചു. യേശുവിന്റെ അടുക്കൽ ചെന്നപ്പോൾ അവൻ മരിച്ചുകഴിഞ്ഞുവെന്ന് കണ്ടിട്ട് മുഴംകാലുകൾ ഒടിച്ചില്ല. എങ്കിലും പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി. ഉടനെതന്നെ രക്തവും വെള്ളവും ഒഴുകി. അതു കണ്ടവനാണ് സാക്ഷ്യം നല്കിയിരിക്കുന്നത്. അവന്റെ സാക്ഷ്യം സത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിന് സത്യം പറഞ്ഞിരിക്കുന്നു എന്ന് അവൻ അറിയുകയും ചെയ്യുന്നു. 'അവന്റെ അസ്ഥി ഒടിക്കപ്പെടുകയില്ല' എന്ന് പറഞ്ഞിട്ടുള്ള തിരുവെഴുത്തിനും, 'അവർ തങ്ങളാൽ കുത്തപ്പെട്ടവനെ നോക്കും' എന്ന് പറഞ്ഞിട്ടുള്ള മറ്റൊരു തിരുവെഴുത്തിനും നിവൃത്തി വരുവാനായിട്ട് ഇവ സംഭവിച്ചു. അനന്തരം യഹൂദന്മാരിലുള്ള ഭയം നിമിത്തം രഹസ്യമായി യേശുവിനു ശിഷ്യപ്പെട്ടിരുന്ന റൊംതോക്കാരൻ യൌസേപ്പ് യേശുവിന്റെ ശരീരത്തെ എടുക്കുവാൻ അനുവാദത്തിനു പീലാത്തോസിനോട് അപേക്ഷിച്ചു. പീലാത്തോസ് അനുവദിച്ചു. അവൻ ചെന്ന് യേശുവിന്റെ ശരീരം എടുക്കുകയും ചെയ്തു. മുമ്പ് രാത്രിയിൽ യേശുവിന്റെ അടുക്കൽ ചെന്നവനായ നീക്കോദീമോസും ചെന്നു. അവൻ മൂറായും അൽവായും ചേർന്ന നൂറു റാത്തലോളം സുഗന്ധക്കൂട്ടും കൊണ്ടുചെന്നിരുന്നു. അവർ യേശുവിന്റെ ശരീരം എടുത്ത് യീഹൂദന്മാരുടെ ശവസംസ്കാരക്രമമനുസരിച്ച് സുഗന്ധവർഗ്ഗങ്ങളോടുകൂടി കെത്തോനൊ ശീലകൾകൊണ്ട് മൂടി പൊതിഞ്ഞു. യേശുവിനെ കുരിശിൽ തൂക്കിയ സ്ഥലത്ത് ഒരു തോട്ടവും ആ തോട്ടത്തിൽ അന്നുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്തതായ ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. ശാബത് ആരംഭിക്കാറായിരുന്നതുകൊണ്ടും ആ കല്ലറ സമീപസ്ഥമായിരുന്നതുകൊണ്ടും അവർ യേശുവിനെ അതിൽ വച്ചു. (*മത്താ. 27: 60*) കല്ലറയുടെ വാതില്ക്കൽ ഒരു വലിയ കല്ല് ഉരുട്ടിവച്ചിട്ടു പോകയും ചെയ്തു.

# അറിയിപ്പിന്റെ ശനിയാഴ്ച

## സന്ധ്യ

**മർക്കോ. 15: 42-43; മത്താ. 27: 57; ലൂക്കോ. 23: 50; യൂഹാ. 19: 38; ലൂക്കോ. 23: 51; മർക്കോ. 15: 43 -46; യൂഹാ. 19: 39-41; യൂഹാ. 19: 41-42; മത്താ. 27: 60; ലൂക്കോ. 23: 54-56**

*ഹാ- ഹാ- കബറിലുറങ്ങും ഹതരെപ്പോലെ*
*മൃതരുടെ മദ്ധ്യേ സ്വാതന്ത്ര്യസൂതൻ. ഹാ-*

(*മർക്കോ. 15: 42-43*) ശാബതിനു മുമ്പുള്ള വെള്ളിയാഴ്ച സന്ധ്യയായപ്പോൾ (*മത്താ. 27: 57*) റോംതാക്കാരൻ യൌസേപ്പ് എന്ന് പേരുള്ള ധനവാനായ ഒരു മനുഷ്യൻ വന്നു. (*ലൂക്കോ. 23: 50*) അയാൾ യീഹൂദിലെ റൊംതാ പട്ടണക്കാരനും ഉത്തമനും മന്ത്രിയും നീതിമാനും (*യൂഹാ. 19: 38*) യീഹൂദന്മാരിലുള്ള ഭയം നിമിത്തം രഹസ്യമായി യേശുവിനു ശിഷ്യപ്പെട്ടിരുന്നവനും (ആയിരുന്നു). (*ലൂക്കോ. 23: 51*) അവരുടെ ഇഷ്ടത്തിനും പ്രവൃത്തിക്കും ചേരാതെ (*മർക്കോ. 15: 43-46*) ദൈവരാജ്യത്തിനുവേണ്ടി കാത്തിരുന്നവനും ആയ യൌസേഫ് ചെന്ന് ധൈര്യത്തോടുകൂടി പീലാത്തോസിന്റെ സമക്ഷത്തിൽ പ്രവേശിച്ച് യേശുവിന്റെ ശരീരത്തിന് ആവശ്യപ്പെട്ടു. എന്നാൽ പീലാത്തോസ് (യേശു) ഇത്ര വേഗം മരിച്ചുവോ എന്ന് ആശ്ചര്യപ്പെട്ടിട്ട് ശതാധിപനെ വിളിച്ചുചോദിച്ചു: 'സമയത്തിനു മുമ്പുതന്നെ അവൻ മരിച്ചുവോ?' (വിവരം) അറിഞ്ഞിട്ട് അദ്ദേഹത്തിന്റെ ശരീരം യൌസേപ്പിനു കൊടുത്തു. യൌസേപ്പ് കേത്താനാ തുണി വിലയ്ക്കു വാങ്ങി കൊണ്ടുവന്ന് അവനെ ഇറക്കി അതുകൊണ്ട് ചുറ്റിപ്പൊതിഞ്ഞു (*യൂഹാ. 19: 39-41*) മുമ്പ് രാത്രിയിൽ യേശുവിന്റെ അടുക്കൽ ചെന്നവനായ നീക്കോദീമോസും ചെന്നു. അവൻ മൂറായും അൽവായും ചേർന്ന നൂറു റാത്തലോളം സുഗന്ധക്കൂട്ടും കൊണ്ടുചെന്നിരുന്നു. അവർ യേശുവിന്റെ ശരീരം എടുത്ത് യീഹൂദന്മാരുടെ ശവസംസ്കാരക്രമമനുസരിച്ച് സുഗന്ധവർഗ്ഗങ്ങളോടുകൂടി കെത്താനാ ശീലകൾകൊണ്ട് മൂടി പൊതിഞ്ഞു. യേശുവിനെ കുരിശിൽ തൂക്കിയ സ്ഥലത്ത് ഒരു തോട്ടവും ആ തോട്ടത്തിൽ അന്നുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്തതായ ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. (*മത്താ. 27: 60*) കല്ലിൽ കുത്തി കുഴിക്കപ്പെട്ടതായ അവന്റെ വക പുതിയ കല്ലറയിൽ നിക്ഷേപിച്ചു. (*യൂഹാ. 19: 41-42*) അന്നുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറ ആയിരുന്നു. ശാബത് ആരംഭിക്കാറായിരുന്നതുകൊണ്ടും ആ കല്ലറ സമീപസ്ഥമായിരുന്നതുകൊണ്ടും അവർ യേശുവിനെ അതിൽ വച്ചു. (*മത്താ. 27: 60*) കല്ലറയുടെ വാതില്ക്കൽ ഒരു വലിയ കല്ല് ഉരുട്ടിവച്ചിട്ടു പോകയും ചെയ്തു. (*ലൂക്കോ. 23: 54-56*) അത് വെള്ളിയാഴ്ച ദിവസമായിരുന്നു. ശാബത് ആസന്നമായുമിരുന്നു. ഗ്ലീലായിൽനിന്ന് അവനെ അനുഗമിച്ചവരായ സ്ത്രീകൾ അടുത്തുണ്ടായിരുന്നു. അവർ കല്ലറയും അവന്റെ ശരീരം നിക്ഷേപിച്ച സ്ഥലവും കണ്ടു. അവർ മടങ്ങിച്ചെന്ന് സുഗന്ധവർഗ്ഗങ്ങളും പരിമളദ്രവ്യങ്ങളും തയ്യാർ ചെയ്തു. കല്പനയനുസരിച്ച് ശാബതിൽ സ്വസ്ഥമായിരിക്കയും ചെയ്തു.

## ശനിയാഴ്ച പ്രഭാതം

**വി. മത്തായി 27:62-66**

*ഹാ- ഹാ- പാതാളതലം പൂകി മമ ജീവൻ*
*ഞാൻ കബറിലുറങ്ങുന്നോരെപ്പോലായി. ഹാ-*

വെള്ളിയാഴ്ച കഴിഞ്ഞ് പിറ്റേ ദിവസം പ്രധാനാചാര്യന്മാരും പരീശന്മാരും പീലാത്തോസിന്റെ അടുക്കൽ ചെന്നുകൂടി അവനോട് 'പ്രഭോ! ആ വഞ്ചകൻ ജീവിച്ചിരിക്കുമ്പോൾ മൂന്നു ദിവസം കഴിഞ്ഞിട്ടു താൻ ഉയിർക്കുമെന്ന് പറഞ്ഞതായി ഞങ്ങൾ ഓർക്കു

ന്നു. അതുകൊണ്ട് അവന്റെ ശിഷ്യന്മാർ വന്നു രാത്രിയിൽ മോഷ്ടിച്ചിട്ട് 'മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തു' എന്ന് ജനത്തോടു പറയുകയും, ഒടുവിലത്തെ വഞ്ചന ആദ്യത്തേതിനെക്കാൾ ദോഷകരമായി തീരുകയും ചെയ്യും. അതു സംഭവിക്കാതിരിക്കുവാൻ മൂന്നു ദിവസം വരെ കല്ലറ (ഭദ്രമായി) സൂക്ഷിക്കുവാൻ കല്പന കൊടുക്കുക' എന്ന് പറഞ്ഞു. പീലാത്തോസ് അവരോട് 'നിങ്ങൾക്കു കാവൽക്കാരുണ്ടല്ലോ. നിങ്ങൾ പോയി നിങ്ങൾക്കറിയാവുന്നവിധം സൂക്ഷിച്ചുകൊൾവിൻ' എന്ന് പറഞ്ഞു. എന്നിട്ട് അവർ കല്ലറയെ സൂക്ഷിക്കയും കാവൽക്കാരോടുകൂടി ആ കല്ലിന് മുദ്ര വെയ്ക്കയും ചെയ്തു.

## ശനിയാഴ്ച വി. കുർബ്ബാന

സന്ധ്യയുടെ വായന തന്നെ

## ശുബ്ക്കോനോ ക്രമം

**വി. മത്തായി 18:12-22**

*ഹാ- ഹാ- തൻ പിഴകൾക്കായ് പൊറുതി ലഭിച്ചോൻ,*
*പാപത്തിനു മോചനമതുമാർന്നോൻ ധന്യൻ. ഹാ-*

നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരുവന് നൂറു ആടുകൾ ഉണ്ടായിരിക്കേ അവയിൽ ഒന്ന് വഴി തെറ്റിപ്പോയാൽ തൊണ്ണൂറ്റൊമ്പതിനെയും മലയിൽ വിട്ടിട്ട് അവൻ പോയി ആ തെറ്റിപ്പോയതിനെ അന്വേഷിക്കുന്നില്ലയോ? അതിനെ കണ്ടുകിട്ടിയാൽ തെറ്റിപ്പോകാത്ത തൊണ്ണൂറ്റൊമ്പതിനെക്കാളും അധികം അതിനെക്കുറിച്ച് അവൻ സന്തോഷിക്കുമെന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ഇപ്രകാരംതന്നെ ഈ ചെറിയവരിൽ ഒരുവൻ നശിച്ചുപോകുക എന്നത് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് ഇഷ്ടമല്ല. നിന്റെ സഹോദരൻ നിന്നോടു കുറ്റം ചെയ്താൽ നീ ചെന്ന് നീയും അവനും മാത്രമായിരിക്കുമ്പോൾ അവനു കുറ്റബോധം നൽകുക. അവൻ നിന്നെ അനുസരിച്ചുവെങ്കിൽ സ്വന്തസഹോദരനെ നീ നേടിക്കഴിഞ്ഞു. അവൻ നിന്നെ അനുസരിച്ചില്ലെങ്കിൽ രണ്ടോ മൂന്നോ സാക്ഷികളുടെ വാക്കിന്മേൽ സകല വചനവും സ്ഥിരപ്പെടുമെന്നതിനാൽ ഒന്നോ രണ്ടോ പേരെ നിന്നോടു കൂട്ടിക്കൊൾക. അവരെയും അവൻ അനുസരിക്കുന്നില്ലെങ്കിൽ സഭയോടു പറയുക. സഭയെയും അനുസരിക്കയില്ലെങ്കിൽ അവൻ നിനക്കു ചുങ്കക്കാരനെപ്പോലെയും വിജാതിയനെപ്പോലെയും ആയിത്തീരട്ടെ. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടതായിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ രണ്ടു പേർ ഭൂമിയിൽ ഏതൊരു കാര്യത്തെക്കുറിച്ചും യാചിപ്പാൻ ഏകമനസ്സുള്ളവരായാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്ന് അത് അവർക്കു ലഭിക്കും. എന്തെന്നാൽ എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ എവിടെ കൂടിയിരിക്കുന്നുവോ അവിടെ അവരുടെ ഇടയിൽ ഞാനും ഉണ്ട്. അപ്പോൾ കീപ്പാ അടുത്തു ചെന്ന് അവനോട് 'എന്റെ കർത്താവേ! എന്റെ സഹോദരൻ എന്നോടു കുറ്റം ചെയ്താൽ ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യം വരെയോ' എന്ന് ചോദിച്ചു. യേശു അവനോട് 'ഏഴെഴു വീതം എഴുപത് പ്രാവശ്യം വരെ എന്നല്ലാതെ ഏഴു വരെ എന്നല്ല ഞാൻ നിന്നോടു പറയുന്നത്' എന്ന് പറഞ്ഞു.